# മലയാളരാജ്യം ആഴ്ചപ്പതിപ്പ്



# THE MALAYALA RAJYAM ILLUSTRATED WEEKLY

Vol. XXIII - No. 120. 6th November 1950

സിനിമാപംക്തി:—

# സ്വർണ്ണലത

—:*:—

ഇന്ത്യയും പാകിസ്ഥാനും രണ്ടായതോടു കൂടി കുറെ മുസ്ലീം ഡയറക്ടറന്മാരും നടീനടന്മാരും നിർമ്മാതാക്കളും പാകിസ്ഥാനിലേക്കു താമസം മാറുകയുണ്ടായി. അക്കൂട്ടത്തിലാണ് സുപ്രസിദ്ധ സിനിമാനടിയായ സ്വർണ്ണലത പാകിസ്ഥാനിലേക്കുപോയത്. കലാകാരന്മാർ ലോകത്തിന്റെ പൊതുസ്വത്തുക്കളായതുകൊണ്ടു രാഷ്ട്രീയമായ അതിരുകൾ അവരുടെ സേവനങ്ങളെ ബാധിക്കണമെന്നു നിർബന്ധവുമില്ലല്ലോ.

ചുരുങ്ങിയ കാലയളവിൽ ചലച്ചിത്രലോകത്തു് അനശ്വരയശസ്സു ആർജ്ജിക്കുവാൻ കഴിഞ്ഞിട്ടുള്ള ഒരു അഭിനേത്രിയാണ് സ്വർണ്ണലത. അഭിനയവൈദഗ്ദ്ധ്യവും നൃത്തനൈപുണ്യവും ആകാരസൗഷ്ഠവവുമാണ് സ്വർണ്ണലതയുടെ വിജയത്തിനു സഹായിച്ചിട്ടുള്ള ഘടകങ്ങൾ. സ്വർണ്ണലത ഒരു പാടുന്ന താരമല്ല. അവൾക്കുവേണ്ടി ചിത്രങ്ങളിൽ പാടുന്നതു്, സോറാ, ഷംഷാദ്ബീഗം, ലതാമങ്കേഷ്ക്കർ തുടങ്ങിയ പിന്നണി ഗായികകളാണ്. കടംവാങ്ങിയ ശബ്ദമാധുര്യംകൊണ്ടുമാത്രമാണ് അവർ വെള്ളിത്തിരയിൽ ഒരു ഗായികയായി പ്രത്യക്ഷപ്പെടുന്നതു്. പക്ഷെ ആ നടിയുടെ അഭിനയവൈദഗ്ദ്ധ്യത്തെ ആർക്കും അവഗണിക്കുന്നതിനു നിവൃത്തിയില്ല. വളരെ ചുരുക്കംചില നടികൾക്കുമാത്രം സിദ്ധിച്ചിട്ടുള്ള കലാവൈദഗ്ദ്ധ്യത്തോടുകൂടിയാണു സ്വർണ്ണലത അവരുടെ ഓരോ ചിത്രങ്ങളിലും അഭിനയിച്ചിട്ടുള്ളതും. കാസ്റ്റുയിൽതന്നെ കഥാനായികയുടെ ഭാഗം അഭിനയിക്കുന്നതിനു് അനുയോജ്യമായ, ആകർഷണീയമായ ആകാരസൗഷ്ഠവത്തോടുകൂടിയ സ്വർണ്ണലത സാധാരണയായി പ്രധാനഭാഗങ്ങളിലാണ് അധികവും അഭിനയിക്കാറുള്ളതും.

റാവിൽപിണ്ടിയിലുള്ള ഒരു സാധാരണ കുടുംബത്തിൽ സ്വർണ്ണലത 1922-ൽ ജനിച്ചു. ആ ബാലികയുടെ കുടുംബവും സംഗീതകലയുമായി യാതൊരു ബന്ധവുമില്ല. ചെറുപ്പത്തിൽതന്നെ സ്വർണ്ണലത സുകുമാരകലകളോടു് അഭിനിവേശം പ്രദർശിപ്പിച്ചിരുന്നു. വിദ്യാലയങ്ങളിൽ നടത്തിയിരുന്ന നാടകങ്ങളിൽ അവർ തന്മയത്വമായി അഭിനയിക്കുകയും ചെയ്തിരുന്നു. കെയിംബ്രിഡ്ജ് സീനിയർപരീക്ഷയിൽ വിജയംനേടിയിട്ടു നൃത്തഗീതാദികളിൽ ഉപരിപരിശീലനംനടത്തുന്നതിനായി ലക്നൗവിലെ മ്യൂസിക്കാളേജിൽ ചേർന്നു. പ്രസ്തുത കലാശാലയിൽനിന്നു അവർ ബിരുദങ്ങൾ സമ്പാദിക്കുകയുംചെയ്തു. സ്വർണ്ണലത ഒരു സിനിമാതാരമായിത്തീരുന്നതു ബന്ധുജനങ്ങൾക്കു ഹിതകരവുമായിരുന്നില്ല. എങ്കിലും അവരുടെ നിർബന്ധത്തിനു സ്വന്തക്കാരും ബന്ധുക്കളും വഴങ്ങിക്കൊടുക്കുകയുണ്ടായി. ഒടുവിൽ പൂനായിലെ "സരസ്വതി" സിനിട്ടോൺ കമ്പനിയിൽ അവർ ഒരു നടിയായിച്ചേർന്നു. 1942-ൽ "ആവംസ്" എന്ന ചിത്രത്തിൽ ആദ്യമായി അഭിനയിച്ചു. അഭിനയത്തിൽ അവൾക്ക് പറയത്തക്ക പരാജയമൊന്നും സംഭവിച്ചില്ല. അതിനുശേഷം ചലച്ചിത്രങ്ങളുടെ "മെക്കാപ്പട്ടണം" ആയ ബോംബെയിലേക്കു സ്വർണ്ണലത താമസംമാറി. അവിടെ അവൾക്കു കലാപരമായ ജീവിതത്തിനു അനുകൂലമായ സാഹചര്യങ്ങൾ സിദ്ധിച്ചു. ബോംബെയിൽവെച്ചു "തസ്വീർ" എന്നൊരു ചിത്രത്തിൽ അഭിനയിക്കുകയും പുതിയതാരമായ സ്വർണ്ണലതയ്ക്കു വലിയ സ്വീകരണം ലഭിക്കുകയും ചെയ്തു. തുടർന്നു "ഇഷാര" എന്ന ചിത്രത്തിൽ പൃഥ്വീരാജിനോടുകൂടി സ്വർണ്ണലത അഭിനയിക്കുകയുണ്ടായി. അതിനുശേഷം സ്വർണ്ണലത "രത്തൻ" "ലൈലാമജ്നു" തുടങ്ങിയ ചിത്രങ്ങളിൽ പ്രത്യക്ഷപ്പെട്ടു. രത്തനിലും ലൈലാമജ്നുവിലുമാണ് സ്വർണ്ണലതയുടെ അഭിനയസാമർത്ഥ്യം പരമാവധി പ്രകടമായിട്ടുള്ളതു്. ശോകരംഗങ്ങളിലാണ് ആ നടി കൂടുതൽ ശോഭിക്കുന്നതു്. ധനസഹായമോ ആൾസ്വാധീനമോ അല്ല പ്രത്യുത പരാജയബോധമില്ലാത്ത അവിശ്രമപരിശ്രമം ഒന്നുമാത്രമാണ് സ്വർണ്ണലതയെ ഇന്നത്തെ നിലയിലേക്കു ഉയർത്തിയിട്ടുള്ളതു്.

ദാമ്പത്യജീവിതത്തെസംബന്ധിച്ചു സ്വർണ്ണലതയ്ക്കു ചില കുഴപ്പങ്ങളെല്ലാം സംഭവിച്ചിട്ടുണ്ട്. അവരുടെ പ്രഥമഭർത്താവു് ഒരു അഭിനേതാവായ "നസീറാണ്." കുറച്ചുകാലത്തെ ജീവിതത്തിനുശേഷം അവർ നസീറിനെ ഉപേക്ഷിച്ചു ബില്ലിമോറിയായെ ഭർത്താവായി സ്വീകരിച്ചു. താമസംവിനാ ആ ബന്ധവും തകരുകയുണ്ടായി. ഏതായാലും അവരുടെ വ്യക്തിജീവിതത്തിലെ തകരാറുകളിലേക്കു എന്തിനു ചുഴിഞ്ഞിറങ്ങണം, കലാപരമായ കഴിവുകളെയാദരിക്കുകയും ആസ്വദിക്കുകയും ചെയ്താൽമതിയല്ലോ.

സ്വർണ്ണലത ചലച്ചിത്രവേദിക്കു വിലമതിക്കാനാവാത്ത ഒരു നേട്ടമാണ്. അവർ സംസ്കാരസമ്പന്നയും സൗന്ദര്യസമ്പന്നയുമാണ്. ആഡംബരജീവിതം നയിക്കുന്നതിൽ അവൾക്കു വലിയഭ്രമവുമുണ്ട്. അഭിനയം ഒരു കലയാണെന്നു വിശ്വസിക്കുന്ന സ്വർണ്ണലത അതിൽവിജയംനേടുന്നതിനു ഏതു ത്യാഗവും അനുഷ്ഠിക്കുവാൻ സന്നദ്ധയുമാണ്. ഇന്ത്യൻ ചലച്ചിത്രവേദിക്കു അവരുടെ സേവനങ്ങൾ നഷ്ടപ്പെട്ടിരിക്കുകയാണെങ്കിലും പകിസ്ഥാനിലെ ചിത്രങ്ങൾക്കെങ്കിലും അവരുടെ സേവനങ്ങൾ പ്രയോജനപ്പെടട്ടെ.

—o—

## വാർത്തകൾ

—o—

"കേരളകേസരി" എന്ന മലയാളചലച്ചിത്രത്തിന്റെ നിർമ്മാണം സ്റ്റാർ കമ്പൈൻസ് സ്റ്റുഡിയോവിൽ ത്വരിതമായി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. കേരളകേസരിയുടെ തമിഴ് പതിപ്പിന്റെ പേർ "പാഞ്ചാലീശപഥം" എന്നാണ്. ഈ ചിത്രത്തിന്റെ മലയാളം പതിപ്പു ഡിസംബറിൽ പ്രദർശിപ്പിച്ചു തുടങ്ങുന്നതാണ്.

*　*　*

എൻ. പി. ചെല്ലപ്പൻനായരുടെ "ശശികല"യെ ആസ്പദമാക്കി ഒരു മലയാള ചലച്ചിത്രം നിർമ്മിക്കുവാൻ ജീയാപിക്ചേഴ്സും എ. വി. എം. കമ്പനിക്കാരുംകൂടി തീരുമാനിച്ചിരിക്കുന്നു.

*　*　*

കുമാരി വൈജയന്തിമാലയുടെ സകലവിധമായ രക്ഷാകർത്തൃത്വവും അവരുടെ അപ്പനായ മി. എം. ഡി രാമൻ നൽകിക്കൊണ്ടു മദ്രാസ് ഹൈക്കോടതി വിധിപ്രസ്താവിച്ചിരിക്കുന്നു. അപ്പനല്ല അമ്മയാണു മൈനറിന്റെ രക്ഷാകർത്തൃത്വം വഹിക്കേണ്ടതെന്നായിരുന്നു വസുന്ധരാദേവിയുടെ ഹർജി. അതു കോടതി തള്ളിക്കളഞ്ഞു. വൈജയന്തിമാലയുടെ സ്വത്തുക്കളുടെ മാനേജരായി ഒരു അഡ്വക്കേറ്റിനെ നിയമിച്ചിരുന്നതിനെതിരായി മി: രാമൻ കൊടുത്തിരുന്ന അപ്പീൽ കോടതി അനുവദിക്കുകയാണുണ്ടായതു്. അപ്പനും അമ്മയും തമ്മിൽ അസുഖമുണ്ടെന്നു കരുതി മകളുടെ രക്ഷാകർത്തൃത്വം അപ്പനിൽനിന്നു അമ്മയിലേക്കു മാറ്റേണ്ടെന്നാണു കോടതിയുടെ തീരുമാനം.

*　*　*

മദ്രാസ് സംസ്ഥാനം മുഴുവനും പ്രദർശനം തടഞ്ഞിട്ടുള്ള "ലക്ഷ്മമ്മകഥ" എന്ന തെലുങ്കുചിത്രം 'പുനർസെൻസറിംഗ്' ചെയ്യുന്നതിനു മദ്രാസു ഹൈക്കോടതി ഉത്തരവു പുറപ്പെടുവിച്ചിരിക്കുന്നു.

*　*　*

സിനിമാനടിയായ ടി. ആർ. രാജകുമാരി മദ്രാസ് ത്യാഗരാജനഗറിൽ ഏറ്റവും പരിഷ്കൃതമായ രീതിയിൽ നിർമ്മിച്ചിരിക്കുന്ന തിയേറ്ററിന്റെ ഉൽഘാടനം ജെമിനി ഉടമസ്ഥനായ മി: എസ്സ്. എസ്സ്. വാസൻ നിർവഹിച്ചിരിക്കുന്നു. "ദിഗംബരസ്വാമിയാർ" എന്ന ചിത്രമാണ് രാജകുമാരിതിയേറ്ററിൽ ആദ്യമായി പ്രദർശിപ്പിച്ചതു്.

*　*　*

"മംഗള" എന്ന ചിത്രം ഹിന്ദിയിലും തമിഴിലും തെലുങ്കിലും ജെമിനി സ്റ്റുഡിയോവിൽ മി: വാസന്റെ നേതൃത്വത്തിൽ നിർമ്മിച്ചുകൊണ്ടിരിക്കുന്നു. ഹിന്ദിപതിപ്പിൽ എൽ. നാരായണറാവുവും ഹിന്ദീനടന്മാരായ ഡേവിഡും ആഗയും അഭിനയിക്കുന്നുണ്ട്. തെലുങ്കുപതിപ്പിൽ ടി. ആർ. രാമചന്ദ്രനും, സൂര്യപ്രഭയും കളത്തുമണിയുമാണ്. രഞ്ജനും ഭാനുമതിയുമാണ് ഈ ചിത്രത്തിൽ പ്രധാനഭാഗങ്ങളിൽ അഭിനയിക്കുന്നതു്.

*　*　*

"ഓർഇരവു്" എന്ന എം. വി. എം. കമ്പനിക്കാരുടെ ചിത്രത്തിന്റെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

*　*　*

സുപ്രസിദ്ധ സിനിമാനടനായ മസ്ഹർ ഖാൻ ഇക്കഴിഞ്ഞ സെപ്തംബർ 24-ാംതീയതി ചരമമടഞ്ഞിരിക്കുന്നു.

*　*　*

വർമ്മാ ഫിലിംസിന്റെ "ബാദൽ" എന്ന ചിത്രം ബോംബെയിൽ നിർമ്മാണം ആരംഭിച്ചിരിക്കുന്നു. ഈ ചിത്രത്തിൽ നായികയായി അഭിനയിക്കുന്ന മധുബാലയ്ക്കു് ഒരു ലക്ഷം രൂപാ പ്രതിഫലംനൽകുന്നുണ്ട്.

*　*　*

ന്യൂഡെൽഹിയിലെ ഫിലിം ഡിസ്ട്രിബ്യൂട്ടേഴ്സിന്റെ ഫിലിംസംഭരണശാലയ്ക്കു തീപിടിച്ചതിന്റെഫലമായി 3550000 രൂപാ നഷ്ടമുണ്ടെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു.

*　*　*

നളിനി കർണ്ണ, ജയ്വന്ത്, പ്രേംനാഥ്, യശോധരകാട്ജു നവാബ് എന്നിവർ അഭിനയിക്കുന്ന "നവ്ജവാന്റെ" നിർമ്മാണം പൂർത്തിയായിരിക്കുന്നു. സംഗീതം എസ്. ഡി. വർമ്മൻ; ഡയറക്ഷൻ രാമശങ്കർ. ഈ ചിത്രം കർദാർ സ്റ്റുഡിയോവിലാണു നിർമ്മിച്ചതു്. "ഇന്ദ്രനീലം", "ദിൽ-ഏ-നദൻ" എന്നീചിത്രങ്ങളും കർദാർ സ്റ്റുഡിയോവിൽ അടുത്തതായി നിർമ്മിക്കുന്നതു്.

*　*　*

ശശികല, ശാന്തി മോധക് തുടങ്ങിയവർ അഭിനയിച്ച 'സംസാരം' എന്ന രഞ്ജിത് സ്റ്റുഡിയോക്കാരുടെ ചിത്രം ഇന്ത്യയുടെ നാനാഭാഗങ്ങളിലും പ്രേക്ഷകരെ ആകർഷിച്ചുകൊണ്ടിരിക്കുന്നു.

*　*　*



ഒരു സ്കോട്ടിഷ്സേനാവിഭാഗം അവരുടെ "ബാഗ്പൈപ്പ്" ഊതിക്കൊണ്ടു് സമരരംഗത്തിലേക്കു മാർച്ചുചെയ്യുന്നു. ഐക്യരാഷ്ട്രസേനയുടെ കാമൺവെൽത്തുവിഭാഗത്തിലുൾപ്പെട്ടതാണ് ഈ റെജിമെന്റ്.

കർദാറും നൗഷാദുംചേർന്ന് മ്യൂസിക്കൽപിക്ചേഴ്സ് എന്ന പേരിൽ ഒരു പുതിയ കമ്പനി സമാരംഭിച്ചിരിക്കുന്നു. "ജാദുവും" "ദസ്തനും" ആണ് മ്യൂസിക്കൽപിക്ചേഴ്സ് ആദ്യമായി നിർമ്മിക്കുന്നതു്. ജാദുവിൽ "നളിനിജയ്വന്ത്" സുരേഷ് ശ്യാംകുമാർ എന്നിവരും ദസ്തനിൽ സുറയ്യാ, രാജകപൂർ, സുരേഷ്, ആൽനസിർ, വീന എന്നിവരും അഭിനയിക്കുന്നതാണ്.

*　*　*

പ്രായപൂർത്തിയായവർക്കുമാത്രമേ കാണാവൂ എന്നുള്ള വ്യവസ്ഥയുംകൊള്ളുന്ന "എ" സർട്ടിഫിക്കേറ്റ സമ്പാദിച്ച ഇന്ത്യയിലെ ഏകചിത്രമായ "ഹാ ദസ്റ്റ് അൻസുവിന്റെ" പ്രദർശനം തുടങ്ങിയിട്ടുണ്ട്. മോട്ടിലാൽ, മനോരമ, കുക്കു മുതലായവരാണ് ഈ ചിത്രത്തിൽ അഭിനയിച്ചിരിക്കുന്നതു്.

*　*　*

പ്രസിദ്ധ ഉത്തരേന്ത്യൻ സിനിമാഡയറക്ടറായ രാജേന്ദ്രനാഥഘോഷിനു് 220 രൂപാ പിഴശിക്ഷ വിധിച്ചിരിക്കുന്നു. അലക്ഷ്യമായി കാറോടിച്ചു എന്ന പോലീസിന്റെ കേസ്സിനെ അടിസ്ഥാനമാക്കിയാണ് പിഴശിക്ഷ വിധിച്ചിരിക്കുന്നതു്.

—o—

## അടുത്ത ആഴ്ചപ്പതിപ്പ്

—

തുലാം 24-ാംനു വിശേഷാൽപ്രതി പുറപ്പെടുന്നതുകൊണ്ടു് 28-ാംനു പുറപ്പെടേണ്ട ആഴ്ചപ്പതിപ്പ് ഉണ്ടായിരിക്കുന്നതല്ല.

മാനേജർ.


## നിങ്ങളുടെ ഇരുണ്ട തൊലിയെ വെളുപ്പിക്കുക

അമേരിക്കയിലേയും മററു യൂറോപ്യൻ രാജ്യങ്ങളിലേയും ശാസ്ത്രീയകണ്ടുപിടുത്തങ്ങൾക്കു നിദാനം പുരാതന ഭാരതീയശാസ്ത്രമാണ്. വൈദ്യശാസ്ത്രത്തിലെ ഏററവും അത്ഭുതപൂർവമായ കണ്ടുപിടുത്തമാകുന്നു 'ഹ്യൂർ'ക്രീം. അതു് ഇരുണ്ട തൊലിയെ വെളുപ്പിക്കുകയും, മുഖത്തിനു് മാർദ്ദവം നൽകുകയും, മുഖക്കുരു, കറുപ്പുകൾ, പാടുകൾ, ഇവയെ നീക്കംചെയ്യുകയും ചെയ്യുന്നു. അതു് 24 മണിക്കൂറിനുള്ളിൽ ഫലം നൽകുന്ന പരിമള സുഗന്ധിയാണ്.

വില വലിയസൈസ് രൂ: 5.
ചെറിയസൈസ് രൂ: 3.
പോസ്റ്റേജ് 12 ണ. വേറെ.
എഴുത്തുകുത്തുകൾ ഇംഗ്ലീഷിൽ മാത്രം.

American Trading Corporation
(M. Q.)
Pull Bangash, Delhi.



## ഭാരതീയമഹതികൾ

—0—

ഗ്രന്ഥകർത്താ, കെ. ഗോപാലപിള്ള ബി. എ.

വിശ്വവിശ്രുതകളായ ൨൫ ഭാരതീയമഹിളാമണികളുടെ ഉജ്ജ്വലജീവചരിത്രങ്ങളടങ്ങിയ ഒരു ഉത്തമഗ്രന്ഥം. വില ണ. ൻ

ശ്രീരാമവിലാസംപ്രസ്സ്, കൊല്ലം.



ത്രിപുരാനന്ദഭാരതിയുടെ രണ്ടു രത്നങ്ങൾ

* പാതഞ്ജലയോഗദർശനം *

യോഗശാസ്ത്രത്തിൽ അടങ്ങാത്ത പ്രമാണം—ഭാരതിയുടെ മലയാളവ്യാഖ്യാനത്തിൽ അഗാധമായ ശാസ്ത്രബോധവും അസന്ദിഗ്ദ്ധമായ അനുഭവജ്ഞാനവും ഒത്തിണങ്ങുന്നു. വില 2 ക.

—: ചക്രനിരൂപണം :—

യോഗാഭ്യാസത്തിൽ വ്യാമോഹത്തിനും അപകടത്തിനും ഇടവരുത്തുന്ന—ഷൾചക്രങ്ങൾ, പ്രാണൻ, കുണ്ഡലിനി—എന്നീ രഹസ്യവിഷയങ്ങളുടെ വിശദവിവരണം. വില 1 ക.

S. D. Printing Works,
Ernakulam.



"ദീർഘകാല നിക്ഷേപങ്ങൾക്കു പററിയ കാഷ് സർട്ടിഫിക്കേററുകൾ"



ഇപ്പോൾ കൂടുതൽ പലിശയുള്ള ഈ കാഷ് സർട്ടിഫിക്കേററുകൾ ദീർഘകാല നിക്ഷേപങ്ങൾക്കു പററിയവയാണ്. ഇവയെപ്പററി വിവരിക്കുന്ന ലഘുഗ്രന്ഥത്തിനു ബ്രാഞ്ചുമാനേജരോടു ആവശ്യപ്പെടുക.

പാലാ സെൻട്രൽ ബാങ്ക് ക്ലിപ്തം.

(ക്ലിപ്തബാദ്ധ്യതയോടുകൂടി തിരുവിതാംകൂർ-കൊച്ചി ഐക്യസംസ്ഥാനത്തു രജിസ്റ്റർചെയ്യപ്പെട്ടതു്.)

ESTD. 1927

കൊല്ലം.

തിരുവിതാംകൂറിൽ 14 ആഫീസുകൾ.


## വിഷയവിവരം

—o—


| | | പേജ് |
|---|---|---|
| 1) | സിനിമാപംക്തി | 2 |
| 2) | പ്രഭാതശാന്തിയുടെ നാട്ടു് — സി. പി. ഫിറാൻസ് ജെറാൾഡ് | 3 |
| 3) | കളിയും കാര്യവും | 4 |
| 4) | ഭാരതധർമ്മം — വടക്കുംകൂർ രാജരാജവർമ്മരാജാ | 5 |
| 5) | ഈ ആഴ്ചയിലെ നക്ഷത്രഫലം — തകഴി കെ. രാമവാര്യർ | 7 |
| 6) | ചിത്രങ്ങൾ | 8-9 |
| 7) | ഇരിക്കണോ മരിക്കണോ? — നാനാ | 10 |
| 8) | മലയാളഭാഷയും നിഘണ്ടുനിർമ്മാണവും — പി. ദാമോദരൻനായർ എം. എ. ബി എൽ. | 11 |
| 9) | കാർട്ടൂൺചിത്രങ്ങൾ | 12 |
| 10) | കണ്ണുനീർ (ചെറുകഥ) — കെ. എൻ. ബി നായർ | 13 |
| 11) | പള്ളത്തിന്റെ കാവ്യകല — കെ. സുധീന്ദ്രൻ | 14 |
| 12) | ഗ്രന്ഥവിചാരം | 15 |
| 13) | ഭാഗ്യക്കുറി (കവിത) — സി ജെ. മണ്ണുമ്മൂട്ട് | 15 |
| 14) | വിലാപം (കവിത) — സി. എസ്. വാര്യർ | 15 |
| 15) | ഗാന്ധിസം — ചെങ്ങാരപ്പള്ളി നാരായണൻപോററി | 16 |


മുഖചിത്രം — തള്ളയും കുഞ്ഞുങ്ങളും.

—*—

# മലയാളരാജ്യം

## ആഴ്ചപ്പതിപ്പ്

പുസ്തകം ൨൩ | കൊല്ലം, ൧൧൨൬ തുലാം ൨൧-ാംനു- തിങ്കളാഴ്ച 6th November 1950. | ലക്കം ൧൨


# പ്രഭാതശാന്തിയുടെ നാട്

സി. പി. ഫിററ്സ്ജെറാൾഡ്

"ചൊസൊസെൻ" പ്രഭാതശാന്തിയുടെ നാട്—എന്നാണ് കാവ്യഭാഷയിൽ പുരാതനകൊറിയയുടെ നാമധേയം. ഇപ്പോഴാപ്പേരു് അതിനു യോജിക്കുന്നതല്ലെങ്കിലും, യുദ്ധത്തിനുമുമ്പുള്ള കൊറിയയുമായി സമ്പർക്കമുള്ളവരുടെ സ്മരണയിൽ "പ്രഭാതശാന്തിയുടെ നാടാ"യിത്തന്നെ അതെന്നെന്നും അവശേഷിക്കും. മനസ്സറിഞ്ഞനുഗ്രഹിച്ചിട്ടുണ്ട് പ്രകൃതി കൊറിയയെ. മനോഹരകാഴ്ചകളും സമ്പൽസമൃദ്ധിയും ആ രാജ്യത്തെ അനുപമമാക്കിത്തീർക്കുന്നു. വൃക്ഷസമൂഹങ്ങൾ തിങ്ങിയ മഹാമേരുക്കൾ; പൂത്തുനിൽക്കുന്ന കുററിക്കാട്ടുകളും ലതകളും; മാർദ്ദവമേറിയ കരിങ്കൽക്കുന്നുകൾക്കിടയിലൂടെ പാടിപ്പോകുന്ന കാട്ടുപൂഞ്ചോലകൾ; വളഞ്ഞുപുളഞ്ഞുകിടക്കുന്ന കടൽത്തീരം; വെൺമണൽതിങ്ങിയ ബീച്ചുകൾ; എല്ലാം വളരെ രമണീയമാണ്. നീണ്ടുകിടക്കുന്ന താഴ്വരപ്രദേശങ്ങളിൽ നെല്ല് തഴച്ചുമദിച്ചു വളരുന്നു. കൊറിയൻകൃഷീവലന്മാർ അവരുടെ പുരാതനമായ കൊച്ചുകൊച്ചു വീടുകളിൽ അടുത്തടുത്തങ്ങനെ താമസിക്കുന്നു.

മഞ്ഞക്കടലിനും പസഫിക്ക് നീരാഴിക്കുമിടയ്ക്കു് നിവർന്നുകിടക്കുന്ന കൊറിയയുടെ കാലാവസ്ഥ വളരെ സുഖകരമാണ്. സബ്ട്രോപ്പിക്കൽ സസ്യജാലങ്ങളാണധികവും. പെക്കിങ്ങിൽ നിന്നും വരുന്ന ഒരു സഞ്ചാരിക്ക്, തെക്കൻചൈനയിലാണ് താനെന്നു തോന്നിപ്പോകും. മരതകാഭമായ നെൽവയലുകളും, സ്വച്ഛജലംനിറഞ്ഞ കൊച്ചരുവികളും വൃക്ഷനിബിഡമായ ചെറുപർവ്വതങ്ങളും തെക്കൻ ചൈനയിലെന്നപോലെ കൊറിയയിലും ഉടനീളം കാണാം. രാജ്യത്തിന്റെ ഈ തെക്കൻസ്വഭാവം ജനങ്ങളിലും പ്രതിഫലിച്ചിട്ടുണ്ട്. അവരുടെ സംസ്കാരത്തിലും സമ്പ്രദായങ്ങളിലും. വീട്ടിനുള്ളിലേക്ക് പ്രവേശിക്കുന്നതിനുമുമ്പ് ജപ്പാൻകാർ ചെയ്യുന്നതുപോലെതന്നെ, വാതില്ക്കൽ ചെരിപ്പ് ഊരിവയ്ക്കണം. ചൈനാക്കാരോട് സാമ്യമുണ്ട് കൊറിയാക്കാർ ദേഹപ്രകൃതിയിൽ. ധരിക്കുന്ന വേഷവിധാനങ്ങളിലും വളരെയധികം സാമ്യമുണ്ടെന്ന് പറയാം: വെള്ളവസ്ത്രങ്ങളോടാണ് കൊറിയക്കാർക്ക് കൂടുതൽ പ്രതിപത്തി. തലയിൽ അവർ വെള്ള ലിനൻതൊപ്പി ധരിച്ചിരിക്കും.

ജാപ്പ് പരിഷ്കാരം പിടകൂടാത്ത പഴയ കൊറിയൻനഗരങ്ങളിൽ കാണപ്പെടുന്ന ചിത്രങ്ങളിലും കൊത്തുവേലകളിലും ചൈനീസ് സ്വാധീനശക്തി ദൃശ്യമാണ്. വാസ്തവത്തിൽ കൊറിയൻസംസ്കാരത്തിനു് ചൈനയോട് വളരെ വലിയ കടപ്പാടാണുള്ളതു്. വളരെക്കൊല്ലങ്ങൾക്കുമുൻപു ഹാൻവംശവും ടാങ്ങ്വർഗ്ഗക്കാരും ചൈനയിൽ ഭരണം നടത്തിക്കൊണ്ടിരുന്നപ്പോൾ കൊറിയ ചൈനയുടെ ഒരു പ്രോവിൻസുമാത്രമായിരുന്നു. പിന്നീടു വന്ന ശതാബ്ദങ്ങളിൽ ചൈനയുടെ ശക്തി ക്ഷയോന്മുഖമായി വന്നപ്പോൾ ഏതാണ്ടൊരു സ്വതന്ത്രരാജ്യത്തിന്റെ പദവിയിലേക്കു കൊറിയ ഉയന്നു. അങ്ങനെ ചൈന അതിൽനിന്നും വ്യത്യസ്തപ്പെട്ടുവെങ്കിലും മിക്കവാറും ഒററപ്പെട്ടുകിടന്ന കൊറിയ ആ പഴയ ചൈനീസ്സംസ്കാരം പുലർത്തിപ്പോന്നു.

അഞ്ചും ആറും ശതാബ്ദങ്ങളിലാണ് വിദൂരപൂർവ്വദേശത്തു് ബുദ്ധമതം പടർന്നുപിടിച്ചതു്. കൊറിയയും അന്നു കിട്ടിയ 'വെളിച്ചം' കെട്ടുപോകാതെ സൂക്ഷിച്ചുപോരുന്നു. പഴയ കൊറിയൻസംസ്കാരത്തിന്റെ പൂക്കാലമായിരുന്ന അതു് ടാങ്ങ്ചൈനയുടെ പുരാതനസംസ്കാരവും ബുദ്ധമതവും ജപ്പാനു ലഭിച്ചതു് വൻകരയുടെയും ജപ്പാന്റെയും ഇടയിലുള്ള കണ്ണിയായ കൊറിയവഴിക്കായിരുന്നു. ജപ്പാന്റെ കലകളെ ഈ ബന്ധം വളരെയധികം പരിപോഷിപ്പിക്കുകയുണ്ടായി. ചൈനാക്കാരിൽനിന്നാണ് ഉത്ഭവമെങ്കിലും, കൊറിയൻഅന്തരീക്ഷത്തിൽ അവരുടെ കലകളൊരു പ്രത്യേകരീതിയിൽ വികസിതമായ്‌വന്നു. ക്ലാസ്സിക്കൻ ചൈനീസ്സാഹിത്യവും കൊറിയക്കാരുടെ പുരാതനസാഹിത്യവും തമ്മിൽ വളരെയൊന്നും അന്തരമില്ല. ലിപികൾക്കു് സാമ്യമുണ്ട്. എങ്കിലും, എന്തിലും കൊറിയക്കാരുടെ ഒറിജിനാലിററി അവർ നഷ്ടപ്പെടുത്താതെ സൂക്ഷിച്ചു എന്നു പ്രത്യേകം എടുത്തുപറയേണ്ടിയിരിക്കുന്നു. അതായതു് അവരാ ലിപി, സാധാരണ ഉപയോഗത്തിനു യോഗ്യമായ രീതിയിൽ പരിഷ്കരിച്ചു.

കൊറിയൻസംസ്കാരത്തിന്റെ ജീവചൈതന്യം ഇടക്കാലത്തുവച്ചു നശിച്ചുപോയി. കാരണമിതാണ്: അയൽവക്കത്തുകാരായ രണ്ടു പ്രധാനശക്തികൾ—ജപ്പാനും ചൈനയും—പതിനേഴാംശതാബ്ദംമുതൽ കൊറിയയുമായി ബന്ധപ്പെടാതെ അകന്നു നിലകൊണ്ടു. മററു രാജ്യങ്ങളുമായി ബന്ധം സ്ഥാപിക്കുവാൻ പ്രത്യേകപരിതഃസ്ഥിതികളിൽ കൊറിയയ്ക്കൊട്ടു കഴിഞ്ഞുമില്ല. പത്തൊമ്പതാംശതകത്തിന്റെ അന്ത്യത്തിൽ പാശ്ചാത്യശക്തികൾ "പ്രഭാതശാന്തിയുടെ" നാട്ടിലെത്തി ആ ശാന്തി എന്നേയ്ക്കുമായി ഭഞ്ജിച്ചപ്പോഴേക്കും കൊറിയ മിക്കവാറും ഒരു "ചത്ത" രാജ്യമായിക്കഴിഞ്ഞിരുന്നു. ലീ രാജവംശം പല ശതാബ്ദങ്ങൾ നീണ്ടുനിന്ന ഭരണത്തിനുശേഷം ക്ഷയോന്മുഖമായിത്തീർന്നു. സമുദായത്തിന്റെ ഉയന്ന പടികളിലിരുന്നവർ, എന്നെന്നും സമ്പത്തിൽ മുങ്ങിക്കുളിക്കുവാൻ കൊതിച്ചുകൊണ്ടുതന്നെ കഴിഞ്ഞെങ്കിലും യാതൊരു പ്രായോഗികപരിജ്ഞാനവും അവർക്കുണ്ടായിരുന്നില്ല. ശമ്പളം ലഭിക്കാതെയും ശിക്ഷണരഹിതമായും കണ്ടമാനം നടന്നിരുന്ന സൈന്യങ്ങളെക്കൊണ്ടു യാതൊരു പ്രയോജനവും ഇല്ലായിരുന്നു. കൊട്ടാരങ്ങളുടെ മുമ്പിൽ കാവൽ നിന്നിരുന്ന ഭടന്മാർപോലും ഉറക്കംതൂങ്ങിത്തൂങ്ങി നിമിഷങ്ങൾ തള്ളനീക്കിയിരുന്നു.

ബലഹീനയെങ്കിലും പലവിധത്തിൽ മനോഹാരിണിയായ കൊറിയയുടെനേക്കു പലരും കണ്ണോടിയാൻതുടങ്ങി. ചൈന പഴയ "അധീശവാദ"വുമായി എത്തി. റഷ്യയ്ക്കു തുറമുഖങ്ങളുടെമേൽ ഒരു ചെറിയനോട്ടം ഉണ്ടായിരുന്നു. ഏഷ്യൻസാമ്രാജ്യത്തെപ്പററി മധുരസ്വപ്നങ്ങൾ കണ്ടുകൊണ്ടിരുന്ന ജപ്പാൻ അയൽക്കാരിയെപ്പററിയാണ് ആദ്യം ചിന്തിച്ചതു്. കൊറിയ വീണു. 19 5-ലെ റഷ്യാ-ജപ്പാൻയുദ്ധത്തിനുശേഷം അതു മിക്കവാറും ജപ്പാന്റെ അധീനതയിലായി. 1910-ൽ ജപ്പാൻസാമ്രാജ്യത്തോടു കൂട്ടിച്ചേർക്കപ്പെട്ടു. 1945-ൽ ജപ്പാൻ പരാജയപ്പെട്ടതുവരെ കൊറിയയുടെ ആയിരംവർഷം നീണ്ടുനിന്ന സ്വാതന്ത്ര്യദീപം കെട്ടു് മണൽപൂണ്ടു കിടന്നിരുന്നു.





പ്രഭാതശാന്തിയുടെ നാട്ടിൽ—സ്വാതന്ത്ര്യത്തിനുവേണ്ടി സമരംചെയ്യുന്ന ഉത്തര കൊറിയാക്കാർക്ക് അമേരിക്കൻ വിജിഗീഷുക്കൾ നൽകുന്ന ശിക്ഷകൾ. മുകളിൽ—ശിക്ഷയുടെ ആരംഭം. താഴെ—ശിക്ഷകഴിഞ്ഞു്.

കൊറിയ സ്വതന്ത്രയായിരുന്ന കാലത്തിന്റെ അന്ത്യഭാഗത്തു്, രാഷ്ട്രത്തെ പുനരുദ്ധരിക്കുവാനും, ആധുനികരീതിയിൽ ഭരണം നടത്തുവാൻ ചെറുപ്പക്കാരെ അഭ്യസിപ്പിക്കുവാനും ഒരു ശ്രമം നടന്നു. വിദ്യാർത്ഥികൾ ഇതിനായി വിദേശത്തിലേയ്ക്കു അയയ്ക്കപ്പെട്ടു. ഒന്നുരണ്ടു കൊല്ലങ്ങൾക്കുശേഷം അവർ തിരിച്ചുവന്നപ്പോൾ അവരെ ഉദ്യോഗങ്ങളിൽ നിയമിക്കുകയുണ്ടായി. എന്നാൽ ജപ്പാനോടു കൂട്ടിച്ചേർക്കപ്പെട്ടപ്പോൾ ഇവരുടെയെല്ലാം ഉദ്യോഗങ്ങൾ നഷ്ടപ്പെട്ടു. അവർ കഷ്ടപ്പാടിലും വീണു. ജനാധിപത്യരീതിയിലുള്ള ഭരണം നടക്കുന്ന പാശ്ചാത്യരാജ്യങ്ങളിൽ വിദ്യയഭ്യസിച്ച ഈ യുവാക്കന്മാരെ ജാപ്പ് ഭരണവർഗ്ഗത്തിനാവശ്യമില്ലായിരുന്നു. വാസ്തവത്തിൽ അവരെ ജാപ്പ്സാമ്രാജ്യമേധാവികൾക്കു ഭയംതന്നെയായിരുന്നു. തങ്ങളുടെ പോലീസ് സ്റ്റേറ്റിനെതിരായി വിപ്ലവം നടത്തുമെന്നു്! ജപ്പാൻകാർ കൊറിയൻദേശാഭിമാനികളെയെല്ലാം തടങ്കലിൽവയ്ക്കുകയോ നാടുകടത്തുകയോ ചെയ്തു. അവരിൽ ചിലർ സ്വരാജ്യത്തിന്റെ സ്വാതന്ത്ര്യസമ്പാദനത്തിനുവേണ്ടി പ്രവർത്തിച്ചുകൊണ്ട് ചൈനയിലും അമേരിക്കയിലും കഴിച്ചുകൂട്ടി. മററു ചിലർ അപ്രത്യക്ഷരായി ജനങ്ങളുടെയിടയിൽ സഞ്ചരിച്ച് വിപ്ലവങ്ങൾ നടത്തുവാൻ പ്രേരണ നൽകിക്കൊണ്ടിരുന്നു. അവരുടെ പ്രതിഫലം മിക്കവാറും ജയിലിൽവച്ചുള്ള മരണമായിരുന്നു. ചിലർ ബുദ്ധമതമൂല്യാദർശനസരിച്ചു ജീവിതമത്സരങ്ങളിൽനിന്നും വിരമിച്ച് വനങ്ങളിലുള്ള ബൗദ്ധാശ്രമങ്ങളിൽ പാർത്തുവന്നു.

### സംസ്കാരസമ്പന്നനായ ഒരു ബുദ്ധസന്യാസി

സിയോളിനു വടക്കുകിഴക്കായി കിടക്കുന്ന രത്നഗിരികളിലുള്ള (Diamond Mountains) ചാങ്ങ്-ഓ-സി എന്ന ആശ്രമത്തിൽവച്ച് സംസ്കാരസമ്പന്നനായ ഒരു ബുദ്ധസന്യാസിയുമായി ഞാൻ പരിചയപ്പെട്ടു. ഒരുദിവസം മലംപാതകളിൽക്കൂടി നടന്നുകൊണ്ടിരുന്നപ്പോഴാണ് ലളിതവസ്ത്രധാരിയായ അദ്ദേഹം എനിയ്ക്കെതിരെ വന്നതു്. ഞങ്ങൾ തനിച്ചേ ഉണ്ടായിരുന്നുള്ളു എനിയ്ക്കത്ഭുതംതോന്നി. ഒന്നാന്തരം ഫ്രഞ്ചിൽ അദ്ദേഹം സംസാരിക്കാൻതുടങ്ങി ഞാൻ ഇംഗ്ലീഷുകാരനാണെന്നു മനസ്സിലായപ്പോൾ, അതുപോലെതന്നെ മനോഹരമായി ഇംഗ്ലീഷിലദ്ദേഹം വർത്തമാനം പറഞ്ഞു. പാക് എന്നായിരുന്നു ആ ബുദ്ധസന്യാസിയുടെ നാമധേയം. ഇംഗ്ലീഷും ഫ്രഞ്ചുംകൂടാതെ ജർമ്മൻ, ചൈനീസ്, ജാപ്പനീസ് എന്നീ ഭാഷകളും അദ്ദേഹത്തിനു നന്നായറിയാമായിരുന്നു. ലാററിനും ഗ്രീക്കും അദ്ദേഹം നല്ലപോലെ പഠിച്ചിട്ടുണ്ടെന്നു എനിക്കു മനസ്സിലാക്കാൻകഴിഞ്ഞു. ലോകത്തിന്റെ തിക്കിലും തിരക്കിലുംനിന്നകലെ ഒരു ചെറിയ ആശ്രമത്തിലാണു ജീവിച്ചിരുന്നതെങ്കിലും, ചുററുപാടും നടക്കുന്ന സംഭവങ്ങളെപ്പററി ആ സന്യാസിക്കു നല്ല അറിവുണ്ടായിരുന്നു. ഞങ്ങൾ മിക്ക ദിവസവും ദീർഘസംഭാഷണങ്ങളിലേർപ്പെട്ടിരുന്നു. എന്നാൽ ഞാൻ താമസിച്ചിരുന്ന ജാപ്പ്ഹോട്ടലിൽ ഒരിക്കൽപോലും അദ്ദേഹം വരികയുണ്ടായില്ല. കുറേക്കഴിഞ്ഞ ഞങ്ങളുടെ സംഭാഷണം ഫ്രഞ്ചിൽ മാത്രമായി. കാരണം, ഞങ്ങൾതമ്മിലുള്ള ബന്ധം കണ്ടു ഒരു ജാപ്പ് സി ഐ. ഡി

ഞങ്ങളെ ശ്രദ്ധിക്കുന്നുണ്ടായിരുന്നു. അയാളുടെ ഭാഗ്യദോഷത്തിനു അയാൾക്കു ഫ്റഞ്ച് അറിഞ്ഞുകൂടാതാനും. ജപ്പാന്റെ ചവിട്ടടിയിൽക്കിടന്നു നരകിക്കുന്ന കൊറിയയെപ്പററി ഒട്ടനവധി കാര്യങ്ങൾ പാകിൽനിന്നും ഞാൻ മനസ്സിലാക്കി. ഉപരിവിദ്യാഭ്യാസത്തിനു വിദേശത്തു പോയിട്ടുള്ള ഒരു വ്യക്തിയാണ് അദ്ദേഹം. തിരിച്ചെത്തിയശേഷം ഡിപ്ലോമാററിക്ക് സർവീസിൽ കുറച്ചുകാലം ജോലി നോക്കി. കൊറിയയെ ജാപ്പ്സാമ്രാജ്യത്തോട് കൂട്ടിച്ചേർക്കുകയും, നാട്ടുകാർ കഠിനമായി മർദ്ദിക്കപ്പെടുകയും ചെയ്തപ്പോൾ, നിരാശനായി ലോകസുഖങ്ങൾ ത്യജിച്ച് ബൗദ്ധാശ്രമത്തിലെത്തി അവിടെയങ്ങു കഴിഞ്ഞുകൂടുകയായിരുന്നു എന്റെ സുഹൃത്ത്. രത്നഗിരി ഒരു സുഖവാസസ്ഥലമായതിനാൽ യൂറോപ്യന്മാരുംമററും അവിടെ വരുമെന്നും അവരിൽനിന്നും ലോകവാർത്തകൾ മനസ്സിലാക്കാൻ സാധിക്കുമെന്നും വിചാരിച്ചാവാം ഈ ആശ്രമം അദ്ദേഹം സ്വീകരിച്ചതു്.

കൊറിയൻ പോളിററിക്സിനെപ്പററി ഞങ്ങൾ ചുരുക്കമായി മാത്രമേ സംസാരിച്ചുള്ളൂ. അധികം സമയവും ഞങ്ങൾ രണ്ടുപേരും പോയിട്ടുള്ള രാജ്യങ്ങൾ, വായിച്ചിട്ടുള്ള ഗ്രന്ഥങ്ങൾ, വിവിധമതങ്ങൾ മുതലായ കാര്യങ്ങളെപ്പററിയാണു സംസാരിച്ചതു്. ജപ്പാൻകാരൻ സി. ഐ. ഡി-യ്ക്കു് ഇതു തീരെ ദുസ്സഹമായി തോന്നി. പക്ഷേ യഥാർത്ഥത്തിൽ, ജപ്പാൻകാരെപ്പററി വളരെയെല്ലാം ഫ്റഞ്ചുഭാഷയിൽ കൂടി പാക് എനിക്കു പറഞ്ഞുതന്നിരുന്നു. ജപ്പാൻകാരോടും അവരുടെ ഭരണസമ്പ്രദായത്തോടും ഉണ്ടായിരുന്ന വിദ്വേഷം പാക് ഒരിക്കലും ഒട്ടും മറച്ചുവയ്ക്കുകയുണ്ടായില്ല. ജപ്പാൻകാർ ഇറക്കുമതിചെയ്ത പരിഷ്കാരങ്ങളായ റെയിൽവേ, ഇലക്ട്രിസിററി മുതലായവയെപ്പററി ആരെങ്കിലും പുകഴ്ത്തിപ്പറഞ്ഞാൽ, അദ്ദേഹം നിന്ദാപൂർവം പറയും, അതൊന്നും ജപ്പാൻകാരന്റെ കുത്തകയല്ലെന്ന്. യൂറോപ്പിലും അമേരിക്കയിലുമായി കണ്ടുപിടിക്കപ്പെട്ടിട്ടുള്ള ആ പരിഷ്കൃതവസ്തുക്കളെല്ലാം കൊറിയക്കാർ സ്വതന്ത്രരായിരുന്നുവെങ്കിൽ അവർതന്നെ വിദേശത്തുനിന്നും കൊറിയയിൽ കൊണ്ടുവരുമായിരുന്നെന്ന് അദ്ദേഹം അവകാശപ്പെട്ടു. ഏകാധിപത്യത്തിന്റേയും, പോലീസ് മർദ്ദനങ്ങളുടേയും ഭരണമാണ് ജപ്പാൻകാർ കൊറിയയ്ക്കു സമ്മാനിച്ചിട്ടുള്ളതെന്നും അദ്ദേഹം പറയും. അന്നത്തെ പരിതഃസ്ഥിതികളിൽ കൊറിയക്കാർക്കു പൂർണ്ണമായ വിദ്യാഭ്യാസം ലഭിക്കുന്നതിനു സാധ്യതയില്ലായിരുന്നു. ഉത്തരവാദിത്തപ്പെട്ട ഉദ്യോഗങ്ങളിൽ കൊറിയക്കാർക്കു പ്രവേശനം നിഷേധിച്ചിരുന്നു. വ്യവസായത്തിലും, പ്രൊഫഷൻസിലും തഥൈവ. വൻകിട ജന്മിമാർപോലും ജപ്പാൻകാരായ മാനേജരന്മാരുടെ കയ്യിൽ സകലതും ഏല്പിക്കുവാൻ നിർബന്ധിതരായിത്തീർന്നിരുന്നു.

## ജാപ്പ്ഗവർണ്ണറുടെ സന്ദർശനം

അദ്ദേഹം പ്രസ്താവിച്ച വസ്തുതകളുടെ മുഴുവൻ യാഥാർത്ഥ്യവും വെളിപ്പെടാൻ ഏതാനും ദിവസമേ വേണ്ടിവന്നുള്ളൂ. അടുത്ത രണ്ടുദിവസം ഞങ്ങൾക്കു തമ്മിൽ കാണാൻ സാധിക്കുകയില്ലായിരിക്കുമെന്ന് ഒരു പ്രഭാതത്തിൽ പാക് എന്നോടു പറഞ്ഞു. എന്തോ ഒളിച്ചുവയ്ക്കുവാൻ അദ്ദേഹം ആഗ്രഹിക്കുന്നതുപോലെ തോന്നി. ആ ദിവസങ്ങളിൽ ആശ്രമത്തിൽ ചില ഉത്സവങ്ങളുള്ളതാണ് കാരണമെന്നും പാക് പറഞ്ഞു. അന്നു വൈകിട്ടു ഞാൻ നടക്കാൻപോയി മടങ്ങിവന്നപ്പോൾ ഹോട്ടലിൽ പതിവില്ലാത്ത ചില മട്ടുകളെല്ലാം ദർശിച്ചു. പ്രവേശനദ്വാരങ്ങളിലെല്ലാം പോലീസ് കാവൽ നിന്നിരുന്നു. മാനേജർ ഒരിളിഭ്യച്ചിരിയോടെ, ഞാൻ എന്റെ മുറിയിൽവച്ചു അന്നുരാത്രി അത്താഴം കഴിക്കണമെന്നു അപേക്ഷിച്ചു. കാരണം? കൊറിയയിലെ ജാപ്പ്ഗവർണ്ണർ ആ വാരാവസാനദിനങ്ങൾ അവിടെ ചിലവഴിക്കാനുദ്ദേശിക്കുന്നുവത്രേ. തന്നെ വിദേശികൾ അടുത്തുകാണുന്നതദ്ദേഹത്തിനിഷ്ടമല്ലപോലും. അവിടെ രണ്ടുദിവസം അവർ താമസിച്ചു. അവർ പോയപ്പോൾ ആ പോലീസ് അന്തരീക്ഷവും മറഞ്ഞു. ആശ്രമകവാടം ആ ദിവസങ്ങളിൽ തുറന്നിരുന്നില്ല. പാക് പറഞ്ഞിരുന്നതിനെതിരായി, മതിലിനുള്ളിൽനിന്നു സംഗീതം പുറപ്പെട്ടതുമില്ല.

ഗവർണ്ണർജനറൽ പോയതിനുശേഷം പാക് വീണ്ടും എന്റെകൂടെ നടക്കാൻവന്നു. ഞാൻ ഗവർണ്ണർജനറലിനെ കണ്ടുവോ എന്നു് പാക് ചോദിച്ചു. മലമുകളിൽവച്ച് പോലീസ് അകമ്പടിയോടുകൂടി കാണുകയുണ്ടായെന്ന് ഞാൻ പറഞ്ഞു. പാക് അപ്പോൾ ആശ്വാസപൂർവം പറഞ്ഞു, ആശ്രമത്തിൽ പ്രത്യേകിച്ചൊന്നുംതന്നെ വിശേഷമുണ്ടായിരുന്നില്ലെന്നും, പോലീസ് ആജ്ഞപ്രകാരമാണ് സന്യാസിമാർ അവിടെനിന്നും പുറത്തിറങ്ങാഞ്ഞതെന്നും.

തങ്ങളെ അടക്കിഭരിക്കുന്ന ജപ്പാൻകാരന്റെനേർക്കു സാധാരണകൊറിയാക്കാരനുള്ള എതിർപ്പിന്റെ മാതൃകയായി പാകിനെ സ്വീകരിക്കാം. കൊറിയാക്കാരുടെ ദേശബോധം ഇന്നും കെടാതെ ഉജ്ജ്വലിക്കുന്നു. വംശങ്ങളോടും പ്രഭുക്കന്മാരോടുംമാത്രം ഭക്തിപ്രദർശിപ്പിച്ചുകൊണ്ട് ഏഷ്യയിലെ ജനവിഭാഗങ്ങൾ ജീവിച്ചിരുന്നകാലത്തുതന്നെ, കൊറിയൻനാഷനാലിസം ഒരു യാഥാർത്ഥ്യമായിക്കഴിഞ്ഞിരുന്നു.

## പൊരുതുന്ന വർഗ്ഗം

ഏഴാംശതകത്തിന്റെ ആരംഭഘട്ടത്തിലായിരുന്നു കൊറിയയുടെ പ്രഥമ സ്വാതന്ത്ര്യസമരം നടന്നതു്. ചൈനക്കാരുടെ പത്തു ദശവർഷങ്ങൾ നീണ്ടുനിന്ന ആക്രമണത്തെ കുലുങ്ങാതെനിന്നു ചെറുത്തതു് അന്നായിരുന്നു. എന്തിനു്? പ്രതാപശാലിയും, ടാങ്ങ് വംശസ്ഥാപകനുമായ ടായ്സൂങ്ങിനുപോലും കൊറിയയെ കീഴടക്കാൻ സാധിച്ചിട്ടില്ല. മിലിട്ടറിസമ്പ്രദായം വികസിപ്പിക്കുവാൻ അതിനുശേഷം കഴിഞ്ഞില്ലെങ്കിലും, കൊറിയക്കാർ ഒരു പൊരുതുന്ന വർഗ്ഗമാണ്. പട്ടണങ്ങൾക്കുചുററും കോട്ടകൾകെട്ടി പ്രതിരോധനം നടത്തുന്ന സമ്പ്രദായം ഉണ്ടായിരുന്നതിനാലാണ് കൊറിയക്കാരുടെമേൽ ചൈനയ്ക്കു് ആധിപത്യം സ്ഥാപിക്കാൻ സാധിക്കാതെപോയതു്. സമരരംഗത്തുവച്ചു തോല്പിക്കപ്പെട്ടാലും, ഗറില്ലായുദ്ധത്തിലേർപ്പെട്ടു് ശത്രുവിനെ തോല്പിച്ചോടിക്കുവാൻ അവർക്കൊരു പ്രത്യേകസാമർത്ഥ്യമുണ്ടു്.

ഏഴാംശതാബ്ദത്തിൽ ചൈനയുമായി സ്വാതന്ത്ര്യത്തിനുവേണ്ടി പടവെട്ടി. വീണ്ടും പത്തൊമ്പതിൽ ജപ്പാനുമായി സമരംചെയ്യേണ്ടിവന്നു. ഇങ്ങനെയൊക്കെ കൊറിയയ്ക്കു് ഒരററംമുതൽ മറേറഅററംവരെ സുശക്തമായൊരു ഐക്യബോധത്തെപ്പററി അഭിമാനംകൊള്ളാവുന്ന അവസ്ഥ സംജാതമായിട്ടുണ്ടു്. 38-ാം സമാന്തരരേഖയിൽവച്ചു രണ്ടായി തിരിച്ചതു് ഇത്ര അപകടകരമായിത്തീരാൻ കാരണം ഇതാണ്. ഇംഗ്ലണ്ടിനെ വാഷ് മുതൽ സ്റ്റോഡൌൺവരെ നീണ്ടുകിടക്കുന്ന 53-ാം സമാന്തരരേഖയിൽവച്ചു രണ്ടായിത്തിരിച്ച് ഒരുഭാഗം യാഥാസ്ഥിതികപാർട്ടിക്കും മറേറതു് ലേബർപാർട്ടിക്കും നൽകുന്നതിനോടുള്ള ഇംഗ്ലീഷുകാരന്റെ മനോഭാവം എന്താണ്? അതുതന്നെയാണ് കൊറിയക്കാരന്റേതും. 1895-ലേതുപോലെ 1945-ലും കൊറിയ വിദേശശക്തികൾക്ക് ബലപരീക്ഷനടത്താനുള്ള ഒരു കളമായി പരിണമിച്ചു. കൊറിയക്കാർക്കു സ്വാതന്ത്ര്യവും, ജാപ്പ്നുകത്തിൽനിന്നു സ്വാതന്ത്ര്യവും വേണമായിരുന്നു. അതിനുപകരം യു. എൻ. അവർക്കു കൊടുത്തതെന്താണ്? കൊറിയയെ രണ്ടായി വെട്ടിമുറിച്ചു, ജനങ്ങൾ നിവസിക്കുന്ന പട്ടണങ്ങൾ ഒരുകൂട്ടർക്ക് ഇലക്ട്രിസിററിഉല്പാദനകേന്ദ്രങ്ങളും ഫാക്ടറികളും മറുകൂട്ടർക്ക്. തുറമുഖങ്ങൾ ഒരുകൂട്ടർക്ക് വിളവുകൾ ഉണ്ടാകുന്ന ഹിൻടർലാൻഡ്സ് മറേറക്കൂട്ടർക്ക്. ഇങ്ങനെ പ്രകൃതിവിരുദ്ധമായ വിഭജനം. റഷ്യക്കധീനമായ ഒരു കമ്യൂണിസ്റ്റ്ഗവൺമെന്റിനു പകുതിഭാഗം മറേറപ്പകുതി, അമേരിക്കൻസംരക്ഷണയിലുള്ള ഒരു ബലഹീനഗവൺമെന്റിന്. ഭരണാധികാരികൾ അമേരിക്കയിൽ വളർന്നവർ. അവർ കൊറിയൻജനതയുടെ ആശകളും അഭിലാഷങ്ങളുമായി യാതൊരു താദാത്മ്യബോധവും ഇല്ലാത്തവരായിരുന്നു. ഈ രണ്ടു ഗവൺമെന്റുകളുമല്ല സ്വാതന്ത്ര്യവീക്ഷണത്തിൽ കൊറിയക്കാർക്കു യോജിക്കുകയെന്നു ഞാൻ വിശ്വസിക്കുന്നു. ഓ—ഏററവും പ്രധാനമായി അവരുടെ രാജ്യം ഇങ്ങനെ പ്രകൃതിവിരുദ്ധമായി കണ്ടമാനം വെട്ടിമുറിച്ചതു്—!

വിവർത്തനം—പോൾ വി. കുന്നിൽ.

—o—

# കളിയും കാര്യവും

## പ്രണയനിയമങ്ങളും പ്രണയക്കോടതികളും

പൗരസ്ത്യപാശ്ചാത്യലോകങ്ങളിൽ ഒന്നുപോലെ ഒരു കാലത്തു് സ്ത്രീകളെ ആരാധിച്ചിരുന്നു. സ്ത്രീകൾക്കു് സ്വാതന്ത്ര്യം അനുവദിക്കരുതെന്നു വിധിച്ച മനുതന്നെ, സ്ത്രീകളുടെ കണ്ണുനീർവീഴുന്ന ഭവനങ്ങൾ,

"കൃത്യാഹതങ്ങളെന്നോണം
സർവ്വഥാ വിനശിച്ചീടും."

എന്നുകൂടിവിധിക്കാൻ മറന്നില്ല. പാശ്ചാത്യരാജ്യങ്ങളിൽ അതേസമയം ധീരോദാത്തതയുടെ പ്രധാനലക്ഷണം സ്ത്രീകളോടുള്ള ബഹുമാനാദരങ്ങളാണെന്നു ഗണിക്കപ്പെട്ടിരുന്നു. പക്ഷേ ഈ ബഹുമാനം ഏതെല്ലാം രൂപംകൈക്കൊണ്ടു എന്നറിയുന്നതു രസാവഹമാണ്. മദ്ധ്യകാലത്തെ ധീരോദാത്തനായകന്മാർ (നൈററ്സ്) പാരിജാതപുഷ്പം കൊണ്ടുവരാൻ പുറപ്പെട്ട ഭീമനെ നിസ്സാരനാക്കത്തക്കവിധം നായികാപ്രീണനവ്രതക്കാരായിരുന്നു. "കിങ്ങ് ആർതർ" നായകനായുള്ള ഇതിഹാസത്തിൽ, അദ്ദേഹത്തിന്റെ മഹാവീരന്മാരായ നൈററുകളെ ജയിച്ച് അവരിൽനിന്നു ഒരു ആനറാഞ്ചൻപക്ഷിയെ സമ്മാനമായി വാങ്ങിക്കൊണ്ടുവന്നാൽ, അതിനു പ്രതിഫലമായി തന്റെ പ്രണയം നൽകാമെന്നു മെയ്ഡ്രേ ആൻഡ്രേയോടു ഒരു സ്ത്രീ വാഗ്ദാനംചെയ്തു. അയാൾ ഒട്ടേറെപണിപ്പെട്ട് പക്ഷിയേയുംകൊണ്ടുവന്നപ്പോൾ അതിന്റെ നഖത്തിൽ ഒരു കടലാസുചുരുൾ തൂങ്ങിക്കിടക്കുന്നു. താഴെപറയുന്ന വിധികൾ അടങ്ങിയ ഒരു പ്രണയനിയമസംഹിതയായിരുന്നത്രേ അതു്.

"വിവാഹം പ്രണയത്തിനെതിരായ ഒരു വാദമാകയില്ല. ആരും ഒരേസമയത്തു് രണ്ടുപേരെ പ്രണയിക്കാൻ പാടില്ല. "മതിയായ കാരണമില്ലാതെ ആരും പ്രണയിക്കാതിരുന്നുകൂട.

"തക്കതായ പ്രേരണകൂടാതെ ആരും പ്രണയിക്കണമെന്നില്ല.

"വിവാഹംചെയ്താൽ നന്നല്ലെന്നുതോന്നുന്ന ഒരാളെ പ്രണയിക്കുന്നതും നന്നല്ല.

"ഒരു പുതിയപ്രണയം പഴയപ്രണയത്തെ ഔട്ട്ചെയ്യുന്നു. "എളുപ്പംകൊടുക്കുന്ന പ്രണയം ലഘുവായി സ്വീകരിക്കപ്പെടും."

ഈ നിയമങ്ങൾ പരിരക്ഷിക്കാൻ കോടതികൾ ആവശ്യമില്ലെന്നുതോന്നിയേക്കാം. എങ്കിലും അവ ഉണ്ടായിരുന്നു. ജഡ്ജിമാരും ജൂറിയുമെല്ലാം സ്ത്രീകൾതന്നെയായിരുന്നുതാനും. "പ്രണയത്തെ സംബന്ധിക്കുന്ന മനോഹരവും, സൂക്ഷ്മവുമായ തർക്കങ്ങൾ പ്രശസ്തവനിതകൾ കേട്ടു തീരുമാനിക്കുക പതിവായിരുന്നു" എന്നാണ് നോസ്ത്രഡാമസ് രേഖപ്പെടുത്തിയിരിക്കുന്നതു്. ഈമാതിരി ചില തർക്കങ്ങളും വിധികളും താഴേചേർക്കുന്നു.

ഒരു പ്രണയഭ്രാന്തൻ നായികയെ കണ്ടു മോഹിച്ചു അവളിൽ സ്വയം അനുരക്തനാകുന്നു. അയാളുടെ പ്രണയാർത്ഥന നിരസിക്കപ്പെടുന്നതിനുപകരം പ്രോത്സാഹിപ്പിക്കപ്പെടുകയാണുണ്ടായതു്. അങ്ങനെ നായിക നായകന്റെ പ്രതിസ്ഥാനത്തു കോടതിയിൽ ഹാജരാക്കപ്പെട്ടു. താനെ പ്രണയിക്കുന്നതിനുപകരം തന്റെ ദൂതനെ അവൾ പ്രണയിച്ചുതുടങ്ങിയെന്നും ഷാംപേനിലെ പ്രഭ്വിക്കൗണ്ടസ്സ് തീരുമാനിക്കണമെന്നും നായകൻ അഭ്യർത്ഥിച്ചു. പ്രഭ്വി വേറെ 60 സ്ത്രീകളുടങ്ങിയ ബെഞ്ചിൽ ഉപവിഷ്ടയായി കേസു കേട്ടു് ഇങ്ങനെ ഒരുവിധിയും പ്രസ്താവിച്ചു:— 'നായികയും ദൂതനും യോഗ്യന്മാരായ ആളുകളുടെ സഹവാസം ഉപേക്ഷിക്കേണ്ടതാണെന്നു ഇതിനാൽ തീരുമാനിച്ചിരിക്കുന്നു.'

ഇത്തരംവിധികൾ നടപ്പിലാക്കാൻ പോലിസും പട്ടാളവുമൊന്നും വേണ്ടിയിരുന്നില്ലെന്നുള്ളതാണു അത്ഭുതം. ജനങ്ങൾ സ്വയം പ്രണയക്കോടതിവിധികൾ പ്രത്യക്ഷരം പരിപാലിച്ചുവന്നിരുന്നു. വിധിലംഘിക്കുന്ന സ്ത്രീയെ പിന്നെ ഒരുമനുഷ്യരും വീട്ടിൽകയററുകയില്ല. പുരുഷനാണെങ്കിൽ അയാൾക്കു ടൂർണമെൻറുകൾ എന്നറിയപ്പെട്ടിരുന്ന വീരപ്രദർശനങ്ങളിൽ പ്രവേശനം നിഷേധിക്കയുംചെയ്തിരുന്നു. അതിനാൽ വിധിലംഘനങ്ങൾ പ്രായേണ ഇല്ലായിരുന്നു എന്നാണു കാണുന്നതു്. അതുപോലെതന്നെ കോടതികളെപ്പററി ആക്ഷേപം നിന്ദയുമില്ലായിരുന്നു. ചിലപ്പോൾ ഒരു പെൺകുട്ടിയായിരിക്കാം കൂട്ടിൽകയറുന്നതു്. മററുചിലപ്പോൾ ഒരു രാജാവിനെത്തന്നെ ആ സ്ഥാനത്തു് കണ്ടെന്നുവരാം.

മറെറാരവസരത്തിൽ ഒരു നായകൻ, നായികയുടെ പ്രണയത്തിനു അർഹനാകണമെങ്കിൽ തന്നെ പ്രശംസിക്കുന്നതരത്തിൽ യാതൊന്നും പറയുകയോ പ്രവർത്തിക്കുകയോ ചെയ്യരുതെന്നു അവൾ നിർബന്ധിച്ചു. നായകൻ അതു സമ്മതിക്കുകയുംചെയ്തു പക്ഷേ ഒരിക്കൽ അവളെപ്പററി ആരോ അല്പം നിസ്സാരഭാവത്തിൽ സംസാരിച്ചപ്പോൾ നായകൻ അവരോടു യുദ്ധത്തിനു പുറപ്പെട്ടു. നായികയുടെ ആദ്യവ്യവസ്ഥയനുസരിച്ചു ഇതു കുററമായതിനാൽ നായകൻ കോടതിയിലായി. പക്ഷേ വിധി അയാൾക്കു അനുകൂലമായിരുന്നു. ഒരു സ്ത്രീയുടെ സൽപേരിനെ രക്ഷിക്കാൻ ശ്രമിക്കുന്നതു നിയമവിരുദ്ധമല്ലാത്തതിനാൽ പഴയപോലെ പ്രതിയെ പ്രണയത്തിൽ പ്രവേശിപ്പിച്ചുകൊള്ളണം.

വിധി അക്ഷരംപ്രതി അനുഷ്ഠിക്കപ്പെടുകതന്നെചെയ്തു.

മറെറാരുകേസിൽ ഒരുവൾ മറെറാരാളെ സ്നേഹിച്ചിരുന്നപ്പോൾ നായകൻ പ്രണയപ്രാർത്ഥന ചെയ്തു. തന്റെ ആദ്യപ്രേമത്തിനു നാശം സംഭവിക്കുന്നെങ്കിൽ നായകന്റെ അർത്ഥന സ്വീകരിക്കാമെന്നു അവൾ പറഞ്ഞു. താമസിയാതെ അവൾ തന്റെ ആദ്യകാമിതാവിനെ വിവാഹം ചെയ്യുകയും ചെയ്തു. നായകൻ അവളുടെപേരിൽ കേസുംകൊടുത്തു. എലീനർ മഹാറാണിയാണ് കേസ്സ് തീരുമാനിച്ചതു്. "വിവാഹത്തോടുകൂടി ഭർത്താവിനു പ്രണയം നഷ്ടമായിരിക്കുന്നതിനാൽ, നായകന്റെ പ്രണയം സ്വീകരിക്കേണ്ടതാണ്" എന്നായിരുന്നു വിധി. പ്രണയം എന്നതു വിവാഹത്തോടെ അസ്തമിക്കുന്നു എന്നാണ് വിധിയിലെ സങ്കല്പം.

* * *

## അറിയാതെ ഹൃദയം തിന്നു

വളരെക്കാലത്തിനുശേഷം, പ്രണയക്കോടതികളുടെ സഹായമൊന്നും കൂടാതെ ഒരു കേസ്സ് തീരുമാനിച്ചതു് ഇങ്ങനെയാണ്:—

റൂസില്ലണിലെ റെയ്മണ്ഡ്പ്രഭുവിന്റെ പത്നിയായിരുന്നു ലേഡി മാർഗരെററ്. അരമനയിലെ സേവകനായി സുന്ദരനായ ഒരു യുവാവുണ്ടായിരുന്നു. ലേഡി മാർഗരെററ് അയാളുമായി പ്രണയബന്ധത്തിലേർപ്പെട്ടു "പ്രണയം എന്നിൽ മധുരചിന്തകളെ സൃഷ്ടിക്കുന്നു' എന്നർത്ഥംവരുന്ന ഒരു ഗാനം ആ യുവാവിൽനിന്നു പുറപ്പെട്ടതു പ്രഭു കേട്ടു. ഒരു ദിവസം പ്രഭു സേവകനെ നായാട്ടിനു കൊണ്ടുപോയി വധിച്ചു് തലയും, ഹൃദയവും വേർപെടുത്തി ഒരു കുട്ടയിലാക്കി അരമനയിൽ കൊണ്ടുവന്നു. ഹൃദയം പൊരിച്ചു, അത്താഴത്തിനു പ്രഭ്വിയുടെ മുമ്പിൽ വച്ചു കൊടുക്കാൻ അദ്ദേഹം പാചകരെ ചട്ടം കെട്ടി. പ്രഭുവും പ്രഭ്വിയുംകൂടെ അത്താഴത്തിനിരുന്നു. പ്രഭ്വി കഥയറിയാതെ തന്റെ കാമിതാവിന്റെ ഹൃദയം മുഴുവൻ തിന്നുകഴിഞ്ഞപ്പോൾ പ്രഭു ചോദിച്ചു: "എന്താ, എങ്ങനെയിരിക്കുന്നു? നല്ല രുചി അല്ലേ?"

അനന്തരം അദ്ദേഹം കുട്ടയിൽനിന്നു യുവാവിന്റെ തലയെടുത്തു കാണിച്ചു. അപ്പോഴാണ് പ്രഭ്വിക്കു് കാര്യം മനസ്സിലായതു്. അവൾ പറഞ്ഞു:—"വളരെ രുചിയായിരുന്നു. നല്ല മധുരം. ആ സ്വാദുനാക്കിൽനിന്നു പോകത്തക്കവിധം ഇനിയൊന്നും കഴിക്കാനിടയാകരുതേ, എന്നാണ് എന്റെ പ്രാർത്ഥന!'

രോഷാകുലനായ പ്രഭു വാളൂരിക്കൊണ്ട് അവളുടെ നേരെ പാഞ്ഞു. പക്ഷേ അപ്പോഴേയ്ക്കും അവൾ മട്ടുപ്പാവിന്റെ മുകളിൽനിന്നു കീഴോട്ടു ചാടി മരണം വരിച്ചുകഴിഞ്ഞിരുന്നു.

* * *

## പ്ലേറേറായുടെ കത്തു്

ഗ്രീക്കു തത്വചിന്തകനായിരുന്ന പ്ലേറേറാ 25 വയസ്സുള്ളപ്പോൾ ഒരു രാഷ്ട്രീയകക്ഷിപ്രവർത്തകന്റെ ജീവിതം നയിക്കാനാണു ആഗ്രഹിച്ചിരുന്നതു്. പക്ഷേ പെട്ടെന്നു അദ്ദേഹം തന്റെ നിശ്ചയംമാററി ഒരു തത്വജ്ഞാനിയായിത്തീർന്നു. ഈ പരിവർത്തനത്തിന്റെ ചരിത്രം രസകരമാണു. താഴെക്കാണുന്ന കത്തിൽ അദ്ദേഹം ഒരു സ്നേഹിതനോടു് അക്കഥ പറയുന്നതു് ഇങ്ങനെയാണ്:—

"ഞാൻ തന്റേടപ്രാപ്തിയായതോടെതന്നെ പൊതുജനജീവിതത്തിൽ പ്രവേശിക്കണമെന്നു കരുതി. രാഷ്ട്രീയനിലയിലുണ്ടായ ആകസ്മികമായ ഒരു പരിവർത്തനം എന്റെ നിശ്ചയത്തെ ഭേദിച്ചു. അന്നത്തെ ജനകീയഭരണം സാർവ്വത്രികമായ അവജ്ഞയ്ക്കു പാത്രമായിരുന്നു. ഒരു വിപ്ലവത്തിന്റെഫലമായി മുപ്പതുപേരടങ്ങിയ ഒരു കമ്മററി ഭരണം ആരംഭിച്ചു കമ്മിററി അംഗങ്ങളിൽചിലർ എന്റെ ബന്ധുക്കളും മിത്ര

(ശേഷം 15-ാംപേജിൽ)

# ഭാരതധർമ്മം

വടക്കുംകൂർ രാജരാജവർമ്മരാജാ

മതം എന്ന പദം ഇന്നു നാം ഉപയോഗിക്കുന്ന അർത്ഥത്തിൽ ഭാരതീയർ വ്യവഹരിച്ചിരുന്നില്ല. അവർ തൽസ്ഥാനത്തു 'ധർമ്മ'ശബ്ദം സ്വീകരിച്ചുവന്നു. സംസ്കൃതത്തിലെ പ്രാചീനസാഹിത്യത്തിൽ 'ഏഷധർമ്മസ്സനാതനഃ' എന്നിങ്ങനെ പ്രയോഗം സുലഭമാകുന്നു. അന്നത്തെ ഗാംഭീര്യവും ധർമ്മപദത്തിനു ഏറും. 'ധാരണാൽ ധർമ്മ ഇത്യാഹുഃ' എന്നു ആചാര്യന്മാർ പറയുന്നു. ലോകത്തെ വീണുപോകാതെ താങ്ങിനില്ക്കുന്നതു് എന്നു ധർമ്മത്തിനു അർത്ഥം. മതപദത്തിനു ഈ മേന്മയില്ല. അതു ദുർബ്ബലമാകുന്നു. ധർമ്മത്തിന്റെ സ്ഥാനത്തു മതം എന്ന പദം പ്രതിഷ്ഠിച്ചിട്ടു അല്പകാലമേ ആയിട്ടുള്ളു. പാശ്ചാത്യന്മാരാണു് ആ പ്രതിഷ്ഠയുടെ കർത്താക്കന്മാരെന്നു വിശ്വസിക്കണം. ഏതായാലും സ്വന്തമായെങ്കിലും വ്യവഹാരവീഥിയിൽനിന്നു നീക്കിനിർത്തുന്നതിനു കഴിയാത്തവിധം ഇന്നു മതപദത്തിനു സ്ഥാനം ഉറച്ചിട്ടുണ്ടു്. അതുകൊണ്ടു് അതിനെ സ്വീകരിക്കുകതന്നെ യുക്തം. സാധാരണസന്ദർഭങ്ങളിൽ മതം എന്നും വിശിഷ്ടഭാവത്തെ പ്രകാശിപ്പിക്കേണ്ടതായി വരുന്നിടത്തു ധർമ്മം എന്നും ഉപയോഗിക്കുന്നതു നന്നായിരിക്കും.

നൂതനപരിഷ്കാരത്തിന്റെ ഉദ്വേലമായ പ്രവാഹം നിമിത്തം അടുത്ത അല്പകാലമായി ലോകത്തിൽ പൊതുവെ മതങ്ങൾക്കൊക്കെത്തന്നെ കഠിനമായ ക്ഷീണവും അവശതയും സംഭവിച്ചിട്ടുണ്ടു്. മതം എന്തിനു്? എന്ന ശബ്ദം ഇന്നു നാനാഭാഗങ്ങളിലും മുഴങ്ങിക്കേൾക്കാം. ചിലർ അതു ആവശ്യമില്ലെന്നു വാദിച്ചുതള്ളുന്നു. 'വേണമെങ്കിൽ വല്ല മുക്കിലോ മൂലയിലോ ഇരുന്നുകൊള്ളട്ടെ, അല്ലെങ്കിൽ വേണ്ട' എന്നൊരു ഉദാസീനബുദ്ധിയാണു ചിലർക്കു അതിനെപ്പററിയുള്ളതു്. മതം അത്യാവശ്യമെന്നു പറയുന്നവരും തദനുസരണം പ്രവർത്തിക്കുന്നവരും ചുരുക്കമായിട്ടെന്നാലും ഉണ്ടു്. അവർ ധർമ്മത്തെ നിലനിർത്തി പോരുന്നു. പ്രതിദിനം വർദ്ധിച്ചുവരുന്ന നികൃഷ്ടമായ മതദ്വേഷം ഭാരതഭൂമിയെയും ബാധിച്ചുകഴിഞ്ഞു. അതിന്റെ വലിയ പങ്കു ഹിന്ദുമതത്തിനു തട്ടിയിരിക്കുന്നു. ഭാരതീയരുടെ ധർമ്മം ഇന്നു പരധർമ്മഗ്രസ്തവും അവശവും അനാഥവും ആയിത്തീർന്നു എന്നു കാണാം. നാസ്തിക്യം, അജ്ഞത, അഹങ്കാരം, അധർമ്മാഭിരുചി, പ്രക്ഷോഭം, സമരം, രോഗം, കൊള്ള, മഹാരോഗം, അകാലമരണം, ഐശ്വര്യനാശം, കുടുംബ സമുദായഛിദ്രം, ക്ഷാമം എന്നിങ്ങനെ പല ദോഷങ്ങളും ഇന്നു സർവ്വത്ര പടർന്നുപിടിച്ചിട്ടുണ്ടല്ലോ. ഇവ സർവ്വവും മതദ്വേഷത്തിന്റെ അല്ലെങ്കിൽ നാസ്തിക്യത്തിന്റെ ദുസ്സന്താനങ്ങളാകുന്നു. ഇന്നു ക്ഷേമവും സമാധാനവും നശിച്ച ലോകം അനാവാസയോഗ്യമാകുകയും, മനുഷ്യർ കിരാതന്മാരെയും മൃഗങ്ങളെയും അജ്ഞതകൊണ്ടു വെല്ലുവിളിക്കുന്ന ഒരു നിലയിൽ എത്തിച്ചേരുകയും ചെയ്തിരിക്കുന്നു. ക്ഷേമസമാധാനങ്ങൾ ജനങ്ങളുടെ സദാചാരപരമായ ജീവിതത്തിൽനിന്നും, ആ സദാചാരം മതത്തിന്റെ മർമ്മങ്ങളിൽനിന്നും മുളച്ചുവളരണം. എങ്കിൽ മാത്രമേ ഫലപ്രദമാകുകയുള്ളു. ഇതിൽനിന്നു മതം നേരെയായാൽ മാത്രമേ ലോകത്തിനു സുസ്ഥിതി ലഭിക്കുകയുള്ളു എന്നു വ്യക്തമാകുന്നുണ്ടല്ലോ.

മതത്തിന്റെ പ്രയോജനമെന്തെന്നു ചിന്തിക്കാം. മൃഗങ്ങൾക്കും മനുഷ്യർക്കും തമ്മിൽ വ്യത്യാസം ഉണ്ടു്. ആഹാരാദിചതുഷ്ടയം കൊണ്ടു സന്തോഷിച്ചു് അതു സാധിക്കുന്നതിനു കാണുന്നിടത്തൊക്കെ അലഞ്ഞുതിരിഞ്ഞു നിയന്ത്രണമൊന്നുമില്ലാതെ എന്തും പ്രവർത്തിച്ചു് ഒടുവിൽ അവശതയോടുകൂടി ചത്തു തുലയുന്നു. ഇതു മൃഗസ്വഭാവം. എന്നാൽ മനുഷ്യർക്കു ജീവിതത്തിൽ സാധിക്കുന്നതിനു് ഉൽകൃഷ്ടങ്ങളായ ചില ആദർശങ്ങൾ അല്ലെങ്കിൽ ലക്ഷ്യങ്ങളും അവയുടെ സിദ്ധിക്കു വിവിധങ്ങളായ ഉപായങ്ങളും കല്പിതങ്ങളായിട്ടുണ്ടു്. ജന്മത്തിന്റെ പരമങ്ങളായ ഉദ്ദേശങ്ങൾ സാധിക്കുന്നതിനു വേണ്ടിയാണു് ഈശ്വരൻ മനുഷ്യനു വിശേഷബുദ്ധി കൊടുത്തിരിക്കുന്നതു്. ഈ തത്ത്വം അറിഞ്ഞു പ്രവർത്തിച്ചു സാഫല്യം നേടുമ്പോൾ, ഒരു മനുഷ്യന്റെ ജീവിതം അവനും സമുദായത്തിനും പൊതുവെ ലോകത്തിനും ഉപകാരപ്രദമായി ഭവിക്കും. അങ്ങനെ ചെയ്യാതിരിക്കുന്നിടത്തോളംകാലം അവൻ ഒരുതരം "ഇരുകാലി നാല്ക്കാലി" വർഗ്ഗത്തിൽ ഉൾപ്പെട്ടു നാശമടയുന്നു. അത്തരക്കാരെക്കൊണ്ടു ജനസംഖ്യ വർദ്ധിപ്പിക്കാമെന്നല്ലാതെ ലോകത്തിനു യാതൊരു പ്രയോജനവുമില്ല. ഇവിടെ സൂചിപ്പിച്ച ജീവിതാദർശങ്ങളെയും തത്സാധനോപായങ്ങളെയും വിദ്യാനുഷ്ഠാനാദികൾകൊണ്ടു നിലനിർത്തി മനുഷ്യസമുദായത്തിനു സർവ്വവിധമായ ശ്രേയസ്സിനെയും പ്രദാനംചെയ്യുന്നതു യാതൊന്നോ അതിനെ ചുരുക്കത്തിൽ മതം എന്നു പറയാം. ഈ തത്ത്വം അല്പംകൂടി വിശദമാക്കേണ്ടിയിരിക്കുന്നു.

മനുഷ്യജീവിതത്തിൽ സാധിക്കേണ്ടവയായി നാലു മുഖ്യകാര്യങ്ങൾ ഉണ്ടു്. ധർമ്മം അർത്ഥം കാമം മോക്ഷം എന്നു അവയ്ക്കുപേർ. ഭാരതീയർ അവയെ പുരുഷാർത്ഥങ്ങൾ എന്നു വ്യവഹരിക്കുന്നു. ജീവിതത്തെ, പൊതുവേ ലോകത്തെത്തന്നെ, താങ്ങിനില്ക്കുന്ന നാലു സ്തംഭങ്ങളായി അവയെ ഗണിക്കാം. ഒരു ഭാരതീയന്റെ ഐഹികവും ആത്മീയവും ദൈവികവും പാരത്രികവും ആയ എല്ലാ കാര്യവും പുരുഷാർത്ഥങ്ങളിൽ അന്തർഭവിക്കുന്നു. ഇവയിൽ ഓരോന്നിനെയും അടിസ്ഥാനമാക്കി അനേകം ശാസ്ത്രങ്ങളും സാഹിത്യങ്ങളും ഭാഷ്യങ്ങളും വ്യാഖ്യാനങ്ങളും നിരൂപണങ്ങളും നിർമ്മിക്കപ്പെട്ടിട്ടുണ്ടു്. മന്വാദികളായ ആചാര്യന്മാർ ധർമ്മശാസ്ത്രത്തിന്റെയും കൗടില്യാദികൾ അർത്ഥത്തിന്റെയും വാത്സ്യായനപ്രമുഖന്മാരായവർ കാമത്തിന്റെയും ബാദരായണൻ മുതലായവർ മോക്ഷത്തിന്റെയും പ്രവർത്തകന്മാരാകുന്നു. പുരുഷാർത്ഥങ്ങൾ ഓരോന്നിനും അനേകം ശാഖകളും ഉപശാഖകളും ഉപോപശാഖകളും അവയെയൊക്കെ അടിസ്ഥാനമാക്കി അസംഖ്യം ഗ്രന്ഥങ്ങളും രചിക്കപ്പെട്ടിരിക്കുന്നു. അങ്ങിനെയുണ്ടായിരിക്കുന്ന ഗ്രന്ഥസമുച്ചയം സമുദ്രംപോലെ അപാരം എന്നു പറയണം. പുരുഷാർത്ഥങ്ങളിൽ ധർമ്മം മുഖ്യം. അതുകൊണ്ടു ആദ്യം അതിന്റെ പേർ സ്മൃതമായി. അതു മററുള്ളവയെ താങ്ങിനില്ക്കുന്നു.

ധർമ്മത്തെ അടിസ്ഥാനമാക്കി കല്പിതമായാൽ അർത്ഥം അർത്ഥവത്തും അല്ലെങ്കിൽ അനർത്ഥവുമായിത്തീരും. 'അർത്ഥമനർത്ഥം ഭാവയ നിത്യം' എന്നതു അധർമ്മപരമായ അർത്ഥത്തെ സംബന്ധിക്കുന്ന വാക്യമാകുന്നു. അതുപോലെ ധർമ്മമൂലമല്ലെന്നുവന്നാൽ കാമവും മോക്ഷവും ആപല്പൂരവും വിഫലവുമായി ഭവിക്കുന്നു. ഒരു കാര്യം ഗുണമെന്നോ ദോഷമെന്നോ നിശ്ചയിക്കുന്നതു്, അതിനു ധർമ്മാധർമ്മങ്ങളോടു സിദ്ധിച്ചിരിക്കുന്ന ബന്ധത്തെ ആസ്പദമാക്കിയാണു്. ധർമ്മത്തെ അടിസ്ഥാനമാക്കിയുള്ളതെങ്കിൽ ഏതു ദോഷവും ഗുണം. അല്ലെങ്കിൽ ഗുണവും ദോഷം. വൈദ്യന്മാർ ശാസ്ത്രാനുസരണം ചില സംസ്കാരങ്ങൾ ചെയ്യുമ്പോൾ, ആപല്പൂരമായ വിഷംകൂടി ആരോഗ്യപ്രദമായ മരുന്നായിട്ടു മാറുന്നു. രസപ്രയോഗംകൊണ്ടു കാരിരുമ്പു സ്വർണ്ണമാകുന്നു. ഇതുപോലെ ഹിംസാദിദോഷങ്ങൾകൂടി, ധർമ്മാനുസരണം കല്പിതമാകുമ്പോൾ ഗുണമായി ഭവിക്കുന്നു. യാഗത്തിലെ പശുഹിംസ ധർമ്മമായി ഗണിച്ചിരിക്കുന്നതിന്റെ രഹസ്യതത്ത്വം ഇതാണു്. സർവ്വവർജ്ജ്യങ്ങളായ രാഗദ്വേഷാദിദോഷങ്ങളും ധർമ്മബന്ധംകൊണ്ടു ഗുണമായി ഭവിക്കുന്നു എന്നു അനുഭവമുണ്ടു്.

ധർമ്മവും ഈശ്വരനും, രണ്ടും ഒന്നാണെന്നു പറയണം. ഇവയിൽ ഒന്നു എവിടെയുണ്ടോ അവിടെ മററതും സംഭവിക്കും. ആനയുടെ പുറകെ വാലു എന്നതുപോലെ ധർമ്മത്തിന്റെ പുറകെ ഈശ്വരൻ, അല്ലെങ്കിൽ ഈശ്വരന്റെ പിന്നിൽ ധർമ്മം പോകുന്നു എന്നതു ശാസ്ത്രത്തിനും അനുഭവത്തിനും യോജിച്ച തത്ത്വമാകുന്നു.

> ധർമ്മാവിരുദ്ധഃകാമോഽസ്മി
> ഭൂതേഷു ഭരതർഷഭ?

എന്നു ഗീതയിൽ ഭഗവാൻ അരുളിച്ചെയ്തതു നോക്കുക. ധർമ്മത്തിനനുസരണമായിട്ടു വരുമ്പോൾ ജീവജാലങ്ങളിൽ സ്ഥിതിചെയ്യുന്ന കാമം ഞാനാകുന്നു എന്നു ഈ വാക്യത്തിന്റെ സാരം. ഇവിടെ 'ധർമ്മ'പദത്തിനു ശാസ്ത്രാർത്ഥമെന്നും 'കാമ'ത്തിനു "ദേഹധാരണമാത്രാദ്യർത്ഥഃ അശനപാനാദിവിഷയഃ എന്നും ശ്രീശങ്കരാചാര്യർ അർത്ഥം പറയുന്നു. ദേഹധാരണാദികൾക്കു വേണ്ടിമാത്രം കഴിക്കേണ്ടതായ ആഹാരത്തെ ആഗ്രഹിക്കുന്നതു് എന്നു കാമപദത്തിന്റെ അർത്ഥം. തദധികമായി ഭക്ഷിക്കുന്നതു ധർമ്മവിരുദ്ധമെന്നു ഭാവം. ഈ ഗംഭീരമായതത്ത്വം "കുയ്യാദാഹാരം പ്രാണസംരക്ഷണാർത്ഥം" എന്നു വാസിഷ്ഠത്തിലും ഉപദേശിക്കുന്നു. കാമത്തിനു അംഗം എന്ന അർത്ഥം അസംഗതമല്ല. യഥാവിധി വിവാഹബന്ധത്തിൽ ഏർപ്പെട്ടവരായ ദമ്പതിമാർ ശാസ്ത്രോപദേശമനുസരിച്ചു സുമുഹൂർത്തത്തിൽ കുടുംബാഭിവൃദ്ധിക്കുവേണ്ടി സന്താനലാഭാർത്ഥം സമാഗമത്തിനു ആഗ്രഹിക്കുന്നതായാൽ അതിനു പ്രേരിപ്പിക്കുന്ന അല്ലെങ്കിൽ അടിസ്ഥാനമായി നില്ക്കുന്ന രാഗം ധർമ്മത്തിനുവിരുദ്ധമായ കാമം. അതു ഈശ്വരൻതന്നെ. ഇന്നത്തെ ചെറുകഥകളിലും പ്രേമഗീതികളിലും കാണുന്നതുപോലെ വിദ്യാർത്ഥികളും ബാലികകളും, അദ്ധ്യാപകന്മാരും ശിഷ്യകളും കാമുകന്മാരും കന്യകകളും എന്നിവർ തമ്മിൽ പ്രേമത്തിന്റെ പേരിൽ കാണിക്കുന്ന അധർമ്മമയങ്ങളായ വിക്രിയാവിലാസങ്ങളെ ഈ കൂട്ടത്തിൽ ഗണിക്കാവുന്നതല്ല. അവയെ വിഷത്തെയെന്നപോലെ വർജ്ജിക്കണം. അവരുടെ സമാഗമത്തിൽനിന്നു കുലകരാരങ്ങളായ ദുസ്സന്താനങ്ങൾ ഉണ്ടാകുകയും സമുദായത്തിനും ലോകത്തിനും ആപത്തുനേരിടുകയും ചെയ്യുന്നു. ലോകകണ്ടകന്മാരായ ദുഷ്ടന്മാരുടെ നാശത്തിനും തദ്വാരാ ധർമ്മപ്രതിഷ്ഠയ്ക്കും ഹേതുവായിവരുമ്പോൾ ദ്വേഷക്രോധങ്ങൾ ധർമ്മാനുസരണങ്ങളാകും. അപ്പോൾ അവയ്ക്കു ഈശ്വരത്വമുണ്ടു്. ദേവന്മാർ മഹർഷികൾ ഋഷിപ്രതിമന്മാരായ രാജാക്കന്മാർ എന്നിവർ കോപിക്കുകയും ശപിക്കുകയും നിഗ്രഹിക്കുകയും ചെയ്യുന്ന കഥകൾ പുരാണങ്ങളിൽ സുലഭങ്ങളാകുന്നുവല്ലോ. ആ കോപവും ശാപവുമൊക്കെ ഒടുവിൽ ലോകക്ഷേമത്തെ ജനിപ്പിക്കുന്നു. അതുകൊണ്ടു അതു ധർമ്മാവിരുദ്ധവും ഈശ്വരമയവുമാകുന്നു. ഇതിൽനിന്നൊക്കെ ധർമ്മത്തിനു എത്രയ്ക്കു പ്രാധാന്യവും പരിശുദ്ധിയും പ്രഭാവവും കൈവന്നിട്ടുണ്ടെന്നു ഗ്രഹിക്കാവുന്നതാണല്ലോ.

> ആ സുപ്രധാനമായ സദാചാരം മതത്തിന്റെ രക്തത്തിൽനിന്നും ജീവനിൽനിന്നും ഉണ്ടായി വളർന്നു പടർന്നുപിടിച്ചിരിക്കുന്നതാണു്. അതിന്റെ സ്വരൂപം, തത്ത്വം, ആദർശം, അനുഷ്ഠാനരീതി, എന്നിവ ധർമ്മശാസ്ത്രങ്ങളിൽനിന്നു ഗ്രഹിക്കണം. ഒരു സമുദായത്തിനു് സന്മാർഗ്ഗനിഷ്ഠയെക്കാൾ മഹത്തും വിശുദ്ധവും അനശ്വരവും സർവ്വാഭീഷ്ടപ്രദവുമായ സമ്പത്തു് വേറെയില്ല. അസഭ്യത്തി കാളകൂടവിഷം എന്നപോലെ, അതിനെ പൂജിക്കുന്ന സമുദായത്തിന്റെ ക്ഷേമൈശ്വര്യസമ്പദാദികളെ ക്ഷണേന ഭസ്മമാക്കുന്നു. അങ്ങനെയുള്ള ഒരു നാട്ടു്, 'അഖിലവിനാശോദന്തം നാടക'മാടുന്ന രംഗമായി ഭവിക്കുന്നു. ഈവിധം ശ്രേഷ്ഠമായ സന്മാർഗ്ഗനിഷ്ഠയെ മതത്തോടു നിബന്ധിച്ചാണു് സൃഷ്ടിച്ചിരിക്കുന്നതു്. അതുകൊണ്ടു തന്നെ അതു് അനാദികാലംമുതൽ നിലനിന്നുപോരുന്നതു്. മതത്തോടു വേർപെടുത്തി, ആ നിലയിൽ സൃഷ്ടിക്കുന്ന സന്മാർഗ്ഗം, കുട്ടികൾ കടലാസുകൊണ്ടും ചുള്ളിക്കമ്പുകൊണ്ടും ഉണ്ടാക്കുന്ന കളിപ്പുരകൾപോലെ ദുർബ്ബലങ്ങളും നിരുപയോഗങ്ങളും ആണു്. ഈ വസ്തുത ഭാരതീയാചാര്യന്മാർ സൂക്ഷ്മമായി ഗ്രഹിച്ചിട്ടുണ്ടെന്നു് അവരുടെ മഹത്തും ഗംഭീരവുമായ ധർമ്മശാസ്ത്രം തെളിയിക്കുന്നു.

അർത്ഥം അപ്രധാനമല്ലെന്നും അതും ലോകത്തിന്റെ ഒരു സ്തംഭം എന്നും മുൻപു സൂചിപ്പിച്ചിട്ടുണ്ടു്. അതുസമ്പാദിക്കേണ്ടതു ആവശ്യമെന്നും സമ്മതിക്കണം. ലൗകികന്മാർക്കു ധനം വേണ്ടെന്നുവെയ്ക്കാവുന്നതല്ല. നിർദ്ധനനു സ്വധർമ്മം നിർവ്വഹിക്കുന്നതിനു അസാധ്യം. ഗൃഹിണി സന്താനം അതിഥി പരിചാരകൻ എന്നിവർ ദരിദ്രനു ദുർവ്വഹന്മാരാകുന്നു. അവരെ അവനു സംരക്ഷിക്കാവുന്നതല്ല. ധനംസമ്പാദിക്കുന്നതിനു ഒരുമ്പെടുമ്പോഴൊക്കെ ധർമ്മാധർമ്മമാർഗ്ഗങ്ങളെക്കുറിച്ചു ഗാഢമായി ചിന്തിക്കണം. ധർമ്മത്തിനു വിരുദ്ധമെന്നുവന്നാൽ ഒരുകാശുപോലും നേടരുതു്. അധർമ്മംചെയ്തു സമ്പാദിക്കുന്ന ധനം വിഷത്തേക്കാൾ ഭയങ്കരമാകുന്നു. വിഷം അതു ഭക്ഷിക്കുന്നവന്റെ ജീവനെ മാത്രമേ നശിപ്പിക്കുകയുള്ളു. എന്നാൽ കുനയഫലമായി കിട്ടിയ ധനമോ? അതു അതിന്റെ ഉടമസ്ഥനേയും സന്താനപരമ്പരയേയും കുലത്തെയും വേരറുത്തു നശിപ്പിക്കും. 'കർത്തുർമൂലാനി കൃന്തതി' എന്നു സ്മൃതിപറയുന്നതു നോക്കുക. അന്യായസിദ്ധമായ ധനം ശുദ്ധമായ മുതലുകൈവശമുണ്ടെങ്കിൽ അതിനെയും ഭസ്മമാക്കും. ഒരുവൻ ധനാർത്ഥം പാപംചെയ്യുന്നതിനു വിചാരിക്കുമ്പോൾ അവനെ നശിപ്പിച്ചുഅപകടത്തിലാക്കുന്നതിനു വഴി ഈശ്വരൻ ചിന്തിക്കുന്നു. അവൻ ആ വിഷധനം വർദ്ധിപ്പിക്കുന്തോറും അതു നശിപ്പിക്കാനുള്ള ഈശ്വരന്റെ ആഗ്രഹം ശക്തിയേയും പുരോഗതിയേയും പ്രാപിക്കുന്നു. ഒടുവിൽ ഈശ്വരൻ ജയിക്കുന്നു. മനുഷ്യൻ തോററുനശിക്കുന്നു. സമൃദ്ധം ഭാര്യാപുത്രപൗത്രാദികൾക്കു ശ്രേയസ്കരമായവിധം അനുഭവിക്കുന്നതിനു ഉപയോഗപ്പെടണം എന്നു ആഗ്രഹിക്കുന്ന യാതൊരാളും അതിൽ വിഷംകലത്തുക, അധർമ്മമായിട്ടതു ഉണ്ടാക്കുക എന്ന പാപം ചെയ്യാതെയിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാകുന്നു. അമാർഗ്ഗത്തിൽക്കൂടി സമ്പത്തു നേടുന്നവൻ തനിക്കും കുടുംബത്തിനും വലിയ ദ്രോഹിയായിട്ടാണ ഭവിക്കുന്നതു്. അങ്ങനെയുള്ള ശ്രമത്തിൽ തല്ക്കാലം വല്ല ജയവും കണ്ടേക്കാം. എന്നാൽ അതു നിഷ്ഫലവും ക്ഷുദ്രവും ആയിരിക്കും.

ധനം സമ്പാദിക്കുന്നതിനു ആഗ്രഹിക്കുന്നവൻ ആദ്യം ധർമ്മത്തെ ആചരിക്കണം.

> അർത്ഥസിദ്ധി പരാമിച്ഛൻ
> ധർമ്മമേ വാദിതശ്ചരേൽ
> ന ഹി ധർമ്മാദപേത്യാർത്ഥ
> സ്വർഗ്ഗലോകാദിവാമൃതം (മഹാഭാരതം)

എന്നു പറഞ്ഞിരിക്കുന്നതു കാണുക. സ്വർഗ്ഗവും അമൃതവും എന്നപോലെ ധർമ്മവും അർത്ഥവും വിട്ടുപിരിയാതെ ഇണങ്ങിച്ചേർന്നിരിക്കുന്നു. പാപപ്രവൃത്തികൊണ്ടു ധനം സമ്പാദിച്ചു ശ്രേയസ്സുനേടാമെന്നു വിചാരിക്കുന്നതു കേവലം വ്യാമോഹം മാത്രമാണു്. അർത്ഥം എന്നപോലെ കാമം മോക്ഷം എന്നീ പുരുഷാർത്ഥങ്ങളും ധർമ്മത്തിനു അനുകൂലമായവിധം സാധിക്കുന്നുവെങ്കിൽ മാത്രമേ ഹിതങ്ങളും അനുഭവയോഗ്യങ്ങളും ആയി ഭവിക്കുകയുള്ളു.

ഏതെങ്കിലും ഒന്നുകൊണ്ടു മററൊന്നിനു നാശംനേരിടാത്തവിധം പുരുഷാർത്ഥങ്ങൾ സാധിക്കണം. ഒന്നിനു നാശംവരുത്തിയിട്ടു വേറൊന്നിനെ സ്വീകരിക്കുന്നതു ആപല്ക്കരമായ അധർമ്മമാകുന്നു.

> ന ധർമ്മമർത്ഥ കാമാഭ്യാം
> ബബാധേ ന ച തേന തൌ
> നാർത്ഥം കാമേന കാമം വാ
> സോർത്ഥേന ഗുണരസ്സ്രിഷു

—എന്നു വിശാലമഹാകവിയായ കാളിദാസൻ ഉപദേശിച്ചിരിക്കുന്നതു ശ്രദ്ധാർഹമാകുന്നു. അർത്ഥവും കാമവുംകൊണ്ടു ധർമ്മവും ധർമ്മംകൊണ്ടു മററവയും നശിക്കുന്നതു ദൂഷ്യമാകുന്നു. അതുപോലെ അർത്ഥകാമങ്ങളിൽ ഒന്നു മററതിന്റെ ഹാനിയെ ചെയ്യുന്നതു് കുശലമല്ല പാടില്ല. എല്ലാത്തിനേയും സമനിലയിൽ ഗണിച്ചു ആദരിക്കണം. പുരുഷാർത്ഥങ്ങൾ സാധിക്കുന്നകാര്യത്തിൽ ഏററവും മുഖ്യമായ ഒന്നാണു് ഈ തത്ത്വം. ഇന്നു ഈ തത്ത്വം വിസ്മൃതമായിത്തീർന്നു. ധർമ്മം ബഹിഷ്കൃതമായി. അർത്ഥത്തിനുവേണ്ടി അർത്ഥം അനർത്ഥങ്ങളെയും ഏതുപാപം ചെയ്തും സമ്പാദിക്കണം. 'അർത്ഥസ്യ പുരുഷോ ദാസഃ' എന്നതുതന്നെ പ്രമാണം. അതുപോലെ കാമത്തിനുവേണ്ടി കാമവും. ഈ പ്രകാരം ഭൗതികസുഖാഡംബരമഗ്നന്മാരായി കഴിയുന്നവർക്കുണ്ടോ പരമപുരുഷാർത്ഥമായ മോക്ഷത്തെക്കുറിച്ചു ചിന്തിക്കുന്നതിനു കൗതുകവും അവസരവും. ഈവിധംഒന്നായി ഇന്നത്തെ ലോകസ്ഥിതി. സ്ഥാനഭ്രംശംവന്ന ധർമ്മത്തെ ഉദ്ധരിച്ചു് അതിന്റെ സ്ഥാനത്തിരുത്തി യഥാവിധി ആരാധിക്കുന്നുവെങ്കിൽ മാത്രമേ ഈ ദുർദ്ദശയിൽനിന്നു രക്ഷകിട്ടുകയുള്ളു. അതു് ഇന്നാരുടേയും മുഖ്യകർത്തവ്യമാണു്.

ഒരു ഭാരതീയനു് അവൻ ചെയ്യുന്ന കൃത്യം ലൗകികമോ ആത്മീയമോ പാരത്രികമോ ദൈവികമോ ഏതുശാഖയിൽ ഉൾപ്പെടുന്നതായാലും അതൊക്കെ ധർമ്മത്തിൽ ഒതുങ്ങിനില്ക്കുന്നു. അന്യനാട്ടുകാർ മതവുമായി യാതൊരു ബന്ധവുംകല്പിക്കാതെ കേവലം ലൗകികവുംനിസ്സാരവുമായി ഗണിച്ചിരിക്കുന്ന കാര്യംകൂടി ഭാരതീയർക്കു അവരുടെ മതത്തിന്റെ അംശങ്ങളാണു്. വർണ്ണാശ്രമാദ്യാചാരവിധികളിൽ അവരുടെ ധർമ്മങ്ങൾ എല്ലാം അടങ്ങുന്നു. അങ്ങനെയല്ലാതെ ഒരുധർമ്മം അവർക്കില്ല. ലൗകികമായ രാഷ്ട്രതന്ത്രംകൂടി പൗരസ്ത്യർക്കു മതനിബദ്ധമാണു്. ആത്മീയവുംദൈവീകവുമായ തത്ത്വങ്ങളുമായി ഉറപ്പേറിയ ഒരടിസ്ഥാനബന്ധം അതിനുണ്ടു്. ഋഷികളെപ്പോലെ രാജാക്കന്മാരും ജിതേന്ദ്രിയന്മാരായിരിക്കണമെന്നതു ഭാരതീയരാഷ്ട്രതന്ത്രത്തിലെ ഒരു മുഖ്യസിദ്ധാന്തമാണു്. പൗരാണികകാലത്തെ രാജാക്കന്മാർ ഋഷിപ്രതിമന്മാരായിരുന്നു. 'ശമവതാമവതാം ച ധുരിസ്ഥിതഃ' "അസക്തസ്സുഖമന്വഭൂൽ" "ബഭൂവ യോഗീ കില കാർത്തവീര്യഃ" എന്നും മററും അവരെപ്പററി പറഞ്ഞിരിക്കുന്നതു നോക്കുക. രാജാക്കന്മാരെ സംബന്ധിച്ചു രാജർഷിയെന്നു വ്യവഹരിക്കുന്ന നടപ്പ് ഭാരതീയരുടെ ഇടയിലല്ലാതെ കാണുമെന്നുതോന്നുന്നില്ല. "രാജ്യാശ്രമമുനിംമുനിഃ" എന്നിങ്ങനെ രാജ്യഭരണവൃത്തിയെ പാവനമായ തപസ്സായി പൂജിക്കുന്നവരും അവർമാത്രം. ലൗകികങ്ങളായ കാര്യങ്ങളെയും അനന്യദൃശവും അഗാധവും ആയ ഒരു ധർമ്മദൃഷ്ടികൊണ്ടാണു് പൗരസ്ത്യർ കാണുന്നതു്. അത്രയ്ക്കു വിശുദ്ധവും വിശാലവും വിശേഷതരവുമാണു് അവരുടെ ധർമ്മശാസ്ത്രം.

ആത്മദർശനം സാധിച്ചവരും സർവ്വസംഗപരിത്യാഗികളും ലോകാനുഗ്രഹൈകനിരതന്മാരും ആയ ഋഷികളത്രെ ധർമ്മശാസ്ത്രത്തിന്റെ പ്രവർത്തകന്മാർ. അവർ ഏതെങ്കിലും ഒരു പ്രത്യേകവർഗ്ഗക്കാരോടു് പ്രീതിയോ ദ്വേഷമോ സംഭവിച്ചു പക്ഷപാതബുദ്ധിയോടുകൂടിയല്ല ധർമ്മങ്ങൾ നിശ്ചയിച്ചു നടപ്പിൽവരുത്തിയിരിക്കുന്ന



വടയാററുകോട്ട ശ്രീകൃഷ്ണസ്വാമിക്ഷേത്രത്തിൽ ഭഗവദ്ദൂതു് എന്ന പുരാണകഥ ഹരികഥാപ്രസംഗം നടത്തിയ ഹരിപ്പാട്ടു് സരസ്വതിഅമ്മാളും സഹോദരിയും, ഭാഗവതർ ജീ. രാമൻകുട്ടിനായരും.

ളു്. സർവ്വവിധചരാചരങ്ങളുടേയും ക്ഷേമത്തെ പുരസ്കരിച്ച് അവർ ചിന്തിച്ചിട്ടുണ്ട്. ഒരു ധർമ്മത്തിന്റെ ശരിയായ വിലയും ആവശ്യകതയും അതുകൊണ്ട് ഉപയോഗമുള്ളവന്റെ സ്ഥാനം കൈവരുമ്പോളാണ് ജനങ്ങൾക്ക് അനുഭവപ്പെടുന്നതു്. സാധാരണനിലയിൽ അതിന്റെ മഹത്വത്തെപ്പററി ചിന്തിക്കുന്നവർ ദുർല്ലഭം.

അന്യനാട്ടുകാരനും അപരിചിതനും അശരണനും ആയ ഒരു അതിഥി, സ്വഗൃഹത്തിൽ വരുന്നതു ഗൃഹസ്ഥൻ ഉപദ്രവമെന്നു വിചാരിക്കുന്നു. അയാളെ സല്ക്കരിക്കുന്നതു ശല്യമായി കരുതി, നിവൃത്തിയുണ്ടെങ്കിൽ അതിൽനിന്നു ഒഴിഞ്ഞുമാറിനില്ക്കും. അതിഥിപൂജ ഗൃഹസ്ഥന്മാരെ ഉപദ്രവിക്കുന്നതിനു വച്ചിരിക്കുന്ന ഒരു ധർമ്മമെന്നു വിചാരിച്ച് അയാൾ ശാസ്ത്രത്തെ കൂടി വെറുക്കും. എന്നാൽ ഈ ഗൃഹസ്ഥൻ മറേറതെങ്കിലും നാട്ടിൽ അകപ്പെട്ട് ആഹാരാദികൾക്കു യാതൊരു വഴിയുമില്ലാതെ അഗതിയായി അലഞ്ഞുതിരിഞ്ഞു ഒടുവിൽ ഏതെങ്കിലും ഭവനത്തിൽ ചെന്നുകയറുന്നു എന്നു വിചാരിക്കുക. അപ്പോൾ അതിഥിസല്ക്കാരം ഉൽകൃഷ്ടമായ ധർമ്മമെന്നു അയാൾക്കു അനുഭവപ്പെടും. 'അതിഥിദേവോ ഭവ' (അതിഥിയെ ഈശ്വരനെപ്പോലെ വിചാരിച്ചു പൂജിക്കണം) എന്ന ശ്രുതിവാക്യം പ്രത്യക്ഷരം ആദരണീയമെന്നു അയാൾക്കു മനസ്സിലാകും. ഒരു കനകഹർമ്മ്യത്തിനുമുകളിൽ ഭൃത്യപരിവാരാദിപരിസേവിതനായി സ്ഥിതിചെയ്യുന്ന ഒരു പ്രഭു, ഇടയ്ക്കു യാചകന്മാരാരെങ്കിലും അവിടെച്ചെന്നു 'വല്ലതും തരണമെ'ന്നും 'ഇന്നലെ ആഹാരം യാതൊന്നും കഴിച്ചിട്ടില്ലെ'ന്നും പറയുന്നതായാൽ, ഉടനെ കോപിച്ച് 'വേറെ വല്ലിടത്തും പോകാതെ, ശല്യത്തിനു ഇവിടെയെന്തിനു കടന്നു' എന്നു ശകാരിച്ച് അവനെ വെരുട്ടിച്ചയയ്ക്കും. വെറുതെ വലിഞ്ഞുകയറിവരുന്നവർക്ക് ആഹാരവും മററും കൊടുക്കണമെന്ന ശാസ്ത്രം ധനവാന്മാരെ ഉപദ്രവിക്കുന്നതിനു യാചകന്മാരിൽ പക്ഷപാതബുദ്ധിയോടുകൂടി നിർമ്മിച്ചതെന്നു അയാൾ അഭിപ്രായപ്പെടും. സംഗതിവശാൽ ഏതെങ്കിലും ആപത്തിൽ അകപ്പെട്ട് ഐശ്വര്യം സർവ്വം നശിച്ച് ബന്ധുജനങ്ങൾ ഉപേക്ഷിച്ച് അഗതിയും അവശനുമായി അയാൾ തെണ്ടുവാൻ ഇടയാകുന്നു എന്നു വിചാരിക്കുക. അപ്പോൾ 'വിമുഖാന്നാർത്ഥിനഃ കുര്യാൽ' (യാചകന്മാരെ ഇഷ്ടം കൊടുത്തു സന്തോഷിപ്പിച്ചയയ്ക്കണം) എന്ന ശാസ്ത്രം അത്യാവശ്യവും ഉൽകൃഷ്ടവുമായ ഒന്നെന്നു അയാൾ സമ്മതിക്കും. എന്നും ഓരോരുത്തരും ഒരേ നിലയിൽ ഐശ്വര്യത്തോടു കൂടിയിരിക്കുക സാധാരണമല്ലല്ലോ.

മാളികമുകളേറിയ മന്നന്റെ
തോളിൽ മാറാപ്പുകേററുന്നതും ഭവാൻ

എന്നതു് എത്രയോ അനുഭവസിദ്ധം? ഒരു തസ്കരൻ അന്യന്റെ മുതല് അപഹരിച്ചു കൈവശം വച്ച് അനുഭവിക്കുമ്പോൾ രാജാവും ഉദ്യോഗസ്ഥന്മാരും കച്ചേരിയും വിചാരണയുമൊക്കെ നാട്ടിൽ ഉണ്ടാകാതെയിരിക്കുവാൻ ആഗ്രഹിക്കും. 'ഈശ്വരാ! അവരൊക്കെ നശിക്കണമേ' എന്നു അവൻ മുക്തകണ്ഠം പ്രാർത്ഥിക്കുകയുംചെയ്യും. എന്നാൽ ആ ചോരന്റെ ധനം വേറൊരുവൻ മോഷണം ചെയ്യട്ടെ. അപ്പോൾ അവനു രാജാവും ഉദ്യോഗസ്ഥന്മാരും കച്ചേരിയുമൊക്കെ വേണം. സങ്കടംപറയുന്നതിന് ഓടിച്ചാഞ്ഞു അവൻ അവരുടെ മുമ്പിൽ എത്തിച്ചേരും. 'ഈശ്വരാ കള്ളനെ കണ്ടുപിടിച്ചു പോയ മുതല് കിട്ടുന്നതിന് ഇടയാകണമേ' എന്നായിരിക്കും ആ സമയം അയാളുടെ പ്രാർത്ഥന. 'സത്യം വദ' 'ധർമ്മം ചര' എന്നിങ്ങനെയുള്ള ഉപദേശങ്ങളുടെ വിലയും ആവശ്യകതയും അവനു ബോദ്ധ്യമാകുകയും ചെയ്യും. വിദ്യാർത്ഥികളായിരിക്കുന്നകാലത്തു് ഗുരുക്കന്മാരെ ദൈവത്തെപ്പോലെ കരുതി ബഹുമാനിക്കണമെന്നും തദാജ്ഞകൾ ആദരിക്കണമെന്നും മററുമുള്ള ഉപദേശങ്ങളിൽ ആർക്കും ഇക്കാലത്തു വെറുപ്പുതോന്നും. അവയൊക്കെ സ്വാർത്ഥികളായ അദ്ധ്യാപകന്മാർ തൻകാര്യം കാണുന്നതിനു ഏർപ്പെടുത്തിയ നടപടികളെന്നു അവർ വാദിച്ച് അവയെ ധിക്കരിക്കും. കാലാന്തരത്തിൽ ഈ വിദ്യാർത്ഥികൾ അദ്ധ്യാപകവൃത്തിയിൽ പ്രവേശിക്കുന്നതിന് ഇടയാകട്ടെ. അപ്പോൾ മുമ്പു വെറുത്ത നടപടികൾ ശ്രേഷ്ഠങ്ങളും അത്യാവശ്യങ്ങളും എന്ന് അവർക്ക് അനുഭവമാകും, അന്നു് 'ആചാര്യദേവോ ഭവ' എന്ന ഉപദേശം എത്രയ്ക്കു് അത്യാവശ്യമെന്ന് അവർക്ക് അറിയുവാൻ കഴിയും.

ഈ അഭിപ്രായം മഹാഭാരതത്തിൽ ഒരു സന്ദർഭത്തിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

അധർമ്മമാർഗ്ഗംകൊണ്ടുവല്ലതും
ധനം നേടുന്നു തസ്കരൻ
അരാജകത്തന്യധനം
നേടികൊള്ളുൻ സുഖിക്കുമേ
അതന്യന്മാർ ഹരിക്കുമ്പോ-
ളവനിച്ഛിപ്പു മന്നനെ
അപ്പോളാക്കെത്തിപ്പു സ്വധനം
തുഷ്ടരായോരുരായോഗ്യരിൽ
* * *
ഹരിക്കൊല്ലാ പരധന
മെന്നു ധർമ്മം സനാതനം
ബലിഷ്ഠന്മാരതോർക്കുന്നു
ദുർബ്ബലന്മാർ നടത്തുവായ്
ദൈവാൽ ദൌർബല്യമേല്ക്കുമ്പോ-
ളവർക്കുമതു ബോദ്ധ്യമാം
എന്നാൽ ബലികളാവില്ലാം
സുഖിപ്പവരുമായ്‌വരാ.
* * *
കൊടുക്കേണമിതേ ധർമ്മം
പൊതുവു ഭ്രമിഹിതോദ്ധൃതൻ
ധനികന്മാരിതോർക്കുന്നു
ദരിദ്രർ നിയമപ്പോഴായ്.
ദൈവയോഗാൽ പിച്ചയായാ
ലതവർക്കും ബോദ്ധ്യമാം
എന്നാൽ ധനികളാവില്ലാം
സുഖമുള്ളോരുമായ്‌വരാ
തനിക്കന്യൻ ചെയ്‌വതിന്നു
സമ്മതിക്കാതെയുള്ളവൻ
അതന്യരിൽ ചെയ്യിടൊല്ലാ
സ്വാർത്ഥമാപ്രിയമറിഞ്ഞവൻ.

(ശാന്തിപർവ്വം-അദ്ധ്യായം 259.) യഥാർത്ഥലോകസ്വഭാവം പ്രകൃതത്തിൽ മഹർഷി ഉദാഹരണസഹിതം വെളിപ്പെടുത്തിയിരിക്കുന്നു. 'തനിക്കന്യൻ' എന്നാരംഭിക്കുന്ന ഒടുവിലത്തെ പദ്യത്തിൽ ധർമ്മസ്വഭാവം ചുരുക്കത്തിൽ പറയുന്നു. അന്യന്റെ ഏതുതരം പ്രവൃത്തി തനിക്കനിഷ്ടമാകുമോ അതു അന്യനോടു് ചെയ്യരുതു്. ഇതത്രേ പരമമായ ധർമ്മരഹസ്യം. ഇതിൽനിന്നൊക്കെ പൊതുവേ ലോകത്തിന്റെ ക്ഷേമത്തെ മുഖ്യമായിക്കരുതിക്കൊണ്ടാണ് നാനാപ്രകാരങ്ങളായ ധർമ്മങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നതെന്നു തെളിയുന്നു. അതുകൊണ്ടു കുയുക്തിവാദത്തെ ആശ്രയിച്ചു വാദിച്ച് ശാസ്ത്രങ്ങളെയും തൽപ്രവർത്തകന്മാരെയും അപലപിച്ചു തള്ളുന്നതിന് ശ്രമിക്കാതെ തദുപദേശാനുസരണം പ്രവർത്തിക്കുന്നതുതന്നെ കർത്തവ്യം.

ഈശ്വരൻ, ആത്മാവു്, മോക്ഷം, സ്വർഗ്ഗം, സുകൃതം, ബ്രഹ്മം, ജന്മാന്തരം, പരലോകം, പാപം, നരകം എന്നിങ്ങനെ അദൃഷ്ടങ്ങളായ അനേകം ശക്തിവിശേഷങ്ങളും സ്ഥാനങ്ങളും ഉണ്ട്. അവയുടെ സ്വരൂപാദികളെക്കുറിച്ചു വിശദവും വിശാലവുമായി ചിന്തിച്ചിരിക്കുന്നതു മതഗ്രന്ഥങ്ങളിൽമാത്രമാകുന്നു. നമുക്ക് ഇഷ്ടമുണ്ടെങ്കിലും ഇല്ലെങ്കിലും അവയെപ്പററിയൊക്കെ അനേകം വിശ്വാസങ്ങളും കഥകളും നടപടികളും അനവരതം നമ്മെ ചുററിപ്പററി സ്ഥിതിചെയ്യുന്നു. അവയുടെ സ്പർശം വർജ്ജിച്ചുകൊണ്ട് സാധാരണമായ വ്യവഹാരംതന്നെ അസാദ്ധ്യം. അതുകൊണ്ട് എങ്ങനെയായാലും അവയെക്കുറിച്ചു ജ്ഞാനം സമ്പാദിക്കേണ്ടതു അത്യാവശ്യം. തല്ലബ്ധിക്കു മതഗ്രന്ഥപഠനമൊന്നുമാത്രമേ അവലംബമുള്ളൂ. അന്യമതങ്ങളുടെ നിലയെങ്ങനെയിരുന്നാലും ഭാരതീയരുടെ മതത്തെസംബന്ധിച്ചിടത്തോളം അദൃഷ്ടധർമ്മങ്ങളാണ് അതിനു പരമമായ അടിസ്ഥാനം എന്നു യാതൊരു ആശങ്കയുംകൂടാതെ പറയാം. അദൃഷ്ടങ്ങളായ ധർമ്മങ്ങളിൽനിന്നു സംഭവിച്ച് അവയെ ആശ്രയിച്ചു വളർന്ന് അവയിൽ ചെന്നു അവസാനിക്കുന്നു. ഇതാണ് ഹിന്ദുമതത്തിന്റെ നില.

അദൃഷ്ടം സൂക്ഷ്മവും പ്രധാനവും ദൃഷ്ടത്തിന്റെ മൂലവും; ദൃഷ്ടം ജഡവും സ്ഥൂലവും ഭൗതികവും, ഇവയിൽ ആദ്യത്തതിന്റെ പ്രേരണ അനുസരിച്ച് മറേറതു പ്രവർത്തിക്കുന്നു. യഥാർത്ഥത്തിൽ ജ്ഞാനം എന്നു ഭാരതീയർ പറയുന്നതു് അദൃഷ്ടവർഗ്ഗത്തിൽ ഉൾപ്പെട്ട ഈശ്വരൻ, ആത്മാവു്, ബ്രഹ്മം മുതലായവയെക്കുറിച്ചുള്ള അറിവിനെയാണ്. ജഡമായ ദൃശ്യവസ്തുസമുച്ചയത്തെ അധികരിച്ചുണ്ടാകുന്ന സ്ഥൂലമായ ജ്ഞാനം ആ പേരിനെ അർഹിക്കുന്നില്ല. അതീന്ദ്രിയങ്ങളായ അദൃഷ്ടധർമ്മങ്ങളെക്കുറിച്ച് പ്രതിപാദിച്ചു അറിവുണ്ടാക്കിക്കൊടുത്തു മനുഷ്യർക്കു ആത്മസംസ്കൃതി ജനിപ്പിക്കുകയാണ് മതത്തിന്റെ മുഖ്യോദ്ദേശം. അതിന് അസമർത്ഥമായ മതംകൊണ്ടു ലോകത്തിനു പ്രയോജനമില്ല. അതീന്ദ്രിയശക്തിയെ ആശ്രയിച്ച് അങ്കുരിച്ചുവളർന്ന് പരിപൂർണ്ണമാകുന്ന ജ്ഞാനത്തിന് സർവ്വത്ര പ്രാധാന്യംകല്പിച്ച് അങ്ങനെ നിർമ്മിതമാകുന്ന ഒരു മതത്തിനുമാത്രമേ മനുഷ്യസമുദായത്തെ സന്മാർഗ്ഗത്തിൽകൂടി നയിച്ച് അതിന്റെ പരമലക്ഷ്യത്തിൽ എത്തിക്കുന്നതിന് കരുത്തുണ്ടാവുകയുള്ളൂ. അദൃഷ്ടധർമ്മബന്ധം എല്ലാ മതത്തിനും ഉണ്ട്. എന്നാൽ ഹിന്ദുമതത്തിനെന്നപോലെ അതിന് ഇതരമതങ്ങളിൽ പൂർണ്ണതയില്ല. ഹിന്ദുമതശരീരത്തിന്റെ ഉള്ളറങ്ങളായ നാഡികളിൽകൂടി ആത്മധർമ്മസൌഗന്ധ്യം പ്രസരിക്കുന്നതായി അനുഭവപ്പെടും. ഈ അദൃഷ്ടധർമ്മങ്ങളെക്കുറിച്ചു വേണ്ട അറിവ് മതത്തെ ആശ്രയിച്ചുതന്നെ സമ്പാദിക്കണം. അതു നേടാത്തവരെ ജീവന്മൃതന്മാരെന്നു പറയുന്നു. ഈ നില വിചാരിച്ചാൽ മതംകൊണ്ടു സംഭവിക്കുന്ന പ്രയോജനം എത്ര മഹത്തും പാവനവും എന്നു തെളിയുന്നുണ്ടല്ലോ.

നാസ്തികന്മാരുടെ മതമനുസരിച്ച് ഈശ്വരപരലോകാദികൾ ഇല്ലെന്നുതന്നെ സമ്മതിക്കുക. എന്നാൽ ദൃഷ്ടവും ഭൗതികവുമായ ഈ ലോകം ഉണ്ടെന്നും, അതിൽ ആയുസ്സ്, ആരോഗ്യം, ഐശ്വര്യം, ഐകമത്യം, സ്നേഹം, സന്മാർഗ്ഗനിഷ്ഠ മുതലായവയെ അടിസ്ഥാനമാക്കി ഒരു ജീവിതം മനുഷ്യസമുദായം കൈക്കൊള്ളണമെന്നും, അഭിപ്രായപ്പെടുന്നതിനോട് നിരീശ്വരവാദികളും യോജിക്കുമെന്നു വിശ്വസിക്കാം. ഈ ആയുർദൈർഘ്യാദിഗുണങ്ങൾ സദാചാരനിഷ്ഠയെ ആശ്രയിച്ചു നിലകൊള്ളുന്നു. അസദാചാരനായവനു് അവ ക്ഷണഭംഗുരങ്ങളായിത്തീരുന്നു. ആ സുപ്രധാനമായ സദാചാരം മതത്തിന്റെ രക്തത്തിൽനിന്നും ജീവനിൽനിന്നും ഉണ്ടായി വളർന്നു പടർന്നുപിടിച്ചിരിക്കുന്നതാണ്. അതിന്റെ സ്വരൂപം, തത്വം, ആദർശം, അനുഷ്ഠാനരീതി എന്നിവ ധർമ്മശാസ്ത്രങ്ങളിൽനിന്നു ഗ്രഹിക്കണം. ഒരു സമുദായത്തിന് സന്മാർഗ്ഗനിഷ്ഠയെക്കാൾ മഹത്തും വിശുദ്ധവും അനശ്വരവും സർവ്വാഭീഷ്ടപ്രദവുമായ സമ്പത്തു് വേറെയില്ല. അസദ്വൃത്തി, കാളകൂടവിഷം എന്നപോലെ അതിനെ പൂജിക്കുന്ന സമുദായത്തിന്റെ ക്ഷേമൈശ്വര്യസമ്പദാദികളെ ക്ഷണേന ഭസ്മമാക്കുന്നു. അങ്ങനെയുള്ള ഒരു നാട്ടു് 'അഖിലവിനാശോദന്തം നാടക'മാടുന്ന രംഗമായി ഭവിക്കുന്നു. ഈവിധം ശ്രേഷ്ഠമായ സന്മാർഗ്ഗനിഷ്ഠയെ മതത്തോടു നിബന്ധിച്ചാണ് സൃഷ്ടിച്ചിരിക്കുന്നതു്. അതുകൊണ്ടുതന്നെ അതു് അനാദികാലംമുതൽ നിലനിന്നുപോരുന്നതു്. മതത്തോടു വേർപെടുത്തി, ആ നിലയിൽ സൃഷ്ടിക്കുന്ന സന്മാർഗ്ഗം, കുട്ടികൾ കടലാസുകൊണ്ടും ചുള്ളിക്കമ്പുകൊണ്ടും ഉണ്ടാക്കുന്ന കളിപ്പുരകൾപോലെ ദുർബലങ്ങളും നിരുപയോഗങ്ങളും ആണ്. ഈ വസ്തുത ഭാരതീയാചാര്യന്മാർ സൂക്ഷ്മമായി ഗ്രഹിച്ചിട്ടുണ്ടെന്ന് അവരുടെ മഹത്തും ഗംഭീരവുമായ ധർമ്മശാസ്ത്രം തെളിയിക്കുന്നു.

ലൗകികവും പാരത്രികവും ദൈവികവും ആത്മീയവും ആയ ആദർശപരമ്പരയെ ഒന്നുകൊണ്ട് മറെറാന്നിന് ഹാനിതട്ടാത്തവിധം കൂട്ടിച്ചേർത്തിണക്കി അതിന് ഉറപ്പും വെടിപ്പുംവരുത്തി നിർമ്മിതമായ ഒന്നാകുന്നു ഭാരതീയരുടെ സദാചാരപ്രസ്ഥാനം. സർവ്വവിധതത്വങ്ങളേയും നിബന്ധിച്ചിരിക്കുന്നതും, കീടപിപീലികങ്ങൾ തൊട്ടു് ബ്രഹ്മപര്യന്തം സർവ്വചരാചരങ്ങളുടേയും ക്ഷേമത്തെ അടിസ്ഥാനമാക്കിയുള്ളതും ധർമ്മവിചാരംകൊണ്ടു വികസിച്ച് പൂർണ്ണതയെപ്രാപിച്ചിരിക്കുന്നതുംആയി ഇപ്രകാരം ഒരു ധർമ്മശാസ്ത്രം ലോകത്തിൽ ഭാരതീയസമുദായത്തിനുമാത്രമേയുള്ളൂ. അതിന്റെ അന്യാദൃശമായ പ്രഭാവംകൊണ്ടുമാത്രമാണ്, അത്യുഗ്രങ്ങളായ അനേകം വിപൽപരമ്പരകളിൽ അകപ്പെട്ട്, ഓരോ കാലത്തു് അവശതകൾ അനുഭവിക്കേണ്ടിവന്നിട്ടും, ഇന്നും അവശ്യാധീനമായിത്തീർന്നിട്ടും, ഭാരതീയരുടെ ധാർമ്മികമായ ജീവിതപ്രസ്ഥാനം അടിയിളകാതെയും പൂർവ്വവൈഭവം നിശ്ശേഷം നഷ്ടമാകാതെയും നിലനില്ക്കുന്നതെന്ന് ഓർമ്മിക്കേണ്ടതാകുന്നു. എത്രയൊക്കെ കഷ്ടതകൾ നേരിട്ടാലും അതു് ഒരുകാലത്തും ലോകരംഗത്തിൽനിന്നു തിരോധാനംചെയ്യുമെന്നു തോന്നുന്നില്ല.

സാധാരണജനങ്ങളെ സംബന്ധിച്ചിടത്തോളവും മതം അവരുടെ അഭിവൃദ്ധിക്കു പ്രയോജനപ്പെടുന്നതു്, ഈശ്വരനേയും തദ്ഗതമായ ഭക്തിയേയും വിശ്വാസത്തേയും സദാചാരപ്രസ്ഥാനത്തേയും അതിൽ നിബന്ധിച്ചിരിക്കുന്നതുകൊണ്ടാകുന്നു. മതമെന്നൊന്നില്ലെങ്കിൽ ഈശ്വരനുമില്ല സത്യവുമില്ല ധർമ്മവുമില്ല. സർവ്വം ശൂന്യം. ഈശ്വരാത്മമായ വിചാരത്തിനു ഭക്തി എന്നു പറയുന്നു. അതു് എല്ലാത്തിനേയുംകാൾ മുഖ്യം. അതൊന്നില്ലെങ്കിൽ മറേറതു ഗുണമുണ്ടെങ്കിലും നിഷ്ഫലം. എന്തൊക്കെ തികച്ചും കൈവന്നിരുന്നാലും, നിർമ്മലമായ ഭക്തിയുടെ മുമ്പിൽ അവ ദുർബ്ബലതരങ്ങളാകും. അത്രയ്ക്കു ശക്തി ഭക്തിക്കുണ്ട്.

താവദ്രാഗാദയസ്സ്തേനാസ്താവൽ കാരാഗൃഹം ഗൃഹം
താവന്മോഹോങ്ഘ്രിനിഗളോ യാവൽ കൃഷ്ണ ന തേ (ജനാഃ

എന്നു (ഭാഗ:) പറഞ്ഞിരിക്കുന്നതു നോക്കുക. രാഗാദികൾ ഗൃഹജീവിതം, അജ്ഞത എന്നിവയെല്ലാം അത്യന്തം ദുഃഖജനകങ്ങളാണ്. എന്നാൽ ഭഗവൽഭക്തന്മാരായ ജനങ്ങൾക്ക് ഈ രാഗാദികൾ ഒന്നും ദോഷമായിത്തീർന്ന് ആപത്തിനെ വരുത്തിവയ്ക്കുകയില്ല. ഗുണമായിഭവിച്ച് ശ്രേയസ്സിനെ പ്രദാനംചെയ്യും. ഭക്തിയുടെ പ്രഭാവംതന്നെ അതിനു കാരണം. ഈശ്വരനെമറന്നു് സ്വന്തം പൗരുഷം, പ്രതാപം, ഐശ്വര്യം ബുദ്ധിവൈഭവം, ബന്ധുബലം എന്നിവയിൽ അഭിമാനവും അഹങ്കാരവും മൂത്തു് അന്ധന്മാരായിക്കഴിഞ്ഞുകൂടുന്നവരെ ഇന്ന് എല്ലാ ദേശത്തും കാണാം. പുതിയ പരിഷ്കാരംകൊണ്ടു സംഭവിച്ച ഹൃദയഭ്രാന്തിയാണ് അവരെ അപ്രകാരം ഒരു നിലയിൽകൊണ്ടെത്തിച്ചിരിക്കുന്നതു. മനുഷ്യൻ ജന്മനാ വളരെ താഴ്ന്ന ഒരു സ്ഥാനത്തു നില്ക്കുന്ന ഒരു ജീവിയാണ്. അവന് ഉയർന്ന അത്ഭുതകരമായവിധം ബലപ്രഭാവാദികളെ സമ്പാദിക്കുന്നതിന്, എന്തിന്, സർവ്വൈശ്വര്യപരിപൂർണ്ണനായ ഈശ്വരന്റെ സ്ഥാനത്തു് എത്തുന്നതിനുതന്നെ സാധിക്കും. അവൻ ഈശ്വരചിന്താനിരതൻ, അതായതു ഭക്തൻ ആകണം. അത്രയുമേവേണ്ടു ഒരുവന്റെ ശക്തി അവന്റെ ഭക്തിയാണ്. ഭക്തിമാർഗ്ഗത്തിൽകൂടി മുമ്പോട്ടുപോകുന്തോറും അവൻ ഈശ്വരനോടടുക്കുന്നു. അതിനെ വർജ്ജിക്കുന്തോറും ഈശ്വരനോട് അകലുന്നു. ഇപ്രകാരം ഈശ്വരനോട് അടുത്തു താദാത്മ്യംസമ്പാദിക്കുമ്പോൾ അവന്റെ ജീവിതം പൂർണ്ണവും സഫലവുമായിഭവിക്കും. അനശ്വരവും ആനന്ദമയവും അതുല്യവുമായ ആ അവസ്ഥാവിശേഷത്തെയാണ് മോക്ഷബ്രഹ്മാദിപദങ്ങൾകൊണ്ടു വേദാന്തികൾ വ്യവഹരിക്കുന്നതു്. മുമ്പു സ്മരിച്ച പുരുഷാർത്ഥങ്ങളിൽ ഒടുവിലത്തേതായ മോക്ഷം ഈ അവസ്ഥയെ പ്രാപിക്കുക എന്നല്ലാതെ വേറെയൊന്നുമല്ല.

യോഗങ്ങളിൽ ഭക്തി പ്രധാനം. അതിനു കാരണം, അതു് ഏതുതരക്കാർക്കും ഹിതവും സുഗമവും ആകുന്നു എന്നതത്രേ. യോഗാദിമാർഗ്ഗങ്ങൾ ജിതേന്ദ്രിയതാദി കണ്ടകങ്ങൾകൊണ്ടു പൂർണ്ണങ്ങളും അതുകൊണ്ട് സാധാരണക്കാർക്കു ദുശ്ചരങ്ങളും ആകുന്നു. ഏതു മൂഢനും കിരാതനും മുഗ്ദ്ധബുദ്ധിക്കും ഭക്തിമാർഗ്ഗത്തിൽകൂടി സുഖേന സഞ്ചരിക്കാം. അതുപോലെ മഹാപണ്ഡിതനും ജീവന്മുക്തനും സർവ്വസംഗപരിത്യാഗിക്കും അതു ഹിതവും സ്വീകാര്യവുമാകുന്നു. നിരക്ഷരകുക്ഷികളായ കിരാതന്മാർകൂടി ഭക്തിമാർഗ്ഗം കൈക്കൊണ്ട് ഈശ്വരാനുഗ്രഹത്തിനു പാത്രമായി പരമശ്രേയസ്സു സമ്പാദിച്ചുവെന്ന് പ്രതിപാദിക്കുന്ന കഥകൾ പുരാണേതിഹാസാദിഗ്രന്ഥങ്ങളിൽ സുലഭങ്ങളാകുന്നു. അത്തരക്കാർക്കു ഭക്തിയല്ലാതെ മറെറാരുമാർഗ്ഗവും അവലംബയോഗ്യമായിട്ടില്ല. സനകാദിമഹർഷികൾ ബ്രഹ്മജ്ഞമുഖ്യന്മാരാണ്. എന്നാലും അവർ ഭക്തിമാർഗ്ഗത്തെ പ്രത്യേകം ആദരിക്കുന്നു. മഹാജ്ഞാനികളും ഭക്തമാർഗ്ഗനിരതന്മാരായി കാണപ്പെടുന്നുണ്ട്. ഈ ഒരു യോഗ്യത ഭക്തിക്കുമാത്രമാകുന്നു. "ഭക്തിഃ കിം ന കരോത്യഹോ വനചരോ ഭക്താവതംസായതേ" എന്നു പറഞ്ഞിരിക്കുന്നതുനോക്കുക. ഭക്തി കിരാതന്മാരെയും ശിഷ്ടാഗ്രേസരന്മാരാക്കുന്നു. അതിനെ ബഹിഷ്കരിച്ചു സ്ഥാപിതമാകുന്ന ഒരു മതത്തിനു ലോകത്തിൽ സ്ഥാനവും ബഹുമതിയും വിജയവും സുസ്ഥിരതയും കൈവരുന്നതല്ല. അങ്ങനെയൊന്ന് ഇല്ലാത്തതിനുസമമാണ് ഉള്ളതും.

പൗരുഷം മുഖ്യമെന്നും ദൈവം നിസ്സാരമെന്നും ഇന്നു പലരും ഘോഷിക്കുന്നു. ദുരഹങ്കാരത്തിന്റെ അപത്യമാണ് ഈ സിദ്ധാന്തം.

ദൈവമേവ ബലം മന്യേ
പൗരുഷം ഹി നിരർത്ഥകം

എന്നതു്, അത്യന്തം യഥാർത്ഥമായ ഒരു തത്വമെന്നു പുരാതനാചാര്യന്മാർ അവരുടെ മഹാഗ്രന്ഥങ്ങളിൽ ഉപദേശിച്ചുഫലിപ്പിച്ചിട്ടുണ്ട്. ലോകത്തിൽ എന്നും അനുഭവത്തിൽ കണ്ടുവരുന്നതും അന്യഥാ ഭവിക്കാത്തതുമായ ഒന്നത്രേ ഈ തത്വം. ദൈവാനുഗ്രഹത്തോടുസമ്മിളിതമായാൽ പൗരുഷം ശക്തിമത്തും സഫലവുമാകും. അല്ലെങ്കിൽ നിർജ്ജീവവും വിഫലവുംതന്നെ. ഒരു പ്രവൃത്തിസഫലമായിക്കാണുന്നിടത്തു് ദൈവാനുകൂല്യമുണ്ടെന്നും, തദ്വിപരീതമായിത്തീരുമ്പോൾ അതില്ലെന്നും ദൃഢമായി വിശ്വസിക്കാം. മനുഷ്യർ എല്ലാപ്രവൃത്തിയും സഫലമാകണമെന്നും അതുകൊണ്ടു ഗുണംലഭിക്കണമെന്നുംവിചാരിച്ചു ചെയ്യുന്നു. എന്നാൽ ചില പ്രവൃത്തികൾ ഫലിച്ച് ഗുണപ്രദങ്ങളും ചിലതു് വന്ധ്യങ്ങളായി ദോഷമയങ്ങളുംആയി ഭവിക്കുന്നു. അതിനു കാരണമെന്തു? സദോഷവും വിഫലവുംആകണമെന്നു വിചാരിച്ച് മനുഷ്യരെന്നല്ല കീടപിപീലികാദികൾപോലും യാതൊന്നുംചെയ്യുന്നില്ല. കൃഷി, കച്ചവടം, വ്യവസായം, യുദ്ധം, വിദ്യാഭ്യാസം, രോഗചികിത്സ, വ്യവഹാരം എന്നിങ്ങനെ ഓ

# ഈ ആഴ്ചയിലെ നക്ഷത്രഫലം

രോകാര്യങ്ങളിൽ ഏർപ്പെടുന്നവരാണ് ജനങ്ങൾ എല്ലാവരും. എന്നാൽ ഫലമോ? ചിലക്കു നഷ്ടവും കഷ്ടതയും, ചിലക്കു സുഖവും ശ്രേയസ്സും. ഇതിൽനിന്നു മനുഷ്യരുടെ പ്രവൃത്തി എങ്ങനെയിരുന്നാലും ഏതോ ഒരു സൂക്ഷ്മശക്തിയുടെ ഹിതമനുസരിച്ചാണ് അതിന്റെ ഗതിയും ഫലവും എന്നു തെളിയുന്നു. സർവ്വനിയന്തൃത്വം വഹിക്കുന്ന ആ ശക്തിതന്നെ ദൈവം. ഈ സന്ദർഭത്തിൽ ഭാഗവതത്തിലെ ഒരു പദ്യം സ്മരിക്കുന്നതു യുക്തമായിരിക്കും.

ബാലസ്യ നേഹ ശരണം പിതരൌ നൃസിംഹ
നാർത്തസ്യ ചാഗദമുദന്വതി മജ്ജതോ നൌഃ
തപ്തസ്യ തൽപ്രതിവിധിർ്യ ഇഹാഞ്ജസേഷ്ട-
സ്താവദ്വിഭോ തനുഭൃതാം ത്വദുപേക്ഷിതാനാം

എത്രയോ അനുഭവസിദ്ധമായ തത്വം! ഈശ്വരന്റെ ആനുകൂല്യം കൈവന്നിട്ടുണ്ടെങ്കിൽ കുട്ടികൾക്കു മാതാപിതാക്കന്മാരുടെ സംരക്ഷയും രോഗിക്കു വൈദ്യന്റെ ചികിത്സയും ഫലപ്രദമാകും. കടലിൽ മുങ്ങിയവനു കപ്പലും ദുഃഖിതനു പരിഹാരമാർഗ്ഗവും പ്രയോജനമാകുന്നതും ദൈവത്തിന്റെ അനുഗ്രഹംകൊണ്ടുതന്നെ. ഈശ്വരൻ ഉപേക്ഷിച്ചവക്കു ഇവയൊക്കെ വന്ധ്യം. ഈ തത്വംതന്നെ,

അരക്ഷിതം തിഷ്ഠതി ദൈവരക്ഷിതം
സുരക്ഷിതം ദൈവഹതം വിനശ്യതി

എന്ന കവിവാക്യവും ഉപദേശിക്കുന്നു. സൂക്ഷ്മത്തിൽ മനുഷ്യന്റെ എന്നല്ല സർവ്വവിധങ്ങളായ ജീവികളുടേയും അചരങ്ങളുടെയും ശക്തിയെന്നതു ദൈവബലം ഒന്നുമാത്രമാണ്. അതുണ്ടാകട്ടെ, മനുഷ്യൻ ശക്തനും പ്രതാപവാനും ഗംഭീരനും സർവ്വത്ര വിജയിയും കീർത്തിശാലിയും ആകും. അതില്ലെങ്കിൽ അവൻ അശക്തനും ജളനും മന്ദനും നിർജ്ജീവനും പരാജിതനും ആയി പരിപതിക്കുന്നു. ദൈവാനുഗ്രഹത്തോടുകൂടിയ ശക്തിമത്തായ പുരുഷന്റെ പ്രഭാവം എന്ന അർത്ഥത്തിൽ പൌരുഷം സാരവത്തും ആരാധ്യവുമാകുന്നു. അന്തർഗ്ഗതമായ ദൈവബലത്താൽ അനുഗൃഹീതമല്ലാത്ത പൌരുഷം അഗ്നിയില്ലാത്ത അണഞ്ഞ വിറകുപോലെ ജഡവും നിഷ്പ്രയോജനവുമാണ്. ആ വിറകുകൊണ്ടു പാകാദികർമ്മങ്ങൾ നിർവ്വഹിക്കാവുന്നതല്ല. ദൈവാനുഗ്രഹശൂന്യമായ പൌരുഷം ജഡവും സർവ്വപ്രവൃത്തികൾക്കും അസമർത്ഥവും ആയിത്തീരുന്നതു് അതുപോലെയാകുന്നു. ഇന്നു ലോകത്തിൽ പൌരുഷാരാധനയ്ക്കു മുഖ്യസ്ഥാനം ലഭിച്ചിട്ടുണ്ട്. അതു ദൈവത്തെ വിസ്മരിച്ചു അജ്ഞാനസംജാതമായിരിക്കുന്ന ഒരുതരം ജഡപൌരുഷമായിരിക്കുന്നതിനാൽ ആപൽക്കരമായിബ്ഭവിച്ചിരിക്കുന്നു. നിരന്തരമായ ഭക്തികൊണ്ടു ഈശ്വരാനുഗ്രഹം നേടണം. അതത്രേ പൌരുഷത്തിനു അടിസ്ഥാനം. ദൈവത്താൽ ഉപേക്ഷിതനായിരിക്കുന്ന ഒരുവൻ, അവൻ സർവ്വജനവന്ദ്യനായ മഹാസാർവ്വഭൌമൻതന്നെയാകട്ടെ, 'ന ഖലു കുശലഃ സ്വന്ദിതുമപി' എന്നവിധം അശക്തനാകും. ശരീരത്തിലെ ഒരു രോമംകൂടി ചലിപ്പിക്കുന്നതിനു അവനു കരുത്തുഭവിക്കുകയില്ല. ഇതിൽനിന്നൊക്കെ ദൈവവിചാരം അല്ലെങ്കിൽ ഭക്തി സർവ്വോൽകൃഷ്ടമെന്നും അതിനെ ആശ്രയിക്കാതെ യാതൊരു ശ്രേയസ്സും മനുഷ്യക്കു കൈവരികയില്ലെന്നും ദീർഘപ്പെടുത്താം. മനുഷ്യർ ഇനി ഈ തത്വം അറിഞ്ഞു, ജഡപൌരുഷാരാധനയെ, നിശ്ശേഷം പരിത്യജിക്കുന്നതിനു ഒരുങ്ങേണ്ടിയിരിക്കുന്നു.

മൃത്യുവിൽനിന്നു ഈശ്വരത്വത്തിലേയ്ക്കു്, തമസ്സിൽനിന്നു പ്രകാശത്തിലേയ്ക്കു്, ഗർത്തകുഹരത്തിൽനിന്നു ശൈലശൃംഗത്തിലേയ്ക്കു്, വിഷവനത്തിൽനിന്നു അമൃതനഗരത്തിലേക്കു ചെയ്യുന്ന ഒരു യാത്രയാകുന്നു, മനുഷ്യരുടെ ജീവിതം. യാത്രക്കാർ ലക്ഷംപേരുണ്ടെങ്കിൽ ഒന്നോരണ്ടോ ഭാഗ്യവാന്മാർ, അനുഗൃഹീതന്മാർ, ആ ലക്ഷ്യസ്ഥാനത്തു ചെന്നുചേരുന്നു എന്നു വരും. ശേഷം പേർ വഴിയിൽ ഓരോ സ്ഥാനങ്ങളിൽവച്ചു വീണു പരാജയമടയുന്നു. തപോയോഗാദിപ്രസ്ഥാനങ്ങളെ ആശ്രയിക്കുന്നവർ ഭൂരിപക്ഷവും തോററു് അവശരായി വരിക്കുന്നു. ഭക്തിമാർഗ്ഗത്തിൽകൂടി യാത്രചെയ്യുന്നവരിൽ തോററു തകരുന്നവർ ചുരുക്കം. ആ വഴിയിൽക്കൂടി അല്പം മുൻപോട്ടുപോകുന്നതിനേ കഴിയുന്നുള്ളു എന്നുവരികിൽ അത്രയ്ക്കു ഫലംകിട്ടും. യാത്ര മുഴുവനാക്കി പ്രാപ്യസ്ഥാനത്തു് എത്തിച്ചേരുന്നുവെങ്കിൽമാത്രമേ ഫലം കൈവരൂ എന്നു നിയമമില്ല. അതുകൊണ്ടു് അശക്തന്മാക്കും ഈ മാർഗ്ഗം സ്വീകരിക്കാം.

സ്വല്പമപ്യവഗന്തവ്യം
മാർഗ്ഗസ്ഥോ നാവസീദതി

എന്നതാണു അതിന്റെ നില. ഒന്നാമതു അപൂർണ്ണനായ മനുഷ്യൻ ഈശ്വരപദലാഭംകൊണ്ടു സംപൂർണ്ണനാകുന്നു. പിന്നീടു അവനു് അതിലപ്പുറം കാമ്യമായ യാതൊന്നുമില്ല.

ജ്ഞാനം ലബ്ധ്വാ പരാം ശാന്തി-
മചിരേണാധിഗച്ഛതി

എന്നു ഭഗവദ്വാക്യത്തിൽ സ്മരിച്ചിരിക്കുന്ന പരയായ 'ശാന്തി'യും' ആ സമ്പൂർണ്ണതയും ഒന്നുതന്നെ. ഇവിടെ 'പരയ്ക്കു' 'മോക്ഷാഖ്യ' എന്നും ശാന്തി'ക്കു 'ഉപരതി' എന്നും ശ്രീശങ്കരൻ അർത്ഥംപറയുന്നു. "സമ്യഗ്ദർശനാൽ ക്ഷിപ്രമേവ മോക്ഷോ ഭവതീതി സർവ്വശാസ്ത്രന്യായപ്രസിദ്ധഃ സുനിശ്ചിതഃ അർത്ഥഃ" (ശം: ഭാ.) എന്നു പ്രസ്തുതവാക്യത്തിന്റെ സാരം. ഈ പരമപദപ്രാപ്തിക്കു ഉപായങ്ങളാണു ഭക്തി ജ്ഞാനം കർമ്മയോഗം മുതലായവ. ഓരോരുത്തനും തത്തദധികാരമനുസരിച്ചു തത്വദർശികളായ ആചാര്യന്മാർ പ്രാപിച്ച തട്ടപദേശം അനുസരിച്ചു പ്രവർത്തിക്കുമ്പോൾ അവനു് ആ 'പര'യായ 'ശാന്തി' അല്ലെങ്കിൽ മുക്തി ലഭിക്കുന്നു. ഈ സ്ഥിതി അനുഭവപ്പെടുമ്പോൾ ഒരുവനു മതാനുഷ്ഠാനംകൊണ്ടു് ഉണ്ടാകേണ്ട പരമപ്രയോജനം കൈവരുന്നു.

വർണ്ണങ്ങൾ ആശ്രമങ്ങൾ അവയെ സംബന്ധിക്കുന്ന ബഹുവിധങ്ങളായ ധർമ്മങ്ങൾ ഭക്തിജ്ഞാനാദിയോഗങ്ങൾ എന്നിവയെല്ലാം കൂടിച്ചേർന്നാൽ ചുരുക്കത്തിൽ ഭാരതധർമ്മം അല്ലെങ്കിൽ ഹിന്ദുമതം എന്നുപറയാം. അർത്ഥത്തെ ആസ്പദമാക്കിനോക്കുമ്പോൾ അത്യന്തം വിശാലമായ ഒന്നാണ് അതു്. അതിനെപ്പററി ഒരു സാമാന്യജ്ഞാനംപോലും എളുപ്പം നേടാവുന്നതല്ല. ധർമ്മത്തിനു അടിസ്ഥാനമായി, പാരാവാരപ്രതിമമായ ഗ്രന്ഥസമുദായം ഉണ്ടെന്നു മുൻപു പറഞ്ഞുവല്ലോ. അതിൽ പ്രധാനങ്ങളായ ചിലതെങ്കിലും ഗുരുമുഖത്തു പഠിച്ചു അറിവുനേടണം. ആ ജ്ഞാനത്തിനു വൃദ്ധസേവകൊണ്ടും അനുഷ്ഠാനംകൊണ്ടും ശുദ്ധിയും വിശാലതയും വരണം.

നൈവ ശ്രുതമവിജ്ഞായ
വൃദ്ധാനനുപസേവ്യ ച
ധർമ്മാർത്ഥൌ വേദിതും ശക്യൌ
ബൃഹസ്പതിസമൈരപി

എന്നു മഹാഭാരതത്തിൽ പറയുന്നു. ശാസ്ത്രം പഠിക്കണം. ശുശ്രൂഷകൊണ്ടു സന്തോഷിപ്പിച്ചു വൃദ്ധന്മാരിൽനിന്നു ഉപദേശംവാങ്ങണം. ധർമ്മാദിപുരുഷാർത്ഥങ്ങളുടേയും ഭക്ത്യാദിയോഗങ്ങളുടേയും ജ്ഞാനം സമ്പാദിക്കുന്നതിനു ഇപ്രകാരം രണ്ടു വഴികളാണുള്ളതു്. ഇവയെ ആശ്രയിക്കാതെ ധർമ്മാദിജ്ഞാനം നേടുകയെന്നതു് ബൃഹസ്പതിയെപ്പോലെ ബുദ്ധിവൈഭവം തികഞ്ഞവക്കും സാധിക്കുന്നതല്ല. ശ്ലോകം നാലാം പാദത്തിന്റെ ഭാവഗാംഭീര്യം പ്രത്യേകം ചിന്തിച്ചുനോക്കുന്നതു നന്നായിരിക്കും. ഓരോ ശാസ്ത്രവും പഠിക്കുക, ചിന്തിക്കുക, അതിൽ വൈദഗ്ദ്ധ്യംനേടിയവരുമായി സംസർഗ്ഗംചെയ്യുക, സ്വയം അനുഭവത്തിൽ വരുത്തുക എന്നിവയൊക്കെ ജ്ഞാനലാഭത്തിനു അത്യാവശ്യമാണ്. ഭാരതീയരെ സംബന്ധിച്ചിടത്തോളവും മതം എന്നുപറയുന്നതു് ബഹുവിധശാഖോപശാഖാകലിതങ്ങളായ അനേകം ശാസ്ത്രങ്ങളെക്കൊണ്ടും സാഹിത്യങ്ങളെക്കൊണ്ടും, ശിഷ്ടാചാരസിദ്ധമായ അനുഷ്ഠാനക്രമംകൊണ്ടും അതിവിപുലവും പവിത്രവുമായ ഒരു ധർമ്മകല്പസ്ഥാനമാകുന്നു. അനേകജന്മങ്ങൾകൊണ്ടുകൂടി അതു പഠിച്ചു സാരാംശം ഗ്രഹിക്കുക അസാധ്യം. എന്നാൽ അതുകൊണ്ടു അല്പവും നിരാശപ്പെടേണ്ടതില്ല. 'സ്വല്പമപ്യവഗന്തവ്യം' എന്ന സിദ്ധാന്തം സ്വീകരിക്കണം. യഥാശക്തി പഠിച്ചു തദനുസരണം പ്രവർത്തിക്കുക. അതുകൊണ്ടു കിട്ടുന്ന ഫലം ലഘുവായാലും മഹത്തായിരിക്കും.

മതം എന്തെന്നും എന്തിനെന്നും അല്പമെങ്കിലും വിശദമായിരിക്കുമെന്നു വിശ്വസിക്കുന്നു. ഇപ്രകാരം മനുഷ്യസമുദായത്തിന്റെ സർവ്വവിധമായ ഉന്നതിക്കും അതു ആവശ്യമെന്നുവന്നാൽ അതിന്റെ പഠനം അപരിത്യാജ്യവും മുഖ്യവുമായ ഒരു കർത്തവ്യമെന്നു സിദ്ധിക്കും. മുൻകാലത്തു ഭാരതത്തിൽ സംസ്കൃതപാഠശാലകൾ മതവിദ്യാമന്ദിരങ്ങളായിട്ടാണു വർത്തിച്ചിരുന്നതു്. ഹിന്ദുമതധർമ്മങ്ങളെ പ്രതിപാദിക്കുന്നഗ്രന്ഥങ്ങൾ എല്ലാം സംസ്കൃതത്തിലാണു നിർമ്മിക്കപ്പെട്ടിരിക്കുന്നതു എന്നുമാത്രം പറഞ്ഞാൽ മതിയാകുകയില്ല. അതടിസ്ഥാനങ്ങളായ ഗ്രന്ഥങ്ങൾ സംസ്കൃതത്തിൽ വളരെ കുറവായിരിക്കും എന്നുതന്നെ അഭിപ്രായപ്പെടണം. സുപ്രസിദ്ധങ്ങളായ പതിനെട്ടു വിദ്യകളും അവയുടെ ശാഖോപശാഖകളെ ആശ്രയിച്ചു വിവിധരൂപങ്ങളിൽ നിർമ്മിതങ്ങളായിരിക്കുന്ന ഗ്രന്ഥങ്ങൾകൊണ്ടു സമ്പൂർണ്ണമാണു സംസ്കൃതം. അവ ഭാരതധർമ്മത്തിനു പ്രമാണങ്ങളായിബ്ഭവിച്ചിരിക്കുന്നവയാണു്. എള്ളിൽ എണ്ണയെന്നപോലെ അവയിൽ ഭാരതീയവിജ്ഞാനം സ്ഥിതിചെയ്യുന്നു. എണ്ണ വേണ്ടവർ എള്ളിനെഎന്നപോലെ ഹിന്ദുധർമ്മം അറിയുവാൻ ആഗ്രഹിക്കുന്നവർ ഇവിടെ സ്മരിച്ച ഗ്രന്ഥങ്ങൾ അതായതു് അവ അടങ്ങിയിരിക്കുന്ന സംസ്കൃതഭാഷ പഠിക്കണം. സംസ്കൃതം പഠിക്കാതെയും അതിലെ പ്രധാനഗ്രന്ഥങ്ങളെ ഗണിക്കാതെയും, ഭാരതീയധർമ്മത്തെ സംബന്ധിച്ചു സമ്പാദിക്കുന്ന അറിവ് അടിസ്ഥാനവും ഉറപ്പും വെടിപ്പും ഉള്ളതാകുകയില്ല. അതു അധികാംശത്തിലും നിരുപയോഗമായിത്തീരുന്നു. ഈ തത്വം പ്രാചീനന്മാരായ ഭാരതീയാചാര്യന്മാർ വേണ്ടവിധം അറിഞ്ഞുപ്രവർത്തിച്ചിട്ടുണ്ട്, മതത്തെയും സംസ്കൃതത്തെയും പഠിപ്പിക്കുന്ന വിദ്യാലയങ്ങൾ പണ്ടു ഭാരതത്തിൽ ഒന്നായിവർത്തിച്ചിരുന്നതിന്റെ രഹസ്യം ഇതല്ലാതെമറൊന്നുമല്ല. മതവും സംസ്കൃതവും ഒന്നെന്നു സിദ്ധിക്കുന്നതായാൽ പിന്നീടു അവ പഠിക്കുന്നതിനു, അവയെ രണ്ടായിക്കരുതി രണ്ടുതരം വിദ്യാലയങ്ങൾ സ്ഥാപിക്കേണ്ടതില്ലെന്നു തെളിയും. മുൻകാലത്തു ഭാരതത്തിൽ മതപാഠശാലകൾ ഇന്നത്തെ രീതിയിൽ ഇല്ലാതെയിരുന്നതുകൊണ്ടു, അന്നു ഈ നാട്ടിൽ മതം ആരും പഠിക്കുകയോ പഠിപ്പിക്കുകയോ ചെയ്തിരുന്നില്ലെന്നു ധരിക്കുന്നതു വലിയ സാഹസമായിരിക്കും. മതത്തെ അതായതുവിദ്യയേയും സംസ്കൃതത്തെയും അന്നത്തെ ആചാര്യന്മാർ രണ്ടായി ഗണിച്ചില്ല. അങ്ങനെയൊരു നിലയിൽ വിദ്യാലയങ്ങൾ നടത്തി. അതുകൊണ്ടു അന്നു മതത്തിനും വിദ്യകൾക്കും സംസ്കൃതഭാഷയ്ക്കും കലകൾക്കും സംസ്കാരത്തിനും എന്നുവേണ്ട ഭാരതീയമായ സർവ്വത്തിനും പരമാഭിവൃദ്ധി സിദ്ധിച്ചു. ഇതിൽനിന്നു ഹിന്ദുധർമ്മത്തിന്റെ എന്നല്ല ഭാരതീയക്കു അഭിമാനജനകവും ആനന്ദപ്രദവും അത്യാവശ്യവുമായ സർവ്വത്തിന്റെയും അഭിവൃദ്ധി സംസ്കൃതത്തിന്റെ ഉന്നതിയെ ആശ്രയിച്ചിരിക്കുന്നു എന്നു തെളിയുന്നുണ്ടല്ലോ. മതത്തിന്റെ മൂലപ്രമാണങ്ങളായ സംസ്കൃതഗ്രന്ഥങ്ങളെ വിസ്മരിച്ചിട്ടു തത്സംബന്ധമായ വല്ല ജ്ഞാനം നേടുകയെന്നതു അധികാംശത്തിലും വിഫലമായ പ്രവൃത്തിയായിത്തീരും.

മതത്തിനും മനുഷ്യസമുദായത്തിനും തമ്മിൽ ഉള്ളതും ഉണ്ടാകേണ്ടതുംആയ ബന്ധത്തെ സംബന്ധിച്ചു ഈ ലേഖനത്തിൽനിന്നു അല്പമെങ്കിലും വിശദമാകുമെന്നു വിശ്വസിക്കുന്നു. മതമില്ലെങ്കിൽ മനുഷ്യൻ മൃഗം—അവനു ഉന്നതസ്ഥാനങ്ങളിൽക്കൂടി കടന്നു മുൻപോട്ടുപോയി ഒടുവിൽ ഈശ്വരത്വത്തെ—ബ്രഹ്മസായുജ്യത്തെ—പ്രാപിച്ചു പരിപൂർണ്ണനും പരമാനന്ദമയനും ആകുന്നതിനു ഏകമാർഗ്ഗം മതാരാധനംതന്നെയാകുന്നു. മതത്തിന്റെ വിശാലതരമായ ഉദ്ദേശം അല്ലെങ്കിൽ ആദർശവും ഇതല്ലാതെ മറൊന്നുമല്ല.

—o—

## ഈ ആഴ്ചയിലെ നക്ഷത്രഫലം

തകഴി കെ. രാമവാര്യർ

21-3-1126 മുതൽ 27-3-1126 വരെ
6-11-1950 ,, 12-11-1950 ,,

അശ്വതി—പ്രവൃത്തനങ്ങളിൽ സൂക്ഷ്മതയും ശ്രദ്ധയും കൂടുതലായി പതിക്കണം. മിതലാഭത്തിനു കുറവുതട്ടുകയില്ല. സഞ്ചാരംകൊണ്ടു് കായക്ലേശമുണ്ടാകുമെന്നിരുന്നാലും പ്രയോജനം സിദ്ധിക്കും. ഉത്തമന്മാരുടെ മൈത്രി ഗുണത്തെ ചെയ്യും.

ഭരണി—സ്വജനങ്ങളാൽ സൈ്വരതകേടും. അപ്രതീക്ഷിതങ്ങളായ പണം കൈവശം വന്നുമറിഞ്ഞുകൊണ്ടിരിക്കും. ചില സങ്കടകരമായ വാർത്ത ശ്രവിക്കും. ദുഷ്കർമ്മങ്ങളായ ചിന്തകൊണ്ടു മനസ്സിനും ശരീരത്തിനും ക്ഷീണംതട്ടും. ചെലവു കൂടും.

കാർത്തിക—കുടുംബകാര്യങ്ങളിൽ പ്രതിപത്തി വർദ്ധിക്കും. അർശോവായു കോപിക്കും. വൈവാഹികചടങ്ങുകളിൽ പങ്കെടുക്കും. അനപേക്ഷണീയമായ കാര്യങ്ങൾക്കുവേണ്ടി പണം കടംവാങ്ങും.

രോഹിണി—അസൂയനിമിത്തം അഭ്യുദയത്തെ തടുക്കുന്നതിനായി ചില ചതിവുകളെ നേരിടേണ്ടിവരും. സ്വന്തം ജനങ്ങൾക്കു അരിഷ്ടതകൾക്കിടയുണ്ടു. ഇഷ്ടപ്പെടാത്ത ആഹാരങ്ങൾ കഴിക്കേണ്ടതായി വരും.

മകയിരം—വിദ്യാഭ്യാസവിഷയകമായ ചിന്ത വളരും. സുഭിക്ഷതയ്ക്കുവേണ്ടി സാഹസപ്പെടുകയും ഉഴലുകയും ചെയ്യും. പുരോഗമനപരമായ പ്രവൃത്തികൾചെയ്യും. ഉന്നതവ്യക്തികളുമായി സമ്പർക്കം പുലർത്തും.

തിരുവാതിര—ആരോഗ്യസംരക്ഷണം ആവശ്യമായി വരും. ഗൃഹകാര്യങ്ങളിൽ ജാഗ്രത വേണ്ടതായിവരും. കർമ്മങ്ങൾക്കു പ്രതിബന്ധം വരാവുന്നതാണ്. സ്വജനങ്ങൾ കഴിവതു സഹായിക്കും. ചില വാക്കുതക്കം നടക്കും.

പുണർതം—ഉപയോഗശൂന്യമായ വിഷയങ്ങളിൽ പണം ചെലവിടേണ്ടതായി വന്നുചേരും. വിചാരിക്കാത്ത ചില ലാഭങ്ങളും ഗുണങ്ങളും സിദ്ധിക്കും. ബുദ്ധിപരമായ പ്രവൃത്തനത്തിൽ വിജയം കാണും. കർമ്മങ്ങൾ പുഷ്ടിയെ പ്രാപിക്കും.

പൂയം—രാഷ്ട്രീയകാര്യങ്ങളിൽ താല്പര്യം കൂടും. അധികൃതരുടെ പ്രീതിയാർജ്ജിക്കും. പ്രവർത്തനം വിമർശനത്തിനിടയാക്കും. ഗൃഹകാര്യങ്ങളിൽ ശ്രദ്ധ കുറയും. ആരോഗ്യം സൂക്ഷിക്കയില്ല. ഭീതയുണ്ടാകും.

ആയില്യം—അധികവ്യയമാർഗ്ഗങ്ങളിൽ ഇടപെടും. നല്ലപോലെയുള്ള പരിശ്രമത്താൽ കുഴപ്പങ്ങൾ പരിഹരിക്കുവാൻ കഴിയും. പുതിയ സ്നേഹിതസഹകരണം ഉണ്ടാകും. പ്രതീക്ഷപോലെ കാര്യങ്ങൾ നടത്തുവാൻ ഈശ്വരാനുകൂല്യംകാണും.

മകം—ത്യാഗങ്ങൾ സഹിക്കും. പൌരുഷത്തോടെ പ്രവർത്തിച്ചു കുഴപ്പങ്ങൾ പരിഹരിക്കുവാൻ വളരെ സാഹസങ്ങൾചെയ്യും. അഭ്യുദയമുണ്ടാകുന്ന പലതിലും പ്രവേശിക്കും. സ്വസ്ഥത കുറവായിരിക്കും. വിപത്തുകളുണ്ടാകും.

പൂരം—വാതം കോപിക്കും. സഞ്ചാരത്താൽ നഷ്ടവും ആരോഗ്യഹാനിയും ഉണ്ടാകും. സുഖത്തിനും സമുദായമൈത്രിക്കുമായി തീവ്രശ്രമങ്ങൾ നടത്തും. സന്താനങ്ങൾക്കു് അരിഷ്ടതകാണും. അക്രമങ്ങളെ ചെറുക്കും.

ഉത്രം—ധൈര്യപൂർവ്വം ഏതു ചുമതലകളും ഏറെറടുത്തുനടത്തും. പുതിയ പദ്ധതികളിൽ ശ്രദ്ധപതിയും. ഉന്നതവ്യക്തികളുടെ മൈത്രിയുണ്ടാകും. പണത്തിനു നല്ലപോലെ ഞെരുങ്ങും. ചിലരുമായി കയർത്തു സംസാരിക്കേണ്ടതായിവരും.

അത്തം—കുടുംബജനങ്ങൾ ശത്രുമനോഭാവം നടിക്കും. ചില അപവാദങ്ങൾകേൾക്കും. ശരീരികമായും മാനസികമായും സുഖം കുറയും. ക്രമത്തിലധികം യാത്ര വേണ്ടതായി വരും. കർമ്മങ്ങൾ പുഷ്ടിപ്പെടുത്തുവാനാഗ്രഹിക്കും. ചിലരുമായി പിരിയും.

ചിത്തിര—സ്ത്രീകൾനിമിത്തം പ്രവർത്തനങ്ങൾക്കു ലഘുത്വവും സമാധാനവും സിദ്ധിക്കും. ദുഷ്കരകാര്യങ്ങൾ നിഷ്പ്രയാസം സിദ്ധിക്കും. പൊതുസ്ഥാപനത്തിനുവേണ്ടി യത്നിക്കും.

ചോതി—ധനമാർഗ്ഗങ്ങൾ തെളിഞ്ഞുവരും. ഉദരസുഖം കുറയും. അഭിമാനകരമായ പ്രവർത്തികൾചെയ്യും. പണ്ടത്തെരീതി പലതും മാററേണ്ടതായിവരും. കളത്രംമൂലം സൈ്വരത കുറയും. ക്ഷതമേല്ക്കും.

വിശാഖം—വരുമാനംകൊണ്ടു് ആവശ്യങ്ങൾ നടത്തുവാൻ വിഷമിക്കും. സ്വന്തം കാര്യങ്ങൾക്കുപുറമേ അന്യചുമതലകൂടി വഹിക്കും. ഭരണീയരുടെ സുഖം കൂടും. പ്രശസ്തിയുണ്ടാകും.

അനിഴം—പണത്തിന്റെ അഭാവം കാര്യങ്ങളെ തടയും. പ്രബലരുമായി വെറുക്കും. മംഗളകർമ്മങ്ങൾ നടത്തും. വിഷാംശംകലന്ന സാധനങ്ങൾ ഭക്ഷിക്കുന്നതിനിടവരും. വാഹനയാത്രയിൽ സൂക്ഷിക്കണം.

തൃക്കേട്ട—മുൻകാര്യങ്ങളെപ്പററി പശ്ചാത്തപിക്കും. ആലോചിക്കാതെ പലതും എടുത്തുചാടി പ്രവർത്തിക്കും. വേണ്ടപ്പെട്ട ജനങ്ങളുടെ വിദ്വേഷത്തിനിടവരും. പത്രാപാരായണത്തിലും വിനോദത്തിലുമാസക്തികൂടും.

മൂലം—പ്രവേശിക്കുന്ന ഏതുകാര്യത്തിലും എതിർപ്പുണ്ടാകും. പണക്കുഴപ്പം വകവെയ്ക്കുകയില്ല. പലരുടെയും അപവാദവും അനർത്ഥതയും ഉണ്ടാകും. സന്താനസുഖം കാണും. സമുദായചിന്ത ബലപ്പെടും.

പൂരാടം—വളരെ അദ്ധ്വാനിക്കും. പൂർവ്വാധികം ലാഭമേറും. പൊതുജനപിൻതുണ ഏതുകാര്യത്തിലും പ്രത്യക്ഷപ്പെടും. വ്യവസായങ്ങൾ ചുരുങ്ങും. കുടുംബസുഖം കുറയും.

ഉത്രാടം—ആഗ്രഹംപോലെ കാര്യങ്ങൾ പുരോഗമിക്കയില്ല. കടംവാങ്ങി ആവശ്യങ്ങൾ നേടേണ്ടതായിവരും. പ്രബലസഹായസഹകരണം ലഭിക്കും. വ്യാപാരം മന്ദഗതിയെ പ്രാപിക്കും. കഫമുണ്ടാകും.

തിരുവോണം—കാർഷികവിഷയങ്ങളിൽ താല്പര്യം വളരും. ആരോഗ്യഹാനി സംഭവിക്കും. പല വിഷമതകൾ തുടർച്ചയായിട്ടുണ്ടാകും. വ്യവസ്ഥാപിതമാർഗ്ഗങ്ങളിൽ ലാഭം കിട്ടും. ത്രിദോഷം കോപിക്കും.

അവിട്ടം—ദുരധികാരത്തെ എതിർക്കും. ഗൃഹവിഷയങ്ങളിൽ ചിന്തപതിയും. നല്ല സമ്മേളനത്തിനും സംഘടനയ്ക്കുംവേണ്ടി ശ്രമിക്കും. കാർഷികഗുണംപ്രതീക്ഷപോലെ കാണുകയില്ല.

ചതയം—ജോലി വളരെ കൂടുതലായിക്കാണും. ചുമതലകൾ പലതും നിർവഹിക്കുവാൻ സമയം മതിയാകാതെവരും. ചില അപവാദങ്ങളുണ്ടാകും: ലാഭത്തിനുവേണ്ടി പല പദ്ധതികളും ആസൂത്രണംചെയ്യും.

പൂരുരുട്ടാതി—മനഃപീഡയും കർത്തവ്യബോധവും വളരും. ചെലവു് കൂടുതലായിട്ടുണ്ടാകും. ആചാരാദിപ്രായങ്ങൾ തുറന്നു പറയും. ബുദ്ധിപരമായ ചെയ്തികൾ സംതൃപ്തിയുളവാക്കും.

ഉത്തൃട്ടാതി—പ്രവർത്തികൾ വിജയിപ്പാൻ നിരന്തരം പ്രയത്നിക്കും. കുടുംബസുഖം കുറയും. ആരോഗ്യം കാണുകയില്ല. സന്താനരിഷ്ടതയ്ക്കിടവരും. നാല്ക്കാലികളിൽനിന്നും അനുഭവഗുണം കാണുകയില്ല.

രേവതി—കഴിഞ്ഞകാര്യങ്ങളെപ്പററി ചിന്തിച്ചു പശ്ചാത്തപിക്കും. പണക്കാര്യത്തിൽ വേണ്ടപ്പെട്ടവർ തൊറിദ്ധരിക്കും. തൊഴിൽ പുഷ്ടി കാണും. പ്രദർശനങ്ങളിലേർപ്പെടും, സന്തോഷവും സുഖവും ലഭിക്കും.

—o—










മുകളിൽ ഒന്നാമത്തെ വരി (ഇടത്തുനിന്നു്)—കൊറിയൻസമരം—ഐക്യരാഷ്ട്ര സേന വെടിവച്ചു നശിപ്പിച്ച ഉത്തരകൊറിയൻ കമ്യൂണിസ്റ്റുകാരുടെ രണ്ടു ടാങ്കുകൾ അമേരിക്കൻ ഭടന്മാർ പരിശോധിക്കുന്നു. യൂറോപ്യൻ പ്രതിരോധത്തെ സംബന്ധിച്ചു് (ഇടത്തുനിന്നും) ഫ്രഞ്ചുവിദേശമന്ത്രി റോബർട്ടു ഷുമൻ, യു. എസ്. സെക്രട്ടറി ഡീൻ അച്ചെസ്സൺ, ബ്രി. വിദേശവകുപ്പുസെക്രട്ടറി എർണെസ്റ്റ് ബെവിൻ എന്നിവർ ന്യൂയോർക്ക് വാൾഡോർഫ് അസ്റ്റോറിയാഹോട്ടലിൽ മൂന്നുദിവസം ചർച്ചകൾ നടത്തുകയുണ്ടായി. ഉത്തരഅററ്ലാൻറിക്ക് ഉടമ്പടിയിൽ ചേർന്ന 12 രാഷ്ട്രങ്ങളിലെ വിദേശമന്ത്രിമാരുടെ സമ്മേളനത്തിൽ പ്രതിരോധത്തെപ്പററിയുള്ള കൂട്ടമൽ പദ്ധതികൾ പിന്നീടു രൂപവൽക്കരിക്കുകയുംചെയ്തു. അമേരിക്കയിലെ വിശാലമായ മണൽപ്രദേശങ്ങൾപോലും തരിശായിടുന്നില്ല. കന്നുകാലികൾക്കു് ആഹാരത്തിനുള്ള "ലവ്ഗ്രാസ്സ്" എന്ന പുൽകൃഷി ചെയ്യുന്നതിനെങ്കിലും അവ ഉപയോഗിക്കപ്പെട്ടുവരുന്നു. കുന്നും കുഴിയുമായിക്കിടക്കുന്ന വിസ്തൃതപ്രദേശങ്ങളിൽ ഇതിൻെറ വിത്തുവിതയ്ക്കുന്നതു് ആകാശവിമാനമാർഗ്ഗമാണു്. വിത്തു വിതയ്ക്കുന്നതിനുമുമ്പു യന്ത്രസഹായത്താൽ ഭൂമി ഉഴുകുന്നതാണു് ചിത്രത്തിൽ കാണുന്നതു്.

രണ്ടാമത്തെ വരി—കാലിഫോർണിയാ (യു. എസ്. എ) യിലെ വന്മരങ്ങൾ—സിക്കായ എന്ന വൻമരം കാലിഫോർണിയായിൽ സുലഭമാണു്. 400 മുതൽ 3000 വരെ വർഷം പ്രായമുള്ള ഇവയിൽ ചിലതിൻെറ ചുററളവു നൂററിമൂന്നര അടിയും ഉയരം 272 അടിയുമാണു്. ഇതിൽ ചുവന്നഇനം വണ്ണം അല്പം കുറഞ്ഞതാണെങ്കിലും 364 അടി ഉയരംവരെയുള്ളതു കാണപ്പെട്ടിട്ടുണ്ടു്. മുകളിൽകാണുന്ന വൃക്ഷത്തിനുള്ളിൽകൂടി മോട്ടോർവാഹനങ്ങൾക്കു ഗതാഗതംചെയ്യാവുന്ന ഒരു തുരങ്കം നിർമ്മിക്കപ്പെട്ടിട്ടുണ്ടു്. തടി സംരക്ഷിക്കേണ്ടതിൻെറ ആവശ്യം പരിഗണിച്ചു അനേക ലക്ഷം ഏക്കർ ആരണ്യഭൂമി സ്റ്റേറ്റുപാർക്കും നാഷണൽപാർക്കും ഇനങ്ങളാക്കിയിട്ടുണ്ടു്. ഐക്യരാഷ്ട്രസംഘടനയുടെ യോഗങ്ങൾ സംബന്ധിച്ചു അനുവർത്തിക്കേണ്ട നയത്തെപ്പററി പ്രസിഡൻറു ട്രൂമാനും, രക്ഷാസമിതിയിലെ അമേരിക്കൻപ്രതിനിധിയായ വാറൻ ആസ്റ്റിനും ആലോചന നടത്തുന്നു. വാഷിംഗ്ടണിൽ വൈററുഹൗസിലെ പ്രസിഡൻറിൻെറ ആഫീസുമുറിയിൽവച്ചാണു് ആലോചന നടത്തുന്നതു്. ഐക്യരാഷ്ട്രസമിതി സെക്രട്ടേറിയററ്—ന്യൂയോർക്ക നഗരത്തിൽ 17 ഏക്കർ ഭൂമിയാണു ലോകസംഘടനയുടെ കേന്ദ്രആഫീസിനായി നിശ്ചയിച്ചിട്ടുള്ളതു്. ആദ്യം പണിതീർക്കപ്പെട്ട 39 നില കെട്ടിടത്തിലേയ്ക്കു സെക്രട്ടേറിയററിലെ 800-ൽപരം ഉദ്യോഗസ്ഥന്മാർ മാറിക്കഴിഞ്ഞിരിക്കുന്നു. 1950-ലെ സമ്മേളനസമാപനത്തോടുകൂടി ബാക്കി ഉദ്യോഗസ്ഥന്മാരും ഇതിലേയ്ക്കു മാറിക്കഴിയും. 4000 പേർക്കു് ഉള്ള സജ്ജീകരണങ്ങളിതിനുണ്ടു്. പുതിയ മന്ദിരത്തിനു 544 അടി ഉയരവും, 289



അടി നീളവും 72 അടി വീതിയുമാണുള്ളതു്. കിഴക്കും പടിഞ്ഞാറും മുഖപ്പുകളുടെ പുറം അലൂമിനിയം, വിവിധവർണ്ണസ്ഫടികം ഇവയാൽ നിർമ്മിതമാകുകകൊണ്ടു് ആകെ തുറസ്സും വിശാലതയുമുള്ളതായി തോന്നിക്കും. തെക്കും വടക്കും ജനാലകളില്ല. വെർമണ്ട മാർബിൾകൊണ്ടാണു് ഇവിടം പണിതിട്ടുള്ളതു്. 1951 ആഗസ്റ്റിൽ പണിതീരുന്ന 5 നില കെട്ടിടത്തിലായിരിക്കും സെക്യൂരിററി, ട്രസ്റ്റിഷിപ്പ്, എക്കണോമിക്ക ആൻഡ് സോഷ്യൽകൗൺസിലുകളും സമ്മേളനങ്ങളും കൂടുക. ഇടതുവശം കാണുന്നതാണു് സെക്രട്ടേറിയററുമന്ദിരം. പിൻഭാഗത്തായി കാണുന്ന (വലതുനിന്നു രണ്ടാമത്തു്) എമ്പയർ സ്റ്റേററുബിൽഡിംഗ് ആണു്.)

മൂന്നാമത്തെ വരി:—ഐക്യരാഷ്ട്ര ജനറൽഅസംബ്ലിയോഗം. ന്യൂയോർക്ക നഗരത്തിനു സമീപം ഫ്ളഷിംഗ് മെഡോയിൽ നടന്ന ഐക്യരാഷ്ട്ര സഭയുടെ അഞ്ചാമത്തെ പൊതുയോഗം. 1950 സെപ്തംബർ 19-ാംനു സമാരംഭിച്ച സമ്മേളനത്തിൽ 59 രാഷ്ട്രങ്ങളുടെ പ്രതിനിധികളായി അഞ്ഞൂറോളം രാജ്യതന്ത്രജ്ഞന്മാർ സംബന്ധിച്ചിരുന്നു. ഇൻഡ്യൻപ്രതിനിധി സർ ബെനിഗൽ നരസിംഹറാവു പ്രസംഗിക്കുന്ന രംഗമാണു് ചിത്രത്തിൽ. അദ്ധ്യക്ഷവേദിയുടെ പിന്നിലായി ധ്രുവപ്രദേശത്തിൻെറ ഒരു (ഭൂഗോള) ചിത്രം പ്രദർശിപ്പിച്ചിരിക്കുന്നതു് സമിതിയുടെ ഔദ്യോഗികചിഹ്നങ്ങളിൽ ഒന്നാണു്. കൊറിയൻസമരത്തിൽ മുറിവേററ ഒരു അമേരിക്കൻ ഭടനു് രക്തചികിത്സ നടത്തുന്നു. സമരമുഖത്തുനിന്നു് ആംബുലൻസ് വിമാനത്തിൽ ആസ്പത്രിയിൽ കൊണ്ടുവന്നു് രക്തം നൽകുന്നു. പെൻസിൽവേനിയാസ്റ്റേററിലെ പിററ്സ്ബർഗ്ഗ് എന്ന നഗരനാമം പ്രസിദ്ധ ബ്രിട്ടീഷ്‌രാജ്യതന്ത്രജ്ഞനായിരുന്ന വില്യംപിററിൻെറ നാമത്തിൽനിന്നാണുത്ഭവിച്ചതു്. അമേരിക്കൻവ്യവസായകേന്ദ്രങ്ങളിൽ പ്രഥമസ്ഥാനം വഹിക്കുന്ന നഗരങ്ങളിലൊന്നായ പിററ്സ്ബർഗ്ഗ് ഉരുക്ക്, വൈദ്യുതയന്ത്രോപകരണങ്ങൾ ഇവയാണു് പ്രധാനമായി ഉല്പാദിപ്പിക്കുന്നതു്. ഇവിടെ 35 ഉരുക്കുവ്യവസായശാലകൾ, 62 സ്ഫടികനിർമ്മാണശാലകൾ, മററു വ്യവസായസ്ഥാപനങ്ങൾ, 350 കൽക്കരിഖനികൾ, ബാങ്കുകൾ, മൊത്തവ്യാപാരശാലകൾ എന്നിങ്ങനെ നിരവധി സ്ഥാപനങ്ങൾ സ്ഥിതിചെയ്യുന്നു. 720000 ജനസംഖ്യയുള്ള പ്രസ്തുത നഗരത്തിലെ വ്യവസായവാണിജ്യസ്ഥാപനങ്ങൾ പ്രതിദിനം 20 ലക്ഷം ഡാളർ ശമ്പളമായി ചിലവാക്കിവരുന്നു. രണ്ടു നദികൾ ഇവിടെചേർന്നു് ഓമിയോനദിയായിത്തീരുന്നു. 3 കോടി ടൺ സാധനങ്ങൾ നദിമാർഗ്ഗം പ്രതിവർഷം ഗതാഗതംചെയ്യുവരുന്നു. പിററ്സ്ബർഗ്ഗിലെ വ്യവസായസ്ഥാപനങ്ങളെ ബാഹ്യലോകവുമായി ഘടിപ്പിക്കുന്ന റെയിൽ നദി, കരമാർഗ്ഗഗതാഗതസൗകര്യങ്ങൾ കാണിക്കുന്ന ഒരു ചിത്രമാണു് മുകളിൽ. ജോർജ്ജ് വെസ്റ്റിംഗ്ഹൗസ് മെമ്മോറിയൽപാലമാണു് മുൻപിലായി കാണുന്നതു്.









# ഇരിക്കണോ മരിക്കണോ?

നാനാ

"ഇരിക്കണോ മരിക്കണോ?" തന്റെ വധിക്കപ്പെട്ട പിതാവിന്റെ ശാന്തിയടഞ്ഞിട്ടില്ലാത്ത ആത്മാവ് പ്രതികാരം ആവശ്യപ്പെട്ടുകൊണ്ടു തന്നെ ശല്യപ്പെടുത്തിക്കൊണ്ടിരിക്കുന്നു. തന്റെ മാതാവ് അവരെ പ്രാണനെപ്പോലെ സ്നേഹിച്ച അവരുടെ ഭർത്താവിന്റെ ഘാതകന്റെ ഭാര്യയായി, അല്പംപോലും മനഃക്ഷോഭമില്ലാതെ ആഹ്ലാദിച്ചു കഴിഞ്ഞുകൂടുന്നു. സ്ത്രീകുലത്തെ ആകപ്പാടെ വെറുക്കുന്ന, വെറുക്കേണ്ട അവസരത്തിൽ ബുദ്ധിഹീനയായ ഒരു പെൺകുട്ടിയെ സ്നേഹിക്കേണ്ടിയിരിക്കുന്നു. കുഴപ്പങ്ങളൊക്കെ ഒതുക്കി ലോകം ശരിപ്പെടുത്താനുള്ള ജോലിയും തന്നിൽ നിക്ഷേപിക്കപ്പെട്ടിരിക്കുന്നല്ലോ എന്നവിഷമവും തന്നെ അലട്ടിക്കൊണ്ടിരിക്കുന്നു, ഇതൊക്കെ നിയിരക്കേണ്ടെന്നും. ഈ ജീവിതമിനിവേണ്ടെന്നും തീർച്ചപ്പെടുത്തിക്കൊണ്ടു ഹാംലറ്റ് ആത്മഹത്യചെയ്യാൻ തയാറായി വന്നുനിൽക്കുകയാണ്. തന്നോടുതന്നെ അദ്ദേഹം ചോദിക്കുന്നു:—

"ഇരിക്കണം, മരിക്കണോ: അതാണു ചോദ്യം. ദൗർഭാഗ്യത്തിന്റെ കവിണക്കല്ലും ശരങ്ങളുമേറ്റു ഞെരിഞ്ഞുകൊണ്ടിരിക്കുന്നതോ, അടിച്ചുകയറുന്ന കുഴപ്പങ്ങളെ ചെറുത്തുനിർത്തി അവയെ അവസാനിപ്പിക്കാൻ ഒരുങ്ങുന്നതോ ഉത്തമം? അങ്ങുമരിച്ചാലേ? അതേ മരിക്കുക: ഉറങ്ങുക—ഒരുറക്കംകൊണ്ടു ഹൃദയവേദനയും ശരീരം സാധാരണമായേൽക്കേണ്ടിവരുന്ന ഓരായിരം ക്ഷതങ്ങളും അവസാനംവരുത്തുക. ആത്മാർത്ഥമായും ആഗ്രഹിക്കേണ്ട ഔന്ത്യമാണിതു്. മരിക്കുക. ഉറങ്ങുക അതേ അവിടെയാണ് - കുഴപ്പം ഈ ഉടൽ വെടിയുമ്പോൾ ആണ്ടുപോകുന്ന നിദ്രയിൽ നാം എന്തെല്ലാം സ്വപ്നങ്ങൾ കണ്ടെന്നുവരാം. ഈ ദുഃഖപൂർണ്ണമായ ജീവിതത്തിൽ കിടന്നുഴലുന്നതിന്റെ കാരണം ഈ ഭയമാണ്. കാലത്തിന്റെ പ്രഹരങ്ങളേറ്റ് ഇളിച്ചുകാട്ടലും സഹിച്ചുകൊണ്ട് ജീവിക്കേണ്ടതിന്റെ ആവശ്യമെന്താണ്?......ഈ ജീവിതത്തിലെ ദുസ്സഹങ്ങളായ വിഷമങ്ങളിൽനിന്നു രക്ഷനേടാൻ ഒരു കഠാരിമാത്രം പോരേ? ഇതറിഞ്ഞിട്ടും ഈ നശിച്ച ജീവിതം പേറിക്കൊണ്ടുപോകുന്നതു് ഈ ജീവിതമവസാനിപ്പിച്ചാൽ അതിനുശേഷം എന്താണ്, അങ്ങോട്ടുപോയവരാരും തിരിച്ചുവന്നിട്ടില്ലാത്ത ഒരു സ്ഥലത്തേയ്ക്കല്ലേ പോകേണ്ടതു് എന്നൊക്കെയുള്ള ഭയംകൊണ്ടല്ലേ? -"

ഷേക്സ്പീയറിന്റെ നാടകത്തിന്റെ ഒരൊന്നാന്തരം വ്യാഖ്യാനമായിക്കരുതപ്പെടേണ്ട സർ ലാറൻസ് ഒളിവിയറിന്റെ ചിത്രത്തിൽ, ആത്മഹത്യചെയ്യാനായി വന്നുനിൽക്കുന്ന ഹാംലറ്റ് എന്താണു ചെയ്യുന്നതു്. ജീവിതത്തിലെ വിഷമങ്ങളെപ്പോലെ, ഒന്നിനുപുറകെ ഒന്നായി അടിഞ്ഞുകയറിക്കൊണ്ടിരിക്കുന്ന തിരമാലകളുടെയിടയിലേയ്ക്കു്, തന്റെ കൈയിൽ വച്ചു ചുഴററിക്കൊണ്ടിരിക്കുന്ന കഠാരി വലിച്ചെറിയുന്നു. ഹാംലറ്റ് ഇരിക്കാനാണ്, മരിക്കാനല്ല തീർച്ചപ്പെടുത്തിയതു്, ഇതായിരുന്നോ സ്വീകരിക്കേണ്ടിയിരുന്ന തീരുമാനമെന്നദ്ദേഹം മരണമടയുന്നതിനുമുമ്പൊന്നുകൂടി ആലോചിച്ചുനോക്കേണ്ടതായിരുന്നു.

ഹാംലറ്റിനെ ഭയപ്പെടുത്തിയതു അദ്ദേഹത്തിന്റെ മനസ്സാക്ഷി ആയിരുന്നു. ആത്മഹത്യ തെററല്ല, അതുചെയ്താലപകടമില്ലേ എന്നദ്ദേഹത്തിന്റെ സദസദ്വിചാരശക്തി അദ്ദേഹത്തോടു ചോദിച്ചു് അദ്ദേഹത്തെ ചഞ്ചലപ്പെടുത്തി. എല്ലാം മതങ്ങളും നമ്മെപ്പറഞ്ഞു ധരിപ്പിച്ചിട്ടുണ്ടു് ആത്മഹത്യ പാപമാണെന്നു്. മതഗ്രന്ഥങ്ങളും, പുരോഹിതന്മാരും, അന്ധവിശ്വാസങ്ങളും മരണത്തെ ഭയപ്പെടേണ്ടതായ എന്തോ ഒന്നാക്കിത്തീർത്തിട്ടുണ്ടു്. ലോകം മായയാണ്, പ്രാപഞ്ചികങ്ങളായ സകല സുഖങ്ങളിൽനിന്നുമകന്നു നിൽക്കുന്നവനാണുത്തമൻ എന്നെല്ലാം അറിയാവുന്ന മതവിശ്വാസികൾക്കു് എന്തുകൊണ്ടു് ഈ ലോകവുമായുള്ള ബന്ധത്തിനു അറുതിവരുത്തിക്കൂടാ? ഒരുതുള്ളി വിഷം ഒരുമുഴം കയറ്— മായയുടെ കുഴഞ്ഞാട്ടങ്ങളൊക്കെ ഇവിടെത്തന്നെ കിടന്നുപോകുകയില്ലേ? ജനനംമുതൽ മരണംവരെ നിർഭാഗ്യം നമ്മെ പീഡിപ്പിച്ചുകൊണ്ടിരിക്കുന്നു. നമുക്കറിയാം മരണംവരെ അവയലട്ടിക്കൊണ്ടിരിക്കുമെന്നും. ആരെന്തുപറഞ്ഞാലും ശരി, മരണമൊരു ദുരന്തമല്ല. മരണത്തോടുകൂടി നമ്മുടെ ദുഃഖമവസാനിക്കുന്നു. അതിനുശേഷം ഒരാപത്തിനും നമ്മെ സമീപിക്കാൻ സാധിക്കുന്നില്ല. ജീവിതക്ലേശങ്ങൾ അവസാനിപ്പിക്കാൻ മരണം സഹായിക്കുമെങ്കിൽ അതിനെ സ്വാഗതംചെയ്യുകയാണ് വേണ്ടതു്, ഭയപ്പെട്ടുനിൽക്കുകയല്ല.

സീനോ എന്ന തത്വജ്ഞാനി അദ്ദേഹത്തിന്റെ 'വിരക്തവാദം' (stoicism) 'മരണം നന്നാണെ'ന്ന തത്വത്തെ അടിസ്ഥാനപ്പെടുത്തിയാണ് രൂപീകരിച്ചിട്ടുള്ളതു്. ഒരുവനു് നൂറു വയസ്സുവരെ ജീവിക്കാൻ സാധിക്കുമായിരിക്കാം. എന്നാൽ അത്രയുംകാലം അവൻ ജീവിക്കണോ ആവോ, അവനു മതിയാകുന്നതുവരെ ജീവിച്ചാൽ പോരായോ എന്നാണ് സീനോ ചോദിക്കുന്നതു്. വെറുതെ ചോദിക്കുകമാത്രമല്ല, ആ ചോദ്യത്തിനുത്തരം തന്റെ പ്രവൃത്തികൊണ്ടദ്ദേഹം നൽകുകകൂടിചെയ്തു. തൊണ്ണൂററെട്ടു വയസ്സായ ആ വിജ്ഞാനി തന്റെ കലാശാലയിലേയ്ക്കുപോകുന്ന അവസരത്തിൽ മറിഞ്ഞുവീഴുകയും, വീണപ്പോൾ കൈകുത്തിയതുകൊണ്ടു കൈയ്ക്കു് നിസ്സാരമായ ഒരു പരുക്കേൽക്കുകയും ചെയ്തു. വേണമെങ്കിൽ അദ്ദേഹത്തിനു കുറെക്കാലംകൂടി ജീവിച്ചിരിക്കാമായിരുന്നു. പക്ഷെ അദ്ദേഹത്തിനു മതിയായി. അതുകൊണ്ടു് അന്നുതന്നെ അദ്ദേഹം തൂങ്ങിമരിക്കുകയാണ് ചെയ്തതു്.

വിശ്വവിഖ്യാതിനേടിയിട്ടുള്ള പല ദുരന്തനാടകങ്ങളുടെയും കർത്താവായ സെനെക്കായും ആത്മഹത്യയുടെ ആവശ്യകതയെപ്പററിപ്പറഞ്ഞിട്ടുണ്ടു്. അദ്ദേഹത്തിന്റെ "കത്തുകളി"ൽ ഒന്നു് ഇങ്ങിനെ പോകുന്നു—

"ജീവിതം നിങ്ങളെ രസിപ്പിക്കുന്നോ? ജീവിക്കുക .........രസിപ്പിക്കുന്നില്ലേ? ഇഷ്ടംവിടുക .........നിങ്ങളുടെ സ്വാതന്ത്ര്യലബ്ധിക്കു് വലിയ വിസ്താരമുള്ള മുറിവൊന്നും ആവശ്യമല്ല, ഒരു കുത്തിപ്പെട്ടിക്കൽ മതിയാകും...... ......ജീവിക്കേണ്ടതു് ആവശ്യമായിത്തോന്നുന്നതുകൊണ്ടു ബുദ്ധിമുട്ടുന്നെന്തിനു? ജീവിക്കേണ്ടതിന്റെ ആവശ്യമേയില്ലല്ലൊ.........ദൈവങ്ങൾക്കു നന്ദി: ആരെയും ജീവിക്കുന്നതിനു നിർബ്ബന്ധിക്കുവാൻ സാധ്യമല്ലല്ലൊ."

സീനോ പറഞ്ഞു; അതുപോലെ പ്രവർത്തിക്കുകയുംചെയ്തു. സെനെക്കായും പറഞ്ഞു; അതുപോലെ പ്രവർത്തിക്കുകയും ചെയ്യുമായിരുന്നു. പാവം, പറഞ്ഞതുപോലെ പ്രവർത്തിക്കാൻ സാധിച്ചില്ലെന്നുള്ളതിനദ്ദേഹം മാപ്പുചോദിക്കുന്നു. സീനോയുടെ അനുയായിയോ? സെനാക്കായുടെ വാക്കുകൾക്കു് വിലയുണ്ടാക്കിക്കൊടുക്കണമെന്നതെല്ലും വിചാരമില്ലാതെ ജീവിച്ചുകൊണ്ടേയിരിക്കുന്നു! 'അദ്ദേഹത്തിനെയെന്തിനു ബുദ്ധിമുട്ടിക്കുന്നു' എന്നു് സെനെക്കായുടെ പിതൃസ്നേഹം സെനെക്കായോടു് ചോദിച്ചുകൊണ്ടിരുന്നതിനാലല്ല സെനെക്കാ ആത്മഹത്യചെയ്യാഞ്ഞതു്? വാസ്തവമറിയാതെ വല്ലതുമൊക്കെയഭിപ്രായരുതു്.

ക്ഷൗരക്കത്തി കയ്യിലെടുത്തിട്ടുള്ള ഒരുവൻ പോലും അതു കഴുത്തിൽവച്ചമർത്തിയാലെങ്ങിനെയിരിക്കുമെന്നൊന്നാലോചിക്കാതെയിരുന്നിട്ടില്ല എന്ന പരമാർത്ഥം പറഞ്ഞുപോയതുകൊണ്ടു ബൈറൺ ഭ്രാന്തനായിപ്പോയി. എല്ലാവരിലും ഒളിഞ്ഞുകിടപ്പുണ്ടു് ആത്മഹത്യചെയ്യാനൊരു കൊതി. ഉപബോധമനസ്സിലായതിനാൽ നാം അതറിയുന്നില്ലെന്നേയുള്ളൂ. പുനർജ്ജന്മം, മോക്ഷം, നരകം ഇവയിലൊന്നും നിങ്ങൾ വിശ്വസിക്കുന്നില്ലെങ്കിലും, തക്ക കാരണമുണ്ടായിട്ടുകൂടി നിങ്ങൾ ആത്മഹത്യ ചെയ്യാത്തതു്, ആത്മഹത്യചെയ്യുന്നതിൽ വിജയിച്ചില്ലെങ്കിലോ എന്നുള്ള ഭീതികൊണ്ടുമാത്രമാണ്. ആത്മഹത്യചെയ്യാനൊരുങ്ങുന്നവനു്, അതു് നിഷ്പ്രയാസം, തോൽവിപററാതെ ചെയ്യുന്നതിനാവേണ്ട സഹായസഹകരണങ്ങൾ ലോകം ചെയ്തുകൊടുക്കേണ്ടതാണ്. എങ്കിൽ, വെറുപ്പോടുകൂടി ഈ ജീവിതം വലിച്ചിഴച്ചുകൊണ്ടു നീങ്ങുന്ന എത്രപേർ ഈ ലോകത്തോടു് യാത്രപറയുമായിരുന്നു?

ദൈവത്തിനോടും, ബന്ധുക്കളോടും, സ്നേഹിതന്മാരോടുംഉള്ള കടമയെ ആത്മഹത്യമൂലമായിരുന്നു പഴയകാലങ്ങളിൽ നിറവേററിവന്നിരുന്നതു്. ദൈവപ്രീതിക്കുവേണ്ടി സ്വാത്മാക്കളെ അർപ്പിച്ചിരുന്ന വീരന്മാരുടെ സന്താനങ്ങളാണ് നാം. ഈ അടുത്തകാലംവരെ പുരിയിലെ രഥത്തിനു മുൻപിൽ ചാടിച്ചതഞ്ഞുമരിച്ചാൽ വേഗം സ്വർഗ്ഗത്തെത്താമെന്നു ആളുകൾ കരുതിപ്പോന്നിരുന്നു. ഇപ്പോഴും അത്തരക്കാർ കണ്ടേക്കാം. ഭർത്താവു മരിച്ചാൽ ഭാര്യയും അയാളോടൊപ്പം ചിതയിൽ പ്രവേശിക്കുന്നതു് പതിവ്രതാധർമ്മമായിരുന്നു. ഒരുവനു രഥത്തിനു മുമ്പിൽ ചാടി മരിക്കണമെന്നു തോന്നിയാൽ അവനു അതിനനുവദിക്കണം, ഒരുവൾക്കു കടന്തടി ചാടണമെന്നാഗ്രഹമുണ്ടെങ്കിൽ അതും തടയാൻ പാടില്ലാത്തതാണ്. അപ്രകാരം അവർ ചെയ്യാൻ നിർബ്ബന്ധിക്കുന്നതും ചെയ്യാതിരിക്കാൻ നിയമമുപയോഗിക്കുന്നതും ശരിയല്ല. നിയമമുണ്ടായിട്ടും ആണ്ടുതോറും നാലഞ്ചും സതി നടക്കുന്നതായി നാം കേൾക്കുന്നില്ലേ? അങ്ങിനെ ചെയ്യുന്നുണ്ടെങ്കിൽ അതു് ആത്മാർത്ഥമായി സദുദ്ദേശത്തോടെ ചെയ്യുന്നതല്ലേ? അപ്രകാരമുള്ള സ്നേഹപ്രകടനം വേണം താനും. പുരുഷന്മാരും ഈമാതിരി ആത്മഹത്യ ചെയ്യേണ്ടതല്ലേ? ആ ചോദ്യം എന്നോടു ചോദിക്കണ്ട. എന്തിനെന്നെ ചീത്തയാക്കുന്നു? ഷാപോയിപ്പെണ്ണുങ്ങളോടു ചോദിക്കൂ.

നമുക്കു് ആത്മാർപ്പണവും, സതിയും ഉണ്ടെങ്കിൽ ജപ്പാൻകാർക്കു് 'ഹരക്കിരി'യുണ്ടു്. ലോകം ഇതിൽകൂടിയ ഒരു സ്നേഹാദരപ്രകടനം കണ്ടുകാണുകയില്ല. രാജാവിനോ രാജ്യത്തോടോ എന്തെങ്കിലും തെററുചെയ്ത പ്രഭുവിനു പശ്ചാത്തപിക്കണമെങ്കിൽ സ്വന്തം വയറുകീറി കുടൽ പുറത്തെടുത്തു് ആത്മഹത്യചെയ്താൽ മാത്രം മതി. ചക്രവർത്തി ഇതിനായിട്ടു രത്നംപതിച്ച ഒരു കഠാരി അയച്ചുകൊടുക്കും. ചക്രവർത്തിക്കുവേണ്ടി പ്രഭുക്കന്മാർ ഇതു ചെയ്യാൻ തയാറായിരുന്നു. പ്രഭുക്കന്മാർ ഇതു ചെയ്യുന്നതിനു ബാദ്ധ്യസ്ഥരാണെന്നുള്ള ചട്ടം പത്തൊൻപതാംശതകത്തിന്റെ പകുതിവരെ നിലനിന്നിരുന്നു. ഇപ്പോഴും ഒരുവനു ഹരക്കിരി നടത്താം. പക്ഷെ നിർബ്ബന്ധിതമല്ലാതായിത്തീർന്നിട്ടുണ്ടു്.

ഏതുദിവസത്തെ പത്രം വിടർത്തിനോക്കിയാലും കാണാം ഒരു ഡസൻ ആത്മഹത്യകൾ. പാപ്പരായ വ്യാപാരി, ദരിദ്രനായ അദ്ധ്യാപകൻ, അപമാനിതനായ അഭിമാനി, പരീക്ഷയിൽ തോററ വിദ്യാർത്ഥി, നൈരാശ്യം കയറിയ കാമുകനോ കാമുകിയോ, ദാമ്പത്യജീവിതം ദുസ്സഹമായിത്തീർന്ന ഭാര്യയോ ഭർത്താവോ, തൊഴിലില്ലാതെ അലഞ്ഞുനടക്കേണ്ടിവരുന്ന അലയാളി (എന്തു പറയാമോ?), ഭ്രാന്തൻ, പശ്ചാത്തപിക്കുന്ന അപരാധി, മാറാത്ത രോഗം പിടിപെട്ടവൻ ഇവരെല്ലാമാണ് ആത്മഹത്യചെയ്യുന്നവർ. സ്ത്രീകളെക്കാൾ മൂന്നിരട്ടി പുരുഷന്മാർ ആത്മഹത്യചെയ്യുന്നു എന്നുകേട്ടു് സ്ത്രീകൾ സംഭ്രാന്തചിത്തരാകരുതു്. സ്ഥിതിവിവരക്കണക്കുകൾ അതുപോലെ മററു പലതും പറയും. പതിനഞ്ചു വയസ്സിനുമുമ്പു വളരെക്കുറച്ചാത്മഹത്യയെ നടക്കുന്നുള്ളൂ. നിരാശരായ യുവാക്കളെല്ലാം, നിരാശരാകാത്ത വൃദ്ധന്മാരാണ്; കണ്ണുരണ്ടും കുണ്ടിലായി, കവിളൊട്ടി, ശരീരം ശുഷ്കിച്ചു് അസ്ഥിപഞ്ജരംപോലെയിരിക്കുന്നവരല്ല, മേദസ്സിന്റെ കൂടുതൽകൊണ്ടു് അനങ്ങാൻ പാടില്ലാത്തവരാണ്; അവിവാഹിതരല്ല, വിവാഹിതരാണ്; ജോലി കൂടുതലുള്ളവരല്ല, അലസന്മാരാണ് സാധാരണയായി ആത്മഹത്യ ചെയ്യുന്നതു്.

ആരു് ആത്മഹത്യചെയ്താലും ശരി; ആരു് ആത്മഹത്യചെയ്തില്ലെങ്കിലും ശരി; മാറാത്ത രോഗം പിടിപെട്ടവർ ആത്മഹത്യചെയ്യാതിരിക്കരുതു്. അതവനവനും മററുള്ളവർക്കും നല്ലതു്. അവർ, അവരെ അതിനകംതന്നെ സമീപിച്ചുകഴിഞ്ഞിരിക്കുന്ന മരണത്തിൽനിന്നും ഒഴിഞ്ഞുമാറി, ഒളിച്ചിരുന്നു് മുക്കിമൂളി ജീവിക്കുന്നതിൽ ഭേദം ആ മരണത്തെ രണ്ടുകയ്യുംനീട്ടി സ്വീകരിക്കുകയല്ലേ? വേദനകൊണ്ടു പുളയുന്ന കാൻസർ രോഗിയെ ആത്മഹത്യചെയ്യാൻ സഹായിക്കുന്നതിൽ തെററില്ലെന്നു കാരുണ്യശീലരായ ഭിഷഗ്വരന്മാർ പറയുന്നു. കാരുണ്യശീലരല്ലാത്തവർ തെററാണെന്നും പറഞ്ഞുകൊള്ളട്ടെ.

അനാവശ്യമായി ആത്മഹത്യചെയ്യുന്നവരും പ്രസിദ്ധിക്കുവേണ്ടിമാത്രം ആത്മഹത്യചെയ്യുന്നവരും ഉണ്ടു്. രണ്ടാമതുപറഞ്ഞകൂട്ടർ ആരും ഉദ്ദേശിക്കാത്തമട്ടിലും സ്ഥലങ്ങളിലും ആയിരിക്കും മരിച്ചു നിൽക്കുന്നതു്. 'മററുള്ളവരെ പഠിപ്പിച്ചേക്കാം' എന്ന വൈരാഗ്യത്തോടെ ആത്മഹത്യ ചെയ്യുന്നവർ ഈ ലോകം വിട്ടുപോകാനല്പംപോലുമിഷ്ടപ്പെടുന്നവരല്ല. അമ്മയടിച്ചതുകൊണ്ടു കിണററിൽ ചാടിച്ചത്തുകളയാമെന്നു തീർച്ചപ്പെടുത്തുന്ന ബാലന്റെ ബുദ്ധിശക്തിമാത്രമേ ഇത്തരക്കാർക്കുള്ളൂ. മരിക്കണമെന്നു തോന്നിയിട്ടോ, ആവശ്യമുണ്ടായിട്ടോ അല്ല ഇവർ മരിക്കുന്നതു്; മരിച്ചു മററുള്ളവരെ സങ്കടപ്പെടുത്തിക്കളയാമെന്നൊരു വിചാരംകൊണ്ടുമാത്രം. താൻ സ്നേഹിച്ച പെണ്ണു് വേറൊരുത്തന്റെകൂടെ പോയതുകൊണ്ടു് അവളെ വിഷമപ്പെടുത്താനായി താൻ മരിച്ചേക്കാമെന്നു തീർച്ചപ്പെടുത്തുന്നവൻ 'കഴുതയാണ്' ച്ഛേ! രണ്ടക്ഷരംകൊണ്ടു കാര്യം കാണാമെങ്കിൽ മൂന്നക്ഷരം എന്തിനു പ്രയോഗിക്കുന്നു?—'കവി'യാണ്. അവന്റെ ആത്മഹത്യയെക്കുറിച്ചു പത്രത്തിൽ റിപ്പോർട്ടു കാണുമെന്നും, അവളും അതു വായിക്കുമെന്നും, അവൾ അതുകണ്ടു് പശ്ചാത്തപിക്കുമെന്നും, അവളുടെ മറേറക്കാമുകനുമായി അവൾ പിണങ്ങിപ്പിരിയുമെന്നും, ശുദ്ധഹൃദയനും ആരാധ്യനുമായ ഒരു യുവാവിനെ നശിപ്പിച്ചല്ലോ എന്നു ഖേദിച്ചുകൊണ്ടു് അവൾ കഴിയുമെന്നും വിചാരിച്ചുകൊണ്ടു, മനമില്ലാമനസ്സോടെ, ഈ ലോകത്തുനിന്നും കണ്ണെടുക്കാതെ മരണമടയുന്ന ആ കാമുകന്റെ, കവിയുടെ, ഭ്രാന്തന്റെ ആത്മാവു് ഒരിക്കലും ഈ ലോകം വിട്ടുപോകുന്നതല്ല. അവനെ അവഗണിച്ച അവന്റെ കാമുകിക്കും അവളുടെ ഭർത്താവായിത്തീരാനൊക്കാവുന്ന രണ്ടാംകാമുകനും, അവരുടെ ആയുഷ്കാലം മുഴുവനും നേരമ്പോക്കിനു വകയുണ്ടാക്കിക്കൊടുത്ത അവനോടു് നന്ദിയുണ്ടാകാതിരിക്കുകയില്ല.

ആവശ്യമില്ലാതെ മരിക്കണോ? എന്തിനു വേണ്ടാതെ മരിക്കുന്നു? പൂർണ്ണസമ്മതമുണ്ടെങ്കിൽ മരിച്ചാൽ മതി. പൂർണ്ണസമ്മതമില്ലെങ്കിൽ മരിക്കാനൊരുക്കുകയില്ലെന്നു പറയുന്നതും ഏതാണ്ടൊക്കെ ശരിയാണ്. പകുതി മനസ്സോടെ ആത്മഹത്യയ്ക്കൊരുങ്ങിപ്പോയവർ, അവരറിയാതെ കിടന്നിരുന്ന പല പരമാർത്ഥങ്ങളും പെട്ടെന്നു ഗ്രഹിക്കാനിടവന്നതിനാൽ ഇന്നും ജീവിച്ചിരുപ്പുണ്ടു്. കാമുകിക്കു സമർപ്പിച്ച ചിത്രവും, അവൾക്കയച്ചിരുന്ന ഇരുനൂറിൽപരം എഴുത്തുകളും മടക്കിയേൽപ്പിച്ചു അവൾ അയാളോടു യാത്രപറഞ്ഞു പിരിഞ്ഞദിവസംതന്നെ അയാൾ കഴുത്തിൽ കയറിടുന്നു. പക്ഷെ, കയറിടേണ്ടും മസം, അയാൾക്കു്, ഈ ലോകത്തു് അവൾ മാത്രമല്ല വേറെയും പരമസുന്ദരികളായ പെൺകുട്ടികളുണ്ടെന്നുള്ള പരമാർത്ഥം ഗ്രഹിക്കാൻ! മലമുകളിൽ നിന്നും താഴെയുള്ള പാറപ്പുറത്തേയ്ക്കു ചാടിമരിക്കാൻ തയാറായിവന്ന കാമുകൻ അതുവരെ ആലോചിച്ചിരുന്നില്ല കഴുത്തൊരിക്കലൊടിഞ്ഞുപോയാൽ വെറെ കഴുത്തു ലഭിക്കുന്നതല്ലെന്നും, ഒരു പെണ്ണു പോയാൽ വേറെ നൂറുപെണ്ണുങ്ങളെ ലഭിക്കുമെന്നും! ഭർത്താവുമായി വാക്കുതർക്കമുണ്ടായി കുളത്തിൽ ചാടി മരിക്കാൻപോയ ഭാര്യ മഞ്ഞുകാലത്തു വെള്ളത്തിനു വലിയ തണുപ്പാണെന്നു കണ്ടുപിടിച്ചതിനാൽ ഇന്നും ജീവിച്ചിരിക്കുന്നു! കണ്ണോട്ടം ചെയ്തു് ആത്മഹത്യയ്ക്കൊരുങ്ങുന്നതിനുമുമ്പു്, പാവം, അവൾക്കറിഞ്ഞുകൂടായിരുന്നു കത്തിക്കു് അത്രവളരെ മൂർച്ചയുണ്ടായിരിക്കുമെന്നു്!...... അധികകാലം കഴിയുന്നതിനുമുമ്പു് ആത്മഹത്യചെയ്യാൻ ധൈര്യവും മനസ്സുമില്ലാത്ത ഭീരുക്കളെക്കൊണ്ടു ഈ ലോകം നിറഞ്ഞുപോകുകയില്ലേ? വൃത്തികെട്ടിടങ്ങളിൽ കിടന്നു പുളയുന്ന കൃമികളെപ്പോലെ കഷ്ടപ്പാടുകളുടെയിടയിൽ വേദനകളനുഭവിച്ചുകൊണ്ടു് കഴിഞ്ഞുകൂടുവാൻ മനുഷ്യർ തയാറാകുമോ?

ഒരുവനെ ആത്മഹത്യയ്ക്കു പ്രേരിപ്പിക്കുന്നതു് ശിക്ഷാർഹമായ ഒരു കുററമാണ്. ശരി, സമ്മതിച്ചു. ഒരുവൻ ആത്മഹത്യചെയ്യാൻ മുതിരുന്നതോ? അതും കുററമാണുപോലും! വ്യക്തിക്കു് സകല സ്വാതന്ത്ര്യവും അനുവദിച്ചുകൊടുത്തിട്ടുള്ള അമേരിക്ക, ഇംഗ്ലണ്ടു് മുതലായ രാജ്യങ്ങളിൽകൂടി ഈ നിയമം നിലവിലുണ്ടെന്നതു് സാധൂകരിക്കുക സാധ്യമല്ല. ഒരുവനിഷ്ടമല്ലാതാകുമ്പോൾ അവനു് അവന്റെ ജീവിതം ഉപേക്ഷിക്കാൻ പാടില്ലെന്നു് പറയുന്നതു് ഒരുതരത്തിൽ വ്യക്തിസ്വാതന്ത്ര്യധ്വംസനമല്ലേ? അറിവില്ലാത്ത കുട്ടികളാത്മഹത്യയ്ക്കൊരുങ്ങുന്നതെങ്കിൽ അവരെ പതിനഞ്ചു വയസ്സുവരെ, വേണമെങ്കിൽ അതിനനുവദിക്കാതിരിക്കാം. അതിനുശേഷവും അവർക്കു് ആത്മഹത്യചെയ്യണമെന്നാണാഗ്രഹമെങ്കിൽ അതിനവരെ അനുവദിക്കേണ്ടതാണ്. പക്ഷെ, അറിവെത്തിയവരാണാത്മഹത്യ നടത്താറുള്ളതെന്നതിനു തെളിവാണല്ലോ പതിനഞ്ചുവയസ്സിനു താഴെയുള്ള കുട്ടികൾ ആത്മഹത്യ ചെയ്യാറില്ല എന്നതു്. അറിവെത്തിയവർ ആത്മഹത്യചെയ്യുന്നതു് ആവശ്യമുണ്ടായിട്ടായിരിക്കുമല്ലോ. അതിനെ അന്യായമായിക്കരുതാമോ? ആത്മഹത്യചെയ്യാനൊരുങ്ങി, ചെയ്തു മുഴുവനാക്കാൻ സാധിക്കാത്ത ഒരുവനെ ശിക്ഷിക്കുകയാണോ, അവനെ അതു ചെയ്യിപ്പിച്ചു മുഴുവനാക്കാൻ ശ്രമിക്കുകയാണോ നാം ചെയ്യേണ്ടതു? മനുഷ്യത്വത്തിന്റെ പേരിൽ ചോദിക്കുകയാണ്. കഴുത്തു പകുതി മുറിച്ചുകൊണ്ടു് കിടന്നുകുഴങ്ങുന്ന ഒരുവനെ മരിക്കുവാൻ സഹായിക്കുകയോ, അതോ, അവനെ ആശുപത്രിയിൽ കൊണ്ടുചെന്നിട്ടു് കഴുത്തു കുത്തതച്ചു് ആത്മഹത്യയ്ക്കൊരുങ്ങിയതിനു് ശിക്ഷിക്കുകയോ ചെയ്യേണ്ടതു? നിയമം അങ്ങിനെ ആത്മഹത്യയ്ക്കൊരുങ്ങിയവനെ ശിക്ഷിക്കുന്നു. ആത്മഹത്യ ചെയ്തവനെ നിയമത്തിനെന്തുചെയ്യാൻ സാധിക്കും? പക്ഷെ അവനെയും ശിക്ഷിക്കുകയാണു ചെയ്യുന്നതെന്നുള്ള തോന്നലോടുകൂടിയാണല്ലോ ഇംഗ്ലീഷുകാർ ആത്മഹത്യചെയ്തവന്റെ ശരീരത്തിൽ ഒരു കുററിയടിച്ചുകയററി നാല്വഴിചേരുന്നിടത്തു കുഴിച്ചിട്ടുവന്നിരുന്നതു്! അവന്റെ വസ്തുവകകൾ കണ്ടുകെട്ടുകയുംചെയ്തിരുന്നു. റോമാസാമ്രാജ്യത്തിൽ പണ്ടു നിലവിലിരുന്ന ഒരു നിയമം സകല രാജ്യങ്ങളും നടപ്പിലാക്കേണ്ടതാണ്. ഒരുവനു് ആത്മഹത്യചെയ്യണമെങ്കിൽ അവൻ അടുത്തുള്ള മജിസ്ട്രേട്ടിനോടപേക്ഷിച്ചാൽ മതി. മജിസ്ട്രേട്ടു് അപേക്ഷകന്റെ കേസ കേട്ടതിനുശേഷം അതു് ആത്മഹത്യാർഹമാണെന്നു് തീർച്ചപ്പെടുത്തുകയാണെങ്കിൽ അയാൾക്കു് ഒരു ലൈസൻസു കൊടുക്കും. ലൈസൻസില്ലാതെ മരിക്കുന്നവന്റെ വസ്തുവകകൾ കണ്ടുകെട്ടും. ആത്മഹത്യചെയ്യാൻ വേണ്ടിവരുന്ന വിഷം ഗവൺമെൻറിൽനിന്നും സൗജന്യമായിത്തന്നെ കൊടുക്കുകയും ചെയ്യും. പക്ഷെ അക്കാലം ഇങ്ങിനിവരാതവണ്ണം പോയി?

എന്നാലും എനിക്കെന്തൊരാശ്വാസം തോന്നിയെന്നറിയാമോ?—കഴിഞ്ഞകൊല്ലം സെപ്തംബർമാസത്തിൽ വടക്കേഇന്ത്യയിലെവിടേയോ ഒരുകോടതിയിലെ ന്യായാധിപൻ ആത്മഹത്യയ്ക്കു ശ്രമിച്ച ഒരുവനെ വെറുതെ വിട്ടുകൊണ്ടു വിധിപ്രസ്താവിച്ചുഎന്നുകേട്ടപ്പോൾ. "ഒരുവനെ സന്തുഷ്ടനാക്കാൻ ഒരു രാഷ്ട്രത്തിനു കഴിവില്ലെങ്കിൽ അസന്തുഷ്ടമായ ഒരു ജീവിതം അവന്റെമേൽ കെട്ടിയേല്പിക്കാൻ അതിനവകാശമുണ്ടോ?" (ഹീയർ, ഹീയർ)എന്നാണദ്ദേഹം ചോദിച്ചതു്. നീതിയും ന്യായവും കൈകാര്യംചെയ്യുന്നവർക്കു ഇതുപോലെ വിവേകവുംകൂടി ഉണ്ടായിരുന്നെങ്കിൽ! ശാരീരികവും സാമ്പത്തികവുമായ

# മലയാളഭാഷയും നിഘണ്ടു നിർമ്മാണവും

പി. ദാമോദരൻനായർ എം. എ. ബി. എൽ.

നമ്മുടെ സർവ്വകലാശാലയിൽനിന്നും സമ്പൂർണ്ണവും സമഗ്രവുമായ ഒരു ഭാഷാനിഘണ്ടു ഉടൻ പുറപ്പെടാൻ പോകുന്നു. സാമാന്യജനങ്ങൾക്ക് അതിനെപ്പററി വളരെ ശുഭപ്രതീക്ഷകളാണുള്ളത്. ആ ശുഭപ്രതീക്ഷകൾ നിറവേററുവാൻ സർവ്വകലാശാലക്കാർ അവരുടെ സർവ്വകഴിവുകളും വിനിയോഗിക്കുകതന്നെ ചെയ്യുമെന്ന് നമുക്കാശിക്കാം. സർവ്വസമ്മതമായ ഒരു നിഘണ്ടു ഭാഷയ്ക്കത്യാവശ്യമാണ്. 'നിഘണ്ടു' ശബ്ദംപോലും 'നിഖണ്ഡു', 'നിഘണ്ഡു' 'നിഖണ്ടു' എന്ന് ഒരു വ്യവസ്ഥിതിയുമില്ലാതെ പല രൂപത്തിലാണ് ഇപ്പോൾ എഴുതിക്കാണപ്പെടുന്നതു്. സ്വീകാര്യമായരൂപം 'നിഘണ്ടു' എന്നാണ്. 'വ്യവസ്ഥ' 'അവസ്ഥ' മുതലായ പദങ്ങളുടെ കാര്യം പിന്നെപ്പറയാനുമില്ല. 'ഓർമ', 'നേർമ', 'ചിമിട്ടം'; 'അതിർത്തി' മുതലായ വെറും ദ്രാവിഡപദങ്ങളെ സംസ്കൃതഭ്രമക്കാരനായ ചിലർ കേവലം ഇരട്ടിപ്പായി 'ഓർമ്മ', 'നേർമ്മ', 'ചിംബിഷ്ടം', 'അത്യർത്ഥി' എന്നെല്ലാം പ്രയോഗിക്കാറുണ്ടു്. അതേസമയംതന്നെ വെറും സംസ്കൃതശബ്ദങ്ങളായ 'കോഷ്ഠം', 'ശർശരം', 'നിരാശ' മുതലായവ 'കോഷ്ടം', 'ശർക്കരം', 'നിരാശ' എന്നെല്ലാം തെററിച്ചെഴുതുന്നുമുണ്ടു്. പര്യായപദങ്ങളെന്നു സാധാരണക്കാർ വിചാരിക്കുന്ന പല പദങ്ങൾക്കും അർത്ഥവ്യത്യാസമുണ്ടു്. ഉദാഹരണത്തിനു 'ദൌഹിത്രി', 'പൌത്രി' എന്നീ ശബ്ദങ്ങൾ നോക്കുക. ആദ്യത്തേതു മകളുടെ മകളെ മാത്രമേ കുറിക്കുന്നുള്ളൂ; രണ്ടാമത്തേതിനു മകന്റേയും മകളുടെയും മകൾ എന്നർത്ഥം വരും. ഒരു ശരിയായ നിഘണ്ടുവിന്റെ അഭാവത്തിൽ അശുദ്ധപാഠങ്ങൾ വീണ്ടും വീണ്ടും പ്രയുക്തമാകാനേ ന്യായം കാണുന്നുള്ളൂ. ഐകരൂപ്യത്തോടും ശബ്ദശുദ്ധിയോടുംകൂടി ഭാഷയിൽ പദങ്ങൾ പ്രയോഗിക്കുന്നതിനു് ഉത്തമമായ ഒരു നിഘണ്ടു എത്രയും അത്യാവശ്യമാണ്. ഈ അവസരത്തിൽ നമ്മുടെ ഭാഷയിലെ നിഘണ്ടുനിർമ്മാണത്തിന്റെ ചരിത്രം സ്മൃതിപഥത്തിലെത്തിയതു് ബിന്ദുമാത്രമായിട്ടെങ്കിലും ഇവിടെ പ്രതിപാദിക്കുന്നതു് അസംഗതമാകയില്ലല്ലോ.

ഭാഷയിൽ സർവ്വസമ്മതമായ ഒരു ശബ്ദകോശം ഉണ്ടാകണമെന്നുള്ള വാദം ഇന്നോ ഇന്നലെയോ ആരംഭിച്ചതല്ല. 1070-ാമാണ്ടിടയ്ക്ക്, അതായതു് സുപ്രസിദ്ധപത്രപ്രവർത്തകനും അക്കാലത്തെ ഭാഷാഭിമാനികളിൽ അഗ്രേസരനുമായിരുന്ന കണ്ടത്തിൽ വറുഗീസുമാപ്പിളയുടെ കാലത്തു് മലയാളമനോരമാപംക്തികളിലും, അനന്തരം ഭാഷാപോഷിണീസഭയുടെയും കൊച്ചിഭാഷാപരിഷ്കരണക്കമ്മിററിയുടെയും ഈ കാലത്തു് സമസ്തകേരളസാഹിത്യപരിഷത്തിന്റേയും സമ്മേളനങ്ങളിലും പലവുരു നിഘണ്ടുനിർമ്മാണനിർദ്ദേശമുണ്ടായിട്ടുണ്ടെങ്കിലും ആയതു് അവിടവിടെത്തന്നെ അന്തരിക്ഷത്തിൽ വിലയം പ്രാപിക്കയാണു ചെയ്തിട്ടുള്ളതു്. എന്തെന്നാൽ സാധിഷ്ഠമെങ്കിലും ദുഷ്കരമായ ഒരു കർമ്മമാണ് നിഘണ്ടുനിർമ്മാണം. വിവിധഭാഷകളിലുള്ള വൈദഗ്ദ്ധ്യത്തിനു പുറമേ, അസാമാന്യമായ ക്ഷമയും സർവ്വോപരി ധനവും നിഘണ്ടു നിർമ്മിക്കാൻ ഉദ്യമിക്കുന്ന ആളിനുണ്ടായിരിക്കേണ്ടതാണ്. ക്ലേശസഹിഷ്ണുതയെ ആമൂലാഗ്രം കുലുക്കിനോക്കുന്ന ഒരു മഹാസംരംഭമാണ് നിഘണ്ടുനിർമ്മാണം എന്നു പറഞ്ഞാൽ അതിൽ അതിശയോക്തിസ്പർശമില്ല. ഇതിലേയ്ക്കു ബദ്ധപരികരന്മാരായി പുറപ്പെട്ട പല ഭാഷാഭിമാനികളും വിഫലപ്രയത്നന്മാരാകുന്നതിനു പ്രധാനകാരണം ഇതുതന്നെയാണ്; അതേസമയം ബുദ്ധിമാന്മാരായ പണ്ഡിതന്മാരിൽ പലരും മൗനംദീക്ഷിച്ചു് ഇതിൽ കൈവയ്ക്കാതിരുന്നതിനും കാരണം മറെറാന്നല്ല. കൊച്ചീഭാഷാപരിഷ്കരണക്കമ്മിററിക്കു നിഘണ്ടുനിർമ്മാണത്തിനു് അന്നത്തെ മഹാരാജതിരുമനസ്സുകൊണ്ടു കല്പിച്ചു ഇരുപതിനായിരം രൂപ സമ്മാനിച്ചുപോലും പരീക്ഷിച്ചുനോക്കി; എന്നിട്ടും ഫലമൊന്നുമുണ്ടായില്ല *

പരിശ്രമശാലികളായ പാശ്ചാത്യപണ്ഡിതന്മാർതന്നെയാണ്, മററു പല കാര്യങ്ങളിലുമെന്നപോലെ, നിഘണ്ടു നിർമ്മാണത്തിലും നമുക്കു മാർഗ്ഗദർശനം നൽകിയിട്ടുള്ളതു്. ക്രിസ്ത്വബ്ദം 1846-ൽ ബെയിലിസായ്പും, 1872 ൽ ഗുണ്ടർട്ടുസായ്പും ഭാഷയിൽ ഓരോ നിഘണ്ടു പ്രസിദ്ധപ്പെടുത്തി. ബെയിലിയുടേതിൽ സംസ്കൃതശബ്ദങ്ങൾക്കാണ് പ്രാധാന്യം കല്പിച്ചിട്ടുള്ളതു്. ഭാഷാശബ്ദങ്ങൾ അതിൽ നന്നേ കുറവാണ്. പദങ്ങൾക്കു് പ്രധാനമായി ഇംഗ്ലീഷിലാണ് അർത്ഥം കൊടുത്തിരിക്കുന്നതെന്നു മാത്രമല്ല, ആഗമോദാഹരണങ്ങളോ അർത്ഥവിവരണങ്ങളോ കൊടുത്തിട്ടുമില്ല. അതിൽ, എകാരം 'ഏ'കാരം മുതലായവയ്ക്കു പ്രത്യേകം ലിപികളില്ല. 'പ്രയോഗം', 'ക്ഷേമം' ഇത്യാദി പദങ്ങൾ 'പ്രയൊഗം', 'ക്ഷെമം', എന്നെല്ലാമാണ് ബെയിലിസായ്പു് പ്രയോഗിച്ചിരിക്കുന്നതു്. അബദ്ധങ്ങളും ധാരാളം കടന്നുകൂടിട്ടുണ്ടു്. ഇന്നു് ഈ നിഘണ്ടുകൊണ്ടു് മലയാളികൾക്കു വലിയ പ്രയോജനമൊന്നുമില്ലെന്നു പറയുന്നതോടൊപ്പംതന്നെ, ഭാഷാഭിമാനികളും അധുനാതനനിഘണ്ടുകാരന്മാരും ബെയിലിയ്ക്കു് ആധമർണ്യം വഹിക്കുന്നുണ്ടെന്നുള്ള സംഗതിയുംകൂടി ഇവിടെ എടുത്തുപറയേണ്ടതായിട്ടിരിക്കുന്നു. പദങ്ങൾക്കു് ഭാഷയിൽത്തന്നെ അർത്ഥം കൊടുത്തിട്ടുള്ള ആദ്യഭാഷാനിഘണ്ടു റവ: റിച്ചേർഡ് കൊല്ലിൻസിന്റേതാണ്. ഇതു സമഗ്രമായ ഒരു നിഘണ്ടുവല്ല. പ്രധാനപ്പെട്ട പല പദങ്ങളും ഇതിൽ വിട്ടുപോയിട്ടുണ്ടു്. വ്യുൽപത്തിപ്രയോഗാദികളൊട്ടു കാണിച്ചിട്ടുമില്ല. അപപാഠങ്ങളും വിരളമല്ല. ഇതിലെ തെററുകൾ തിരുത്തി സാമാന്യം പരിഷ്കരിച്ച ഒരു പതിപ്പ് ശ്രീ. ഏ. ശങ്കരപ്പിള്ള അവർകളുടെ മേൽനോട്ടത്തിൽ പുറപ്പെടുവിച്ചിട്ടുണ്ടെന്നുള്ള സംഗതിയും ഇവിടെ പ്രസ്താവ്യമാണ്. ശാസ്ത്രീയമായ രീതിയിൽ പദങ്ങളെ വ്യുൽപത്തിക്രമമനുസരിച്ചു അടുക്കി ആഗമവും ഉദാഹരണസഹിതം വെവ്വേറെ അർത്ഥവും കൊടുത്തു പുറപ്പെടുവിച്ചിട്ടുള്ള ഏകനിഘണ്ടു ഡാക്ടർ ഗുണ്ടർട്ടിന്റേതാണ്. ഇതിൽ പദങ്ങൾ മലയാളത്തിലും അർത്ഥം ഇംഗ്ലീഷിലുമാണ് കൊടുത്തിരിക്കുന്നതു്. അതിനാൽ ആംഗലഭാഷാനഭിജ്ഞന്മാർക്കു് ഇതുകൊണ്ടു പ്രയോജനമില്ല. എന്നാൽ ബെയിലിയിലില്ലാത്ത അനേകമനേകം ഭാഷാപദങ്ങൾ ഗുണ്ടർട്ട് തേടിപ്പിടിച്ചു് പ്രയോഗസഹിതം അർത്ഥവിവരണം നൽകീട്ടുണ്ട് പ്രധാനന്യൂനത, ഭാഷയിൽ പ്രചുരപ്രചാരമുള്ള പല സംസ്കൃതപദങ്ങൾക്കും ഇതിൽ സ്ഥാനം നൽകിയിട്ടില്ല എന്നുള്ളതാണ്. എങ്കിലും പണ്ഡിതോചിതമായ രീതിയിൽ ഒരു ശാസ്ത്രഗ്രന്ഥം സമ്മാനിച്ചതിനു സായിപ്പവർകളെ മലയാളികൾക്കു കൃതജ്ഞതാസങ്കലിതമായ ഭക്തിയാദരവോടുകൂടി മാത്രമേ സ്മരിക്കുവാൻ നിവൃത്തിയുള്ളൂ.

ബാല്യദശവിട്ടു താരുണ്യത്തിലേയ്ക്കു കാലൂന്നിയ ഭാഷയ്ക്കു ഈ ക്ലേശകം മതിയാകാതെവന്നുവെങ്കിൽ അതിൽ അത്ഭുതത്തിനവകാശമില്ലല്ലോ. കാലക്രമേണ കുലങ്കഷമായ ഭാഷാസാഹിത്യപരിചയത്തിനു് ഇവ പര്യാപ്തങ്ങളായില്ല. ഭാഷാപോഷിണീസഭയുടെ യോഗങ്ങളിൽ ഈ സംഗതി പ്രതിപാദ്യമായി. മേല്പറഞ്ഞ സായിപ്പന്മാരിൽ, വിശേഷിച്ചും ഗുണ്ടർട്ട്, നിർദ്ദേശിച്ചിട്ടുള്ള പന്ഥാവിൽകൂടി സഞ്ചരിച്ചു് മലയാളഭാഷയ്ക്കു് ഉത്തമമായ ഒരു ശബ്ദകോശം ഒരു മലയാളിതന്നെ സമ്പാദനംചെയ്യേണ്ടകാലം അതിക്രമിച്ചിരിക്കുന്നുവെന്നു് പണ്ഡിതന്മാർ ഏകകണ്ഠം അഭിപ്രായപ്പെട്ടു. അതുകാരണത്താലാണ് ശ്രീമാൻ സി. എൻ. എ. രാമയ്യാശാസ്ത്രിഅവർകളും മുള്ളുവിളാകം ഗോവിന്ദപ്പിള്ള അവർകളും കൂടി "ശബ്ദരത്നാകരം" എന്നപേരിൽ വിപുലമായ തോതിൽ ഒരു ഭാഷാനിഘണ്ടു പ്രസിദ്ധംചെയ്തുതുടങ്ങിയതു്. കേരളകാളിദാസന്റെ ആമുഖോപന്യാസത്തോടുകൂടി ആവിർഭവിച്ച ആ ശബ്ദകോശത്തിന്റെ പ്രഥമദളം പണ്ഡിതന്മാരായ സമ്പാദകന്മാരുടെ വൈദഗ്ദ്ധ്യത്തിനു മകുടോദാഹരണമായിരുന്നതാനും. എന്നാൽ പൂർത്തിയായിരുന്നെങ്കിൽ, ഭാഷയ്ക്കു് വമ്പിച്ച ഒരു നേട്ടമാകുമായിരുന്ന ആ ഗ്രന്ഥം ഒന്നുരണ്ടു ലക്കങ്ങളോടെ തിരോഭവിച്ചു. അനന്തരം ശ്രീമാൻ ശ്രീകണ്ഠേശ്വരം ജി. പത്മനാഭപിള്ള അവർകൾ 'ശബ്ദതാരാവലി' എന്ന പേരിൽ ഒരു ഭാഷാനിഘണ്ടു ഖണ്ഡശഃ പ്രസിദ്ധപ്പെടുത്തിത്തുടങ്ങി. സായ്പന്മാരുടെ നിഘണ്ടുക്കളെ അപ്പടി പകർത്താതെ "ശീലാവതി തുടങ്ങി മഹാഭാഗവതംവരെയുള്ള എല്ലാ ഗ്രന്ഥങ്ങളുടെയും അനേകം വ്യാഖ്യാനങ്ങളുടെയും പ്രത്യേകം പ്രത്യേകമുള്ള അകാരാദി ഇടർച്ചയിൽ തന്നെ തയ്യാറാക്കിക്കൊണ്ടാണ്" അദ്ദേഹം ഈ നിഘണ്ടു പ്രസിദ്ധീകരിച്ചുതുടങ്ങിയതു്. ഈ ഗ്രന്ഥം പൂർത്തിയായാൽ ഭാഷയ്ക്കു് സമുചിതമായ ഒരു നിഘണ്ടുവായിരിക്കും; എന്നാൽ 'ഏകനായി ദുഷ്കരവും ദുർഗ്ഗമവുമായ ആ പരന്ന മരുഭൂമിയെ സമ്പാദകൻ തരണംചെയ്യുമോ' എന്ന പ്രശ്നമാണ് അക്കാലത്തെ പണ്ഡിതന്മാരിൽ പലരും ഉന്നയിച്ചതു്. ചകിതഹൃദയനായി ഈ മഹാസംരംഭത്തിനു കച്ചകെട്ടിപ്പുറപ്പെട്ട പത്മനാഭപിള്ളഅവർകളെ പ്രോത്സാഹിപ്പിക്കുന്നതിനുപകരം മടുപ്പിക്കുന്നതിനാണ് കേരളീയരിൽ പലരും ഒരുമ്പെട്ടതെന്നും കൊല്ലവർഷം 1072 ൽ തുടങ്ങിയ ഈ ജോലി 1096-ൽ അവസാനിച്ചുവെന്നും ആ ഗ്രന്ഥത്തിന്റെ മുഖവുരയിൽ അദ്ദേഹം പറഞ്ഞുകാണുന്നു. "ഒട്ടുവളരെ പണ്ഡിതന്മാരുടെ നിഘണ്ടുനിർമ്മിതിപരമായ അഭിലാഷങ്ങൾ ദരിദ്രന്മാരുടെ മനോരഥങ്ങൾപോലെ ഉത്ഭവിച്ചിടത്തിൽത്തന്നെ വിലയംപ്രാപിച്ചിരിക്കവേയാണ് അദ്ദേഹം മലയാളത്തിൽ നടപ്പുള്ള മിക്ക പദങ്ങളേയും നിഗമനംചെയ്തു് ശബ്ദതാരാവലി എന്ന വിപുലഗ്രന്ഥം നിർമ്മിച്ചു് കേരളീയരെ അനുഗ്രഹിച്ച"തെന്നുപറഞ്ഞാൽ കഴിഞ്ഞില്ലല്ലോ. ഈ ഗ്രന്ഥം പ്രസിദ്ധീകൃതമായിട്ടു് ഇപ്പോൾ ഒരു പാദശതാബ്ദം കഴിഞ്ഞിരിക്കുന്നു. കുറവും കുററവും പലതുമുണ്ടെങ്കിലും ഇന്നത്തെ സാധാരണ മലയാളിയുടെ സന്ദേഹനിവൃത്തിക്കു് ഈ ഗ്രന്ഥമാണ് മുഖ്യമായി ഉപകരിച്ചുകൊണ്ടിരിക്കുന്നതു്.

ശബ്ദതാരാവലീകാരൻ പദങ്ങളെ വെറും അകാരാദിമുറയ്ക്കാണ് അടുക്കിയിരിക്കുന്നതു്. അദ്ദേഹം ഗുണ്ടർട്ടിന്റെ നിഘണ്ടു നോക്കിയിട്ടുണ്ടെന്നുള്ളതിനു ധാരാളം ലക്ഷ്യങ്ങളുണ്ടു്; എന്നാൽ വ്യുല്പത്തിക്രമമനുസരിച്ചു് അതിലെപ്പോലെ പദങ്ങളടുക്കിച്ചേർത്തിട്ടില്ല. വെറും അകാരാദിമുറയ്ക്കു് പദങ്ങൾ കൊടുക്കുന്നതായിരിക്കും സന്ദേഹനിവൃത്തിക്കു കൂടുതൽ ഉതകുന്ന മാർഗ്ഗം എന്നു വിചാരിച്ചായിരിക്കാം അദ്ദേഹം ഈ വിഷയത്തിൽ ഗുണ്ടർട്ടിനെ അനുകരിക്കാതെ ബെയിലിയെ മാതൃകയാക്കിയിരിക്കുന്നതു്. ഇപ്പോൾ മദിരാശി സർവ്വകലാശാലക്കാർ പുറപ്പെടുവിച്ചിട്ടുള്ള തമിഴ്നിഘണ്ടുവിലും ഈ രീതിയാണ് കാണുന്നതു്. ഈ രീതി പോരെന്നു തോന്നുകയാൽ ഇക്കാലത്തു നവയുഗഭാഷാനിഘണ്ടു എന്ന പേരിൽ ശ്രീ. ആർ. നാരായണപ്പണിക്കർ അവർകൾ ഒരു ഭാഷാനിഘണ്ടു പുറപ്പെടുവിച്ചിട്ടുണ്ടു്. പൂർവ്വനിഘണ്ടുക്കളുടെകൂട്ടത്തിൽ 'ശബ്ദതാരാവലി'യേയും അദ്ദേഹം ഉപജീവിച്ചിട്ടുണ്ടു്; എന്നാൽ ഗുണ്ടർട്ടിന്റെ രീതിയാണ് അദ്ദേഹം കാര്യമായിപ്പിടിച്ചിട്ടുള്ളതു്; വ്യുല്പത്തിക്രമത്തിനു പദങ്ങൾ അടുക്കുന്നതിനു് അദ്ദേഹം ആപ്തിയുടെ സംസ്കൃതനിഘണ്ടുവും മാതൃകയാക്കീട്ടുണ്ടു്. ഈ ശ്രമത്തിൽ ചില പദങ്ങൾക്കു് പൗനരുക്ത്യദോഷവും സന്ധക്കുഴപ്പവും നേരിട്ടുണ്ടു്. അദ്ദേഹം മുഖവുരയിൽ പറയുന്നതുപോലെ പി

* (ആത്മപോഷിണി 1095 മിഥുനം ലക്കം നോക്കുക.)



പ്രസിദ്ധ ഓർക്കെസ്ട്രാകണ്ടക്ടറായ ആർട്ടുറോ ടോസ്കാനിനി.

---

കഷ്ടപ്പാടുകൾ നിശ്ശേഷം മാററാൻ കഴിയുന്നതുവരെ ആത്മഹത്യയെ കുററമായെണ്ണാൻ പാടില്ല. നേരമറിച്ചു ആത്മഹത്യചെയ്യുന്നതിനു വേണ്ട സൌകര്യങ്ങൾ ചെയ്തുകൊടുക്കുകയാണ് വേണ്ടതു്. കാപ്പിക്കടകൾപോലെ ആത്മഹത്യാശാലകൾ എല്ലായിടത്തും തുറന്നുകൊടുക്കേണ്ടതാണ്. അവിടെ വേഗം ആത്മഹത്യ സാധിക്കുന്നതിനു വേണ്ട ഉപകരണങ്ങളും ഉണ്ടായിരിക്കേണ്ടതാണ്. ആവശ്യമുള്ളവർ കയറിക്കൊള്ളും.

ആത്മഹത്യയെ ശിക്ഷാർഹമായ ഒരു കുററമായി കരുതാതെ ആത്മഹത്യ ചെയ്യാനൊരുങ്ങുന്നവനെ പിൻതിരിപ്പിച്ചു് ജീവിതത്തിൽ കൊതി തോന്നിപ്പിച്ചെടുക്കുകയാണ് വേണ്ടതെന്നു മനസ്സിലാക്കിക്കൊണ്ടു ഇംഗ്ലണ്ടിൽ രക്ഷാസൈന്യവും അമേരിക്കയിൽ ഒരു ആത്മരക്ഷാസംഘവും പ്രവർത്തിക്കുന്നു. എന്നാൽ പരിതഃസ്ഥിതികൾക്കു ശരിയായ മാററം വരാതെ മരിക്കാൻ പോകുന്നവനെ തടയുന്നതുകൊണ്ടു ഒരു ഫലവുമുണ്ടാകാൻപോകുന്നില്ല. ലോകത്തെ വെറുക്കുന്നതുപോലെ അവനെ മരണത്തിൽനിന്നും രക്ഷപ്പെടുത്തിയവനേയുംകൂടി അവൻ വെറുക്കുമെന്നുമാത്രം.

ജനിക്കുന്നതു മരിക്കാനാണ്. ജീവിതം കഷ്ടപ്പാടുകൾക്കുള്ള വേറൊരു പേരാണ്. ജനിക്കരുതു്. പക്ഷേ മനുഷ്യൻ ജനിച്ചുപോകുന്നു. ജനിച്ചുപോയല്ലോ. അതുകൊണ്ടു മരിക്കണം എന്നാണ് മനുഷ്യൻ ആഗ്രഹിച്ചുതുടങ്ങുന്നതു്. ജീവിതംതന്നെ മരണത്തിലേയ്ക്കുള്ള ഒരു പ്രയാണമാണ്. നാശമടയലാണ് ജീവിതത്തിന്റെ പരമോദ്ദേശവും, അന്ത്യവും. ഇരിക്കേണ്ടാതാകുമ്പോൾ മരിച്ചുകൊള്ളണം എന്നുപദേശിച്ചുകൊണ്ടുതന്നെയാണ് സ്രഷ്ടാവു മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നതു്. മനുഷ്യനു ലഭിച്ചിട്ടുള്ള ഏററവും വലിയ അനുഗ്രഹവും ഇതുതന്നെയാണ്. അടിയും, ഇടിയും, ചവിട്ടും കൊണ്ടിട്ടും ഒരൊററക്കഴുതയെങ്കിലും ആത്മഹത്യചെയ്യുന്നുണ്ടോ? പെൺപട്ടി തിരിഞ്ഞുനോക്കാത്തതുകൊണ്ടു വൈരാഗ്യം കയറിയ ഒരൊററ ആൺപട്ടിയെങ്കിലും തൂങ്ങിച്ചത്തിട്ടുണ്ടോ? ആഹാരമില്ലാഞ്ഞു കഴങ്ങുന്ന കന്നുകാലികൾ ആത്മഹത്യയെപ്പററി ആലോചിക്കുകപോലും ചെയ്യാറുണ്ടോ? മനുഷ്യനുമാത്രമേ ആത്മഹത്യചെയ്യാൻ കഴിവുകൊടുത്തിട്ടുള്ളു. ആവശ്യമറിഞ്ഞു അവനെക്കൊണ്ടതു ചെയ്യിക്കാനാണ് സ്രഷ്ടാവു അവനു ബുദ്ധിശക്തി കൊടുത്തിട്ടുള്ളതു്.

പക്ഷേ ലോകരധികവും 'വരുന്നതുപോലെല്ലാം വരട്ടെ' എന്നുപറഞ്ഞടങ്ങിക്കഴിയുന്നവരാണ്. ഏതുദുഃഖത്തിലും ഒരുസുഖം കാണുവാനും, ഏതിരുട്ടിലുമൊരു വെളിച്ചം കാണുവാനും കഴിയുമെന്നോർത്തു ലോകർ കഴിഞ്ഞുകൂട്ടുന്നെന്നുമാത്രം. ഹാംലററും തല്ക്കാലം മരണമാവശ്യമില്ലെന്നും, ഇരുട്ടു മാറി വെളിച്ചം വരുമെന്നും വിശ്വസിച്ചു. മാററിനിർത്തപ്പെട്ട മരണം വന്നുകയറിയപ്പോഴോ, ഹാംലററിനെ മാത്രമല്ല അടുത്തുണ്ടായിരുന്നവരെയൊക്കെക്കൂടി തൂത്തുവാരിക്കൊണ്ടാണ് പോയതു്. ഹൊറേഷ്യോവിനും ജീവിതത്തിന്റെ ആവശ്യമില്ലായ്മയെപ്പററി മനസ്സിലായി. അയാളും ആത്മഹത്യയ്ക്കൊരുങ്ങുന്നെങ്കിലും ഇത്രയുമായിട്ടും പഠിച്ചിട്ടില്ലാത്ത ഹാംലററ് ആ ശ്രമത്തിൽനിന്നും അയാളെ പിന്തിരിപ്പിക്കുന്നു. ഷേക്സ്പിയർ "ഹൊറേഷ്യോ" എന്നൊരു നാടകംകൂടി എഴുതിക്കാണണം.

സ്രഷ്ടാവു നമ്മളെ വിശ്വസിച്ചുകൊണ്ടു നമുക്കു നൽകിയിട്ടുള്ള കഴിവിനെ, ഭീരുക്കളായ നാം മാനിച്ചിട്ടു്, ഒരുകഴിവു തന്നെത്താനെ ഉണ്ടാക്കിയെടുത്തിട്ടുണ്ടു്—ഏതസംതൃപ്തിയിലും സംതൃപ്തി ദർശിക്കാൻ, ഏതുകരച്ചിലിലും ചിരിക്കുകയാണെന്നു ഭാവിക്കാൻ. ഇതുകൊണ്ടാണ് മരിക്കേണ്ടവരായിട്ടുംകൂടി നാമിരിക്കുന്നതു്. 'നിങ്ങൾ ആത്മഹത്യചെയ്യാത്തതെന്താണ്' എന്നു ചോദിച്ച ആളോടു് ഒരുമഹാൻ ഉത്തരം പറഞ്ഞതു "നാളത്തെ തപാലിൽ എന്താണുള്ളതെന്നുകൂടി നോക്കട്ടെ" എന്നാണ്—നാളത്തെ നിങ്ങളും ഞാനും ജീവിക്കുന്നു. ആവശ്യമുണ്ടായിരിക്കുകയില്ല; ആവശ്യമുണ്ടായേക്കുമെന്നു വിചാരിച്ചു്. എച്ച്. എൻ. മെൻകൻ സംതൃപ്തിയ്ക്കൊരു നിർവചനം കൊടുത്തിട്ടുണ്ടു്. 'സംതൃപ്തി—ഇന്നത്തെ ആത്മഹത്യ നാളെയാക്കാനുള്ള കഴിവ്'.......അതു കേൾക്കുന്നതു സ്രഷ്ടാവിന്റെ ചിരിയല്ലേ: "ഭീരുക്കളുടെ സംതൃപ്തി!"

—o—



ശകങ്ങളും അവിടവിടെ കടന്നുകൂടിയിട്ടുണ്ട്. എന്നാൽ മുൻനിഘണ്ടുക്കളിൽ, വിശേഷിച്ചും ശബ്ദതാരാവലിയിൽ, ഇല്ലാത്ത അനേകം പദങ്ങളും, അധികവും അന്യഭാഷാപദങ്ങളും, നവയുഗത്തിൽ കാണുന്നുണ്ടെന്നുള്ള സംഗതിയും പ്രസ്താവ്യമാണ്. പിന്നീടുള്ള നിഘണ്ടു എ. ആർ. പി-ക്കാരുടേതാണ്. അതു് പ്രത്യേകിച്ചു പ്രാധാന്യമൊന്നും അർഹിക്കുന്നില്ല.

നിഘണ്ടുക്കൾ എപ്പോഴും അപൂർണ്ണമായിരിക്കാനേ നിവൃത്തിയുള്ളു. പ്രത്യേകിച്ചും ഏകനായിട്ടൊരാൾ നിർമ്മിക്കുന്ന നിഘണ്ടുവിൽ പലപല കുറവുകൾ കണ്ടേയ്ക്കാം; പദങ്ങളും വിട്ടുപോയേയ്ക്കാം. ഒരു കമ്മിററി നിർമ്മിക്കുന്ന നിഘണ്ടുവിൽ കുററങ്ങളും കുറവുകളും കഴിയുന്നത്ര വിരളമായിരിക്കുമെന്നു് ആശിക്കാനിടയുണ്ട്: എന്തെന്നാൽ അതു് ഒന്നിലധികം പണ്ഡിതന്മാരുടെ പരിശോധനയ്ക്കു വിഷയീഭവിക്കുമല്ലോ. ഒരു കമ്മിററി തയ്യാറാക്കുന്ന നിഘണ്ടുവിൽ ഓരോ പദവും, സമസ്തപദമായാലുംശരി അല്ലെങ്കിലുംശരി, വെവ്വേറെ കൊടുക്കാൻകഴിയും. അ പണ്ഡിതന്മാരുടെ സന്ദേഹനിവൃത്തിക്കു് ഏററവും ഉതകുന്ന മാർഗ്ഗം ഇതാണ്. കമ്മിററിക്കാരുടെ നിഘണ്ടുവിൽ വിസ്തരഭയത്തിനവകാശമില്ല. സമഗ്രമായ ഒരു നിഘണ്ടുവെന്നനിലയിൽ അതിൽ ഓരോപദത്തിന്റെയും ഉള്ളിൽ ധാത്വർത്ഥം, പര്യായം, പ്രയോഗവിശേഷം, ദേശഭേദം കൊണ്ടുള്ള അർത്ഥവ്യത്യാസം എന്നിവയും, ആ പദം ആസ്പദമാക്കിയുള്ള ശൈലികളും, പഴഞ്ചൊല്ലുകളും പുരാണകഥകളും കൊടുക്കേണ്ടതായുണ്ട്. അനേകം അന്യഭാഷാപദങ്ങൾ ഭാഷയിലേയ്ക്കു സ്വീകൃതമായിട്ടുണ്ട്; അവയെ പ്രത്യേകം കാണിക്കേണ്ടതായുമുണ്ട്.

പഞ്ചദ്രാവിഡങ്ങളിൽപ്പെട്ടതാണല്ലോ തമിഴും മലയാളവും. തമിഴുസംബന്ധിച്ചിടത്തോളം മഹനീയമായ ഒരു ശബ്ദകോശം ഇപ്പോൾ മദ്രാസ് സർവകലാശാലക്കാർ തയ്യാറാക്കിട്ടുണ്ട്. ആ കോശത്തിനു സമാനമായിരിക്കും നമ്മുടെ സർവകലാശാലയിൽനിന്നു പുറപ്പെടുവിക്കുന്ന ഭാഷാനിഘണ്ടുവെന്നു് നമുക്കു് ഊഹിക്കാം. അതിനാൽ ആ തമിഴ്നിഘണ്ടുവിനു ചെലവായിട്ടുള്ളത്ര ധനവും സമയവും ഉദ്ദിഷ്ടമലയാളനിഘണ്ടുവിനും വേണ്ടിവരും. അല്പസമയത്തിനുള്ളിൽ അല്പധനം വ്യയംചെയ്തു പുറപ്പെടുവിക്കുന്ന നിഘണ്ടു, നിലവിലുള്ളവയുടെ പകർപ്പായിരിക്കാനേ നിവൃത്തിയുള്ളു. നമ്മുടെ സർവകലാശാലക്കാർ ഇടക്കാലത്തു് സാങ്കേതികശബ്ദങ്ങൾ പ്രസിദ്ധംചെയ്തിട്ടുള്ളതു് ഈയവസരത്തിൽ സ്മർത്തവ്യമായ വസ്തുതയാണ്. പൊതുവേ ആക്ഷേപകരമായവിധത്തിൽ, ലേശവും ശ്രദ്ധക്കൂടാതെ, തയ്യാറാക്കിട്ടുള്ള ഗ്രന്ഥമാണതെന്നു് ഒററനോട്ടത്തിൽ മനസ്സിലാക്കാം. ചില ശബ്ദങ്ങൾക്കു് അതേഇംഗ്ലീഷുപദംതന്നെ അർത്ഥംകൊടുത്തിട്ടുണ്ട്; ചിലതിനു് കടിച്ചാൽപൊട്ടാത്ത സംസ്കൃതപദവും കൊടുത്തിട്ടുണ്ട്. ഇതിൽ ഉൾപ്പെടുത്തീട്ടില്ലാത്ത അനേകംപദങ്ങൾ സാമാന്യജനങ്ങളുടെയിടയ്ക്കു പ്രചാരത്തിലുണ്ടെന്നുള്ളതു് ഗ്രന്ഥശാലകളുടെമൂലകളിൽ മാറാലക്കൂട്ടത്തിൽ അടങ്ങുമിങ്ങും കാണുന്ന ചെറിയ സാങ്കേതികശബ്ദനിഘണ്ടുക്കളിൽനിന്നും വെളിവാകുന്നുണ്ട്. ഇത്രം തിരി അപകർഷം ഇപ്പോൾ പുറപ്പെടുവിക്കാൻ ഉദ്ദേശിക്കുന്ന ഗ്രന്ഥത്തിനു നേരിടാതിരിക്കാൻ നോക്കണം. മദ്രാസ് സർവകലാശാലക്കാർ തമിഴ്നിഘണ്ടുവിന്റെ നിർമ്മിതിക്കായി ആദ്യം യോഗംവിളിച്ചുകൂട്ടിയതു് 1912 ഡിസംബർ 12-ാം തീയതിയാണ്. 1916 അവസാനിച്ചപ്പോൾ അവർ ഉദ്ദേശം 80 000 പദങ്ങൾ സഞ്ചയിച്ചു. 1924-ൽ പ്രസിദ്ധീകരണം ആരംഭിക്കുകയും 1936-ൽ അവസാനിക്കുകയും ചെയ്തു. ആകെ, ഇതിലേയ്ക്കു് അവർക്കു് ഇരുപത്തിനാലോളം സംവത്സരവും 4,10,000 ഉറുപ്പികയും ചെലവായിട്ടുണ്ട്. അതുപോലെ ഉദ്ദേശം ഇരുപതു കൊല്ലമെങ്കിലും നമ്മുടെ സർവകലാശാലയിൽനിന്നും പ്രസിദ്ധീകരിക്കുന്ന ഭാഷാനിഘണ്ടുവിനും വേണ്ടിവരും. ആ ശോഭനകാലം സമാഗതമാകുന്നതുവരെ നിലവിലുള്ള നിഘണ്ടുക്കൾതന്നെ മലയാളികൾക്കു ശരണീകരണീയം.

ചെറുകഥ

# കണ്ണുനീർ*

**കെ. എൻ. ബി. നായർ**

I

മാലതിയുടെ മാളിക ഞങ്ങളുടെ സമീപമായിരുന്നു. ആ വീട്ടുകാരുമായി ഞങ്ങൾ ഏറ്റവും അടുത്ത സമ്പർക്കം പുലർത്തിയിരുന്നു. അവൾക്ക് എന്നേക്കാൾ അഞ്ചുവയസ്സിന്റെ ഇളപ്പമുണ്ടായിരുന്നുവെങ്കിലും ഞങ്ങൾ ഒരുമിച്ചു കുട്ടിക്കാലംമുതല്ക്കു കളിച്ചുവളന്നിരുന്നു. ബാല്യകാലത്തെ ആ സ്നേഹം യൌവ്വനാരംഭത്തിൽ പ്രേമമായി പരിണമിച്ചുവെങ്കിൽ അതിലതിശയിക്കാനൊന്നുമില്ല.

മാലതിയുടെ പിതാവായ രാമനാഥൻ തികച്ചും ഒരുല്പതിഷ്ണുവായിരുന്നു. മകളുടെ വിവാഹത്തെ സംബന്ധിച്ചിടത്തോളം അത്രവളരെ ചിന്തയൊന്നും അദ്ദേഹത്തെ അലട്ടിയിരുന്നില്ല. മറിച്ച് മാതാവിനാകട്ടെ അല്പം വ്യാകുലതയുണ്ടായിരുന്നുതാനും. പെൺകുട്ടിക്കു പ്രായമാകുമ്പോൾ, പഠിത്തം പൂർത്തിയാകുമ്പോൾ വിവാഹത്തെക്കുറിച്ചു ആലോചിക്കാം, ഇതായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം.

ഞാൻ മാലതിയോട് എന്റെ മനോഗതം വ്യക്തമാക്കിയപ്പോഴാകട്ടെ, അവൾ ഒന്നുംതന്നെ എന്നോട്ട് പറഞ്ഞിരുന്നില്ല എന്നാൽ അവളുടെ പ്രസന്നവും, അവനതവുമായ മുഖത്തുനിന്നു ഏതാണ്ട ഹൃദയാന്തർഭാവം ഞാൻ മനസ്സിലാക്കി. പൂന്തോപ്പിൽനിന്നും പകുതി വിടന്ന ഒരു പനിനീർപ്പുഷ്പം അടത്തു് അവളുടെ ചികുരത്തിൽ ഞാനപ്പിച്ചു. എന്റെ കൈത്തലം ഗ്രഹിച്ചുകൊണ്ട അവൾ മൌനം പൂണ്ടിരുന്നു. ഞങ്ങൾ രണ്ടാളും ഒന്നും സംസാരിച്ചിരുന്നില്ല. മന്ദമാരുതൻ വൃക്ഷലതാദികളോട് എന്താണോ ആമന്ത്രണംചെയ്തിരുന്നതു് അതുമാത്രം സന്ധ്യവരെ ഞങ്ങൾ കേട്ടുകൊണ്ടിരുന്നു.

II

ഇക്കാര്യം രണ്ടുപേരുടേയും ഹൃദയതലത്തിൽമാത്രം നിഗൂഹനംചെയ്യപ്പെട്ടിരുന്നു.

എനിക്കറിയാമായിരുന്നു, എൽ. എൽ. ബി പാസ്സായതിനുശേഷംമാത്രമേ പിതാവു് എന്റെ വിവാഹത്തെക്കുറിച്ചാലോചിക്കുകയുള്ളുവെന്നു്. കൂടാതെ അദ്ദേഹത്തിനു് ആ സമയം "രക്തസമ്മർദ്ദത്തിന്റെ" ഉപദ്രവവുമുണ്ടായിരുന്നു. അങ്ങനെ എന്റെ അഭിലാഷം മനസ്സിൽത്തന്നെ തങ്ങിനിന്നു.

ദിവസവും ഞാൻ മാലതിയുടെ വീട്ടിൽ ചായ കഴിക്കുവാൻ പോകുക പതിവായിരുന്നു. ഇതു് വളരേക്കാലമായി തുടന്നുപോരികയാണു്. അന്നും ഞാൻ പോയി.

മേശയ്ക്കു സമീപമിരുന്നു് രാമനാഥൻ പത്രം വായിക്കുകയായിരുന്നു. ഞാൻ അദ്ദേഹത്തിന്റെ എതിർവശത്തു സ്ഥലംപിടിച്ചു. മാലതി എന്നെ നോക്കി പുഞ്ചിരിച്ചുകൊണ്ട ചായ തയാറാക്കുവാൻ തുടങ്ങി. അവളുടെ ദൃഷ്ടികളിൽ ഒരു പുതിയ ഭാഷ ഞാൻ കാണുന്നു; ചുറ്റുപാടും ആളുകൾ ഇരുന്നാൽത്തന്നേയും അതു എനിക്കുമാത്രമേ മനസ്സിലാക്കുവാൻ കഴിഞ്ഞിരുന്നുള്ളൂ. അതോ തികച്ചും എനിക്കുവേണ്ടിയുള്ളതായിരുന്നു.

വെളിയിൽ ഒരു കാലൊച്ച കേട്ടു. രാമനാഥൻ പത്രത്തിൽനിന്നും ദൃഷ്ടി പിൻവലിച്ചുകൊണ്ടു പറഞ്ഞു.

"മാലതി, ജീവൻലാൽ വരുന്നുണ്ടു്".

ജീവൻലാൽ മാലതിയുടെ മൂത്തസഹോദരനായിരുന്നു.

ലാൽ മുറിക്കുള്ളിൽ പ്രവേശിച്ചു, കൂടെ പാശ്ചാത്യവേഷധാരിയായ ഒരു യുവാവുമുണ്ടായിരുന്നു.

ലാൽ പറഞ്ഞു:—"മാലതി, ലജ്ജിക്കേണ്ട. ഇദ്ദേഹം എന്റെ സ്നേഹിതനാണു്. പേരു സുന്ദർലാൽ, അപ്പാ! ഞാൻ ഇതിനുമുമ്പു ഇദ്ദേഹത്തെക്കുറിച്ചു് പറഞ്ഞതായോർമ്മിക്കുന്നില്ലേ?

രാമനാഥൻ പെട്ടെന്നു എഴുന്നേററിട്ടു പറഞ്ഞു:—"ഓ കൊള്ളാം, വരൂ, വരൂ, ഇരിക്കൂ. മാലതി, രണ്ടുകപ്പു ചായകൂടി കൊണ്ടുവരൂ.

സുന്ദർലാൽ ചിരിച്ചുകൊണ്ടു പറഞ്ഞു — "കോർട്ടിൽനിന്നു നേരേ വരികയാണു്", ഇന്നു ലാൽ എന്നെ വിട്ടില്ല.

അദ്ദേഹം എന്റെ സമീപമിരുന്നു.

ഞാൻ മുമ്പുതന്നെ ഇദ്ദേഹത്തെക്കുറിച്ചു കേട്ടിരുന്നു. സുന്ദർലാൽ ഒരു പ്രഭുകുടുംബത്തിലെ അംഗമാണു്. ബാരിസ്റ്റർപരീക്ഷ പാസ്സായി വന്നിരിക്കയാണു്. തികച്ചും സുന്ദരമായ മുഖം. ഇദ്ദേഹത്തെക്കൊണ്ട മാലതിയെ വിവാഹം കഴിച്ചാൽ കൊള്ളാമെന്നു ജീവൻലാൽ പിതാവിനോടു പറയുന്നതു ഞാൻ കേട്ടിരുന്നു. പക്ഷേ അപ്പോൾ അത്ര ശ്രദ്ധിച്ചില്ല.

എന്നാൽ ഇപ്പോൾ എന്റെ ധാരണ ഏതാണ്ട് ശരിയാണെന്നു തോന്നി. മാലതിയാകട്ടെ എന്റെ ഹൃദയത്തിൽ അലിഞ്ഞുചേർന്നിരുന്നു. അവൾ അന്യന്റേതാകുക! അതേപ്പററി എനിക്കു ചിന്തിക്കുവാൻപോലും സാദ്ധ്യമല്ലായിരുന്നു. അവളെ മറക്കുക, അതുതന്നെ മരിക്കുന്നതിനു തുല്യമായിരുന്നു. ഈവിധ ചിന്തയിൽ മുഴുകിയിരിക്കുമ്പോൾ ഭൃത്യൻ വന്നു പറഞ്ഞു:— "യജമാനനു് സുഖക്കേടു കൂടുതലാണു്", എന്നു്.

ഞാൻ വീട്ടിലേയ്ക്കു നടന്നു.

III

അച്ഛന്റെ അസുഖം ദിനംപ്രതി വദ്ധിച്ചുകൊണ്ടേയിരുന്നു. ഡാക്ടർപറഞ്ഞു: മംസ്സൂറിയിലേക്കോ, നൈനിതാലിലേക്കോ കൊണ്ട പോകണമെന്നു്. എനിക്കാകട്ടെ, അലഹബാദ് വിട്ടുവാൻ മനസ്സില്ലായിരുന്നു. പക്ഷേ എന്റെ കത്തവ്യം എന്നെ അനുശാസിച്ചു. രാവിലെ ഞാൻ മാലതിയുടെ വീട്ടിലേക്കു നടന്നു. അവൾ പൂന്തോപ്പിൽ ഉലാത്തുകയായിരുന്നു.

അവളുടെ അടുത്തുചെന്നു് ഞാൻ പറഞ്ഞു:—"അച്ഛന്റെ സുഖക്കേടിനു കുറവില്ല. മംസ്സൂറിയിലേയ്ക്കു കൊണ്ടുപോകുകയാണു്."

"എപ്പോഴാണു്."

"ഇന്നുതന്നെ. 10 മണിക്കുള്ള ട്രയിനിൽ"

"ഇന്നുതന്നെയോ? എന്നാൽ നിങ്ങൾക്കു അച്ഛനേയും അമ്മയേയും കാണുവാൻ കഴിയുമെന്നു് തോന്നുന്നില്ല."

"അതെന്തേ? അവർ എവിടെപ്പോയി മാലതി."

ഇന്നു രാവിലെ ചിററപ്പന്റെ വീട്ടിൽ പോയിരിക്കയാണു്. വൈകുന്നേരമാവും വരുമ്പോൾ.

"ഞാൻ നിരാശയോടെ പ്രതിവചിച്ചു:— "ഇന്നു നിന്റെ പിതാവിനെ കാണുവാൻ ഞാനത്യധികം ആശിച്ചു."

"കാരണമെന്തേ?"

"എന്റെ കൈകളിൽ നിന്നെ സമർപ്പിക്കുന്നതിനു് എന്തെങ്കിലും പ്രതിബന്ധമുണ്ടോ എന്നറിയാൻ. അതറിഞ്ഞിട്ടു പോകണമെന്നു കരുതിയിരുന്നു.

മാലതിയുടെ കവിൾത്തടങ്ങളിൽ അരുണിമ വ്യാപിച്ചു. മുഖം കുനിച്ചുകൊണ്ടവൾ പറഞ്ഞു:—

"നിങ്ങളെല്ലാം ഇന്നു പോകുകയല്ലേ. ഞാൻ എല്ലാവരേം ഒന്നു കണ്ടിട്ടു് വരാം."

ഞാനവളെ തടഞ്ഞുകൊണ്ടു് പറഞ്ഞു:-

"നില്ക്കു മാലതി; വളരെദിവസത്തേയ്ക്കു നിന്നെ കാണുവാൻ എനിക്കു കഴികയില്ല. മതിയാവോളം ഞാനൊന്നു കണ്ടുകൊള്ളട്ടെ."

മാലതി കുറച്ചുനേരം പ്രേമാർദ്രനയനങ്ങളോടെ എന്റെനേരെനോക്കി പിന്നീടു് മിണ്ടാതെ തലതാഴ്ത്തി നിലത്തു് വിരലുകൊണ്ടു് എന്തൊക്കെയോ വരച്ചുകൊണ്ടുനിന്നു.

IV

മംസ്സൂറിയിൽ താമസിച്ചിട്ടും അച്ഛന്റെ അസുഖത്തിനു യാതൊരു കുറവുമുണ്ടായില്ല. ഡാക്ടറന്മാർ ഓരോ കാരണം പറയുവാൻ തുടങ്ങി.

എന്റെ ജീവിതത്തിൽ ഈഘട്ടം വളരെ കഴപ്പം പിടിച്ചതായിരുന്നു. ഒരുവിധത്തിലും മനോസുഖം കിട്ടിയിരുന്നില്ല. ഞാൻ അവളെ ഒരു ദേവതയെപ്പോലെ ആരാധിച്ചിരുന്നു തെററുകൾകൊണ്ട നിറഞ്ഞ എന്റെ ജീവിതത്തിൽ വീണ്ടും തെററുകൾ വന്നുവീണു.

ഇങ്ങനെയിരിക്കെ അലഹബാദിൽനിന്നും ഒരു കത്തുകിട്ടി. മാലതിയുടെ. അച്ഛന്റെ സുഖക്കേടുകാര്യങ്ങളെല്ലാം ചോദിച്ചതിനുശേഷം, അവസാനം എഴുതിയിരുന്നു:-"നിങ്ങളെക്കുറിച്ചു എന്റെ ഹൃദയം വേദനിക്കുന്നു"എന്നു്. ഈ അവസാനവാചകം എനിക്കു് മറക്കുവാൻ കഴിഞ്ഞില്ല.

എന്തിനു്, അവൾ അന്യന്റേതായിത്തീർന്നു.

വാസ്തവത്തിൽ ഇതെഴുതിയപ്പോൾ അവൾക്കു് വേദനയുളവായിരിക്കുമോ? ഞാൻ ചിലപ്പോൾ ഇങ്ങനെ ചിന്തിക്കാറുണ്ടായിരുന്നു. കളിത്തോഴനായ എന്നിൽ അവൾക്കും മമതയുളവായിരിക്കാം. പക്ഷേ എന്റെ ഹൃദയം പ്രേമമാണു് അഭിലഷിച്ചിരുന്നതു്. പ്രേമംമാത്രം. അതവൾക്കും അറിവുള്ളതാണു്.

ഒരുപക്ഷേ നിർഭാഗ്യവാനായ ഞാൻ വ്യസനിക്കാതിരിക്കട്ടെ എന്നുകരുതി, സ്വല്പസമയത്തെ പശ്ചാത്താപപ്രകടനമായിരുന്നിരിക്കാമതു്. മാലതിയുടെ ഈ വ്യാകുലത വ്യാധന്റെ കാരുണ്യംപോലെയായിരിക്കുമോ? ഒരിക്കലുമല്ല. അങ്ങനെയുള്ള വിചാരം മനസ്സിൽ കടന്നുകൂടുമ്പോൾത്തന്നെ എന്റെ ചേതന വിനഷ്ടമായിപ്പോകുമായിരുന്നു.

പ്രഭുകുമാരനായ സുന്ദർലാലിന്റെ സമ്പത്തിൽ മതിമറന്നു്, അവളുടെ മാതാപിതാക്കളുടെ നിർദ്ദേശംമൂലം എന്ന ത്യാജ്യകോടിയിൽ തള്ളിയെങ്കിൽ, ഞാനെന്തിനു ഇങ്ങനെ ഓരോന്നു ചിന്തിച്ചു് മനസ്സിനെ പീഡിപ്പിക്കുന്നു.

*  *

മാലതിയുടെ കായിതം മുമ്പിൽ വച്ചുകൊണ്ടു് അന്നും ഞാൻ ചിന്തയിൽ മുഴുകിയിരിക്കയായിരുന്നു. അപ്പോഴാണു രാമനാഥന്റെ ഒരെഴുത്തു് എനിക്കു കിട്ടിയതു്. ഇതിനു എത്രയോമുമ്പുതന്നെ മാലതിയുടെ വിവാഹം നടക്കുമെന്നു് ഞാൻ കരുതിയിരുന്നു.

അപ്പോഴത്തെ എന്റെ അവസ്ഥ പറഞ്ഞറിയിക്കുക വിഷമമാണു്. അന്യരുടെ മനോഭാവം ഭാവനയിൽ പകത്തുവാൻ കഴിയും, എന്നാൽ ഞാനപ്പോൾ അനുഭവിച്ചുകൊണ്ടിരുന്ന, ആ ഭയങ്കരസത്യം ഭാഷയിൽ പ്രകാശിപ്പിക്കുക വിഷമംപിടിച്ച കാര്യമാണു്.

അന്ധകാരമയമായ രാത്രി. ചന്ദ്രികയുടെ നേരിയ നിഴല്പാട്ടുപോലും ഇല്ലായിരുന്നു. ആയിരക്കണക്കിനു് പാവപ്പെട്ടവന്റെ ഹൃദയാന്തർഭാഗത്തു ആളിക്കത്തുന്ന ദുഖാഗ്നിയുടെ ധൂമപടലങ്ങൾ അന്തരീക്ഷത്തിൽ വ്യാപിച്ചതുകൊണ്ടായിരിക്കാം, ഇത്രമേലിരുളടഞ്ഞിരിക്കുന്നതെന്നു ഞാൻ വിചാരിച്ചു.

അവളുടെ കത്തു് അപ്പോഴും എന്റെ കൈയിലുണ്ടായിരുന്നു! ഞാൻ തീപ്പെട്ടിയുരച്ചു് അതു് കത്തിച്ചു. ചാമ്പലായി, എങ്കിലും തികച്ചും ഛിന്നഭിന്നമായിരുന്നില്ല. ഞാൻ ഉററുനോക്കിക്കൊണ്ടിരുന്നു. അപ്പോഴും അക്ഷരങ്ങൾ അവ്യക്തമായി കാണാമായിരുന്നു. "നിങ്ങളെക്കുറിച്ചു എന്റെ ഹൃദയം വേദനിക്കുന്നു" വേദനിക്കട്ടെ, ഞാൻ അലറി.

*  *

അച്ഛന്റെ അസുഖത്തിനു് യാതൊരു ശമനവും കിട്ടിയിരുന്നില്ല. പത്തുപന്ത്രണ്ടു ദിവസങ്ങൾക്കുശേഷം രാമനാഥന്റെ ഒരെഴുത്തു വന്നു, അതു് മാലതിയുടെ വിവാഹംസംബന്ധിച്ചതായിരുന്നു. രണ്ടുമൂന്നുദിവസങ്ങൾക്കുശേഷം ഞങ്ങൾ പിതാവുമൊന്നിച്ചു അലഹബാദിലേയ്ക്കു തിരിച്ചു.

എനിക്കിപ്പോഴും ഓർമ്മയുണ്ടു്, മാലതിയുടെ ഭവനത്തിൽ വിവാഹം സാഘോഷം നടന്നുകൊണ്ടിരിക്കെ, ഞങ്ങൾ പിതാവിന്റെ വിയോഗാവസ്ഥയിൽ കണ്ണുനീരൊഴുക്കുകയായിരുന്നു.

അലഹബാദ് ഞാൻ വെറുത്തു. ലക്നോവിൽ എന്റെ സഹോദരനോടൊന്നിച്ചു് താമസിക്കുവാൻ ഞാൻ ആരംഭിച്ചു.

മൂന്നു്സംവത്സരം ഇഴഞ്ഞിഴഞ്ഞു നീങ്ങി. ഞാൻ അഭിഭാഷകവൃത്തിയിൽ പണം സമ്പാദിക്കുവാനും തുടങ്ങി.

അമ്മ ഓരോ എഴുത്തിലും ദുഃഖസമേതം എന്നോടു വിവാഹം കഴിക്കുവാൻ ആവശ്യപ്പെട്ടിരുന്നു. എന്നാൽ എന്റെ അസ്വസ്ഥഹൃദയം അതിനനുകൂലിച്ചില്ല. മാലതിയുടെ വിവരം മാതാവിന്റെ കത്തുകളിൽനിന്നും ഞാനറിയാറുണ്ടായിരുന്നു. സുന്ദർലാൽ മദ്യപാനിയാണെന്നും, അയാൾ അവളെ ഉപദ്രവിക്കാറുണ്ടെന്നും.

വിധി!

എന്റെ ഈനില അമ്മയെ നിരാശയിലാഴ്ത്തി. അടുത്തദിവസംതന്നെ ഒരെഴുത്തുവന്നിരുന്നു. അതിൽ പലയിടത്തും അശ്രുകണങ്ങൾ പതിഞ്ഞിരുന്നു. എന്റെ ഹൃദയം തകന്നു, അലിഞ്ഞു. ഞാൻ വളരെയൊന്നും ചിന്തിക്കാതെ എഴുതിയയച്ചു—"വിവാഹംകഴിക്കാമെന്നു്."

V

ഞാൻ രാത്രിയിലുള്ള ട്രയിനിൽതന്നെ നാട്ടിലേക്കു തിരിച്ചു. ടിക്കററ്വാങ്ങി പ്ലാററ്ഫോമിൽ നില്ക്കുകയായിരുന്നു. അപ്പോൾ അലഹബാദിൽനിന്നും "സഹാരൻപുര"ത്തേക്കുള്ള വണ്ടി വന്നുചേന്നു. പരിചയക്കാരെ ആരെയെങ്കിലും കണ്ടേക്കാമെന്നുള്ള ചിന്ത എന്നെ വണ്ടിയിലേക്കു് ഉററുനോക്കുവാൻ പ്രേരിപ്പിച്ചു.

ഞാൻ കണ്ടതോ, ഒരിക്കലും ഭാവനയിൽ പോലും ആശിച്ചിരിക്കാത്തതു്. ഒരു സെക്കൻഡ്ക്ലാസ്സ് (റിസർവ്വ്) കംപാർട്ട്മെൻറിൽ മാലതി ഇരിക്കുന്നു.

ഞാൻ ഒന്നു ഞെട്ടി. അവൾ എന്നെയും കണ്ടു. അവൾ ഒരപരാധിനിയെപ്പോലെ വിറയ്ക്കുന്നുണ്ടായിരുന്നു.

ഭൂതകാലസംഭവങ്ങൾ ഓരോന്നും മിന്നൽവേഗത്തിൽ എന്റെ ഹൃദയത്തിലുദിച്ചു. ഹാ! എന്തൊരു വ്യതിയാനം, അന്നത്തെ ആ സൌന്ദര്യറാണി, ഇന്നു് വിളറി, ഏതാണ്ടു് ജീവച്ഛവംപോലെ!......ഞാൻ എത്രസമയം അങ്ങിനെ നിന്നുവെന്നുതന്നെ ഞാൻ ഓർക്കുന്നില്ല. മാലതിയുടെ ദയനീയാവസ്ഥ എന്റെ മുമ്പിൽ അതിന്റെ സവ്കഴിവുകളോടുംകൂടി നിലകൊണ്ടു. അവൾ എത്രതന്നെ എന്റെ ജീവിതത്തെ നിരാശയിലാഴ്ത്തിയിരുന്നാലും, അതെല്ലാം ഞാൻ വിസ്മരിച്ചു.

അന്നു് ഞങ്ങൾ ഒന്നിച്ചു അവളുടെ ഉദ്യാനത്തിൽ പരസ്പരം കൈകോർത്തുപിടിച്ചുകൊണ്ട ലാത്തിയതും, മന്ദാനിലൻ ഞങ്ങളുടെ ശ്രവണപുടങ്ങളിൽ പ്രേമഗീതം പകന്നതും ........ എല്ലാം ഞാനോർമ്മിച്ചു.

സഹാരൻപുരത്തേക്കുള്ള വണ്ടിയുടെ ചൂളംവിളികേട്ടു. അതെന്റെ ഹൃദയത്തിലൊരു ഭൂകമ്പം ഉളവാക്കി. ഞാൻ ഞെട്ടിപ്പോയി, മാലതിയും.

ട്രയിൻ വിട്ടു.

മാലതി വളരെ വിഷമിച്ചു് മുഖമുയത്തി എന്നെനോക്കി. ഹാ! ആ കണ്ണുകളിൽ......

എന്റെ തൂലികയ്ക്കു് അതു് കുറിക്കുവാൻ കരുത്തില്ല.

ആ ചകിതദീപം അവളുടെ മുഖത്തു് പതിച്ചുകൊണ്ടിരുന്നു. ആ വിളറിയ കവിൾത്തടങ്ങളിൽ അതു് മിന്നിത്തിളങ്ങിക്കൊണ്ടിരുന്നു. കണ്ണുനീർ!

മാലതി കരയുകയായിരുന്നു.

ടിക്കററ് ഞാൻ കീറി കാററിൽ പറത്തി. വിവാഹം! ഈ ജീവിതത്തിലില്ല. അവളുടെ കണ്ണുനീർ! എന്റെ ഹൃദയത്തിൽ പററിപ്പിടിച്ചിരുന്ന എല്ലാ കാലുഷ്യവും കഴുകിക്കളഞ്ഞു.

അന്നുമുതൽ ഇന്നുവരെ അവളെ ഞാൻ കണ്ടിട്ടില്ല. എന്നാൽ എന്റെ ഹൃദയമാകുന്ന മരുഭൂവിൽ, ജീവിതം മുഴുവനും, ആ കണ്ണുനീർ പച്ചപിടിപ്പിച്ചുകൊണ്ടിരിക്കും.

* ഹിന്ദിയിൽനിന്നു് സ്വതന്ത്രവിവത്തനം.


## സദാനന്ദവൈദ്യശാല

H. O. സദാനന്ദപുരം. കൊട്ടാരക്കര P. O.

ശാഖകൾ:—അടൂർ, അഞ്ചൽ, ആലപ്പുഴ, എടത്വാ, എറണാകുളം, കല്ലട, കുണ്ടറ, കന്നിക്കോട്ട്, കഴിത്തുറ, കുമരകം(?), കോട്ടമൺ, കൊട്ടാരക്കര, കൊല്ലം, ചടയമംഗലം, ചെങ്ങന്നൂർ, ചേർത്തല, തക്കല, തട്ട, തിരുവൻവണ്ടൂർ, തിരുവല്ല, നാഗർകോവിൽ, നാട്ടരശങ്കോട്ട, നെടുമ്പ്രം, പത്തനംതിട്ട, പന്തളം, പുനലൂർ, പെരുമ്പാവൂർ, മാന്നാർ, മാവേലിക്കര, മൂവാററുപുഴ, വയലാ etc.

ഏററവും പ്രചാരമുള്ള വാജീകരണസുധ, അഗസ്ത്യകല്പം, മേഹാന്തകരസം, മേഹപ്പിവടി, അർശോങ്കുരഹരം, അർശോനിവാരണലേഹ്യം, സിദ്ധതൈലം തുടങ്ങിയ ഔഷധങ്ങൾ ഞങ്ങളുടെ ഹെഡാഫീസിലും ബ്രാഞ്ചുകളിലുമല്ലാതെ വേറെങ്ങും കിട്ടുന്നതല്ല.

ഏജൻറന്മാരെ ആവശ്യമുണ്ടു്. ഏജൻസിവ്യവസ്ഥകൾക്കും ക്യാററ്ലാഗിനും എഴുതുക:

**THE SADANANDA AYURVEDIC MEDICINES & SOAPS LTD.,**

A. O. Sadanandapuram. P. O. Kottarakara.

(16-ാംപേജിൽനിന്നു തുടർച്ച)

ഏററവും വലിയ മതിപ്പുള്ള ഈ പ്രതിലോമ ചിന്താഗതിക്ക് ജനങ്ങളുടെ ഇടയിൽ താല്ക്കാലികമെങ്കിലും ശുദ്ധമൂഢമായ സ്വാധീനം ചെലുത്താൻ കഴിഞ്ഞിട്ടുണ്ടെന്നുള്ളതിന്നു ലക്ഷ്യമാണല്ലോ ആർ. എസ്. എസിൻേറയും മററുമതമണ്ഡലങ്ങളുടേയും വിജയങ്ങൾ ചൂണ്ടിക്കാണിക്കുന്നത്.

## സോഷ്യലിസംപോലും!

ഗാന്ധിജിയെപ്പിടിച്ച് ആണയിട്ടുകൊണ്ടു നടക്കുന്ന ചില സോഷ്യലിസ്റ്റ് പ്രസ്ഥാനങ്ങൾ നമ്മുടെ നാട്ടിലുണ്ടല്ലോ. അന്തരാത്മാവിൻെറ വെളിച്ചവും ഹൃദയത്തിൻെറ പരിവത്തനവും രാമരാജ്യവും ചക്കയു മാത്രം മനുഷ്യസമത്വത്തിൻെറ ഉപാധികളായി കാണുന്ന ഗാന്ധിസം വൈരുദ്ധ്യാധിഷ്ഠിതമായ ഭൗതികവാദത്തിൽക്കൂടി പ്രപഞ്ചയാഥാർത്ഥ്യങ്ങളെ വിശകലനം ചെയ്യുന്ന സോഷ്യലിസ്റ്റ് ചിന്തയുടെ ഏററവും വലിയ ശത്രുവാണ്. ഈശ്വരൻെറ സ്വകാര്യനികുതിയിലും മുതലാളമാരുടെ മനഃസ്സാന്തരത്തിലുംകൂടി ഇന്നത്തെ പ്രശ്നങ്ങൾക്കു പരിഹാരം കാണാമെന്നു ഗാന്ധിസം വ്യാമോഹിക്കുമ്പോൾ, ഇന്നത്തെ യാഥാർത്ഥ്യങ്ങളെ യാഥാർത്ഥ്യങ്ങളായിത്തന്നെ കാണാനും അവയെ ശാസ്ത്രീയവും വിപ്ലവാത്മകവുമായ മാർഗ്ഗങ്ങൾ ഉപയോഗിച്ചു നേരിടാനും മാർക്സിസം നമ്മെ ആഹ്വാനം ചെയ്യുന്നു. ഇന്നത്തെ പ്രശ്നങ്ങൾക്കു പരിഹാരം കണ്ടെത്തി പുതിയ ഒരു സമൂഹഘടന വാർത്തെടുക്കാനുള്ള വിപ്ലവാഹ്വാനമായി മാർക്സിസം നിലകൊള്ളുമ്പോൾ, ആദായനികുതിയിൽനിന്നു രക്ഷനേടാനും കൂലിചോദിക്കുന്നവരെ കൊല്ലാനുമുള്ള ഒരു കുറുക്കുവഴി ഇന്ത്യൻ ബൂർഷ്വാസിക്കു ഗാന്ധിസം ചൂണ്ടിക്കാണിക്കുന്നു. ചുരുക്കത്തിൽ, ഇന്ന് ഇന്ത്യയിലുള്ള സകല പിൻതിരിപ്പൻശക്തികളും ഗാന്ധിസത്തിലേയ്ക്കു പ്രവഹിക്കുന്നു; പഴയ മൂല്യങ്ങളും ആശയങ്ങളും തിരുത്താൻ മാർക്സിസം നമ്മോടാവശ്യപ്പെടുന്നു.

## വിജയത്തിനുള്ള കാരണം

ഒരു തത്വമീമാംസയെ അപഗ്രഥിച്ചു വിമർശിക്കുമ്പോൾ, അതിൻെറ പ്രവാചകൻെറ വ്യക്തിമാഹാത്മ്യം ആ വിമർശനത്തെ എത്രകണ്ടു ബാധിക്കുമെന്നുള്ളതിന്നു ശരിയായ ഒരു ദൃഷ്ടാന്തമാണ് ഗാന്ധിയും ഗാന്ധിസവും. സ്വന്തം നിക്ഷിപ്തതാല്പര്യങ്ങൾക്കു സ്വാതന്ത്ര്യവികസനസാദ്ധ്യതകളില്ലാതെ ഇന്ത്യൻമുതലാളിത്തം വിദേശീയാധിപത്യത്തിനെതിരായി ചെയ്ത സമരത്തിൽ ഇന്ത്യൻജനസാമാന്യത്തെക്കൂടി ഉൾപ്പെടുത്താൻ സാധിച്ചുവെന്നുള്ളതാണ് ഗാന്ധിജി ചെയ്തിട്ടുള്ള ഏററവും മഹത്തായ കാര്യം. 150-ൽ അധികംകാലം നീണ്ടുനിന്ന ബ്രിട്ടീഷ്ഭരണത്തിൻകീഴിൽ തദ്ദേശീയമുതലാളിത്തം മരവിക്കുകയും മുരടിച്ചുപോയി. സായിപ്പിനെ രംഗത്തുനിന്നു പായിക്കാതെ തങ്ങളുടെ താല്പര്യങ്ങളെ രക്ഷിക്കാനാവുകയില്ലെന്ന് ഇന്ത്യൻമുതലാളികൾ കണ്ടു. ബ്രിട്ടീഷുമുതലാളിത്തവുമായി ഇന്ത്യൻ കൊളോണിയൽമുതലാളിത്തം നടത്തിയ സമരത്തിൽ ഗ്രാമത്തിലെ കർഷകരും നഗരത്തിലെ തൊഴിലാളിയും അണിനിരക്കാനിടയായ പ്രധാനകാരണം ഗാന്ധിജിയുടെ വരവാണ്. പക്ഷേ ആ സമരം മുതലാളിത്തതാല്പര്യങ്ങൾ സംരക്ഷിക്കാനുള്ള സമരംമാത്രമായിരുന്നു.

ഗാന്ധിയുടെ വിജയത്തിനുള്ള മറെറാരു കാരണം അദ്ദേഹത്തിൻെറ അത്യഗാധമായ ആത്മാത്ഥതയായിരുന്നു. നിരവധി ദുരിതങ്ങളും കഷ്ടപ്പാടുകളുംനിറഞ്ഞ ഇന്നത്തെ ലോകം കുറേക്കൂടി നന്നായിക്കാണുമെന്ന് അദ്ദേഹത്തിന്നു അതിവിപുലമായ ആകാംക്ഷയുണ്ടായിരുന്നു. 'ദരിദ്രനാരായണന്മാർക്ക്' അന്നദാനം ചെയ്യണമെന്നും, അയിത്തോച്ചാടനം നടത്തി ജാതി ശുദ്ധീകരിക്കണമെന്നും, ഹരിജനങ്ങളുടെ കഷ്ടപ്പാടുകൾ തീക്കണമെന്നുംമററുമുള്ള ഉദ്ദേശത്തിൽ അദ്ദേഹം വളരെയെല്ലാം സേവനം അനുഷ്ഠിക്കുകയും ചെയ്തിട്ടുണ്ട്. കുറേയാളുകൾക്കു "ധർമ്മം" കൊടുത്തതുകൊണ്ടും, കുറേ അനാഥാലയങ്ങൾ പണിയിച്ചതുകൊണ്ടും സാമൂഹ്യപ്രശ്നങ്ങൾക്കു പരിഹാരമുണ്ടാകുമെന്നുള്ള അദ്ദേഹത്തിൻെറ മുൻവിധിയിലും ധാരണയിലുമാണ് ഉപരിപ്ലവമായ ഒരു ചിന്താഗതി പ്രത്യക്ഷപ്പെട്ടതു്. പ്രശ്നങ്ങളുടെ അടിയിലേയ്ക്കു ചുഴിഞ്ഞിറങ്ങി അവയ്ക്കു പരിഹാരംകാണാൻ മിനക്കെടേണ്ടതില്ലെന്നുള്ള സംതൃപ്തമായ ആ മനോഭാവത്തിൽ ഗാന്ധിശിഷ്യരായ ഇന്നത്തെ ഭരണാധികാരികളും സവിശേഷം അനുഗൃഹീതരാണ്.

ഇന്ന് മഹാപിന്തിരിപ്പനായിക്കാണുന്ന ഗാന്ധിസം ഒരുകാലത്തു് ഇന്ത്യയിൽ തികച്ചും പുരോഗമനപരമായിരുന്നുവെന്നതിൽ തക്കമില്ല. ഇന്ത്യൻസ്വാതന്ത്ര്യസമരത്തിൻെറ ഒരു ഘട്ടത്തിൽ "മഹാത്മാഗാന്ധി കി ജയ്" എന്ന ശബ്ദം വിപ്ലവപരമായ ഒരു സമരാഹ്വാനംതന്നെയായിരുന്നു. എന്നാൽ, ചരിത്രപരമായ സ്വന്തം കടമകൾ നിറവേററിക്കഴിഞ്ഞ് ഇന്നത്തെ കാലത്തു യാതൊരുപ്രയോജനവുമില്ലാതെ ദ്രവിച്ചുതുടങ്ങിയ ഈ തത്വശാസ്ത്രം ഫാഷിസവും സോഷ്യലിസവുംതമ്മിൽ ഇന്നു നടക്കുന്ന സംഘട്ടനത്തിൽ തകർന്നുപോകുമെന്നു വിചാരിക്കുന്നതായിരിക്കുംശരി. ജനാധിപത്യപരമെന്നു പറയുന്ന ഇന്നത്തെ മുതലാളിത്തരാജ്യങ്ങളിൽ നടമാടുന്ന ഫാഷിസ്റ്റ്ശക്തികൾക്കെതിരേ ആ രാജ്യങ്ങളിലും ഇതരരാജ്യങ്ങളിലുമുള്ള പാവപ്പെട്ട കൂലിപ്പണിക്കാരൻെറ ശക്തിയേറിയ വെല്ലുവിളി ഇന്ന് ഉയന്നുവരുകയാണ്. ഇവ രണ്ടും തമ്മിലുള്ള അനിവാര്യമായ സംഘട്ടനത്തിൽ ഒരു പങ്കുംവഹിക്കാനില്ലാത്ത ഈ തത്വശാസ്ത്രം സ്വാഭാവികമായ മരണമടയുമെന്നുതന്നെയാണ് വിചാരിക്കേണ്ടതു്.

## അന്ധമായ വീരാരാധനയിൽനിന്നും രക്ഷനേടുക

ഗാന്ധിജിയെ ഏററവുംവലിയ ദൈവമാക്കി ഉയത്തിക്കാണിച്ച രണ്ടുകാൺഗ്രസ്സ് സമ്മേളനങ്ങൾ അദ്ദേഹത്തിൻെറ മരണത്തിനുശേഷം നടന്നു. ഗാന്ധിനഗരവും ഗാന്ധിപ്രതിമയും ഗാന്ധിസങ്കീത്തനവും എല്ലാം അഭംഗുരമായി ഇന്നും നടന്നുകൊണ്ടേയിരിക്കുന്നു. ഗാന്ധിജിയുടെ പ്രസംഗങ്ങൾ ഗ്രാമഫോൺ റിക്കാർഡുകളിലും ജീവിതം ചലച്ചിത്രങ്ങളിലുംകൂടി ഇന്നു ഇന്ത്യയുടെ എല്ലാകോണുകളിലും എത്തുന്നുണ്ട്. ഈ വീരാരാധനയും ബഹുമതികളും അടുത്തുവരുന്ന തലമുറയെങ്കിലും മനസ്സിലാക്കേണ്ടതാണ്. ഗാന്ധിജിയും അദ്ദേഹത്തിൻെറ അനുയായികളും പ്രചരിപ്പിക്കുന്ന തത്വശാസ്ത്രത്തിൻെറ നന്മതിന്മകളെ വേർതിരിച്ചറിയുവാൻ അവയെ വിമർശിക്കുന്നതു്, ഒരിക്കലും അദ്ദേഹത്തോടുചെയ്യുന്ന നിന്ദയോ അവമതിയോ ആയിത്തീരുകയില്ല. തലമുറകൾതമ്മിലുള്ള താല്പര്യസംഘട്ടനങ്ങൾ ശാസ്ത്രീയമായ അപഗ്രഥനത്തിനു യുവലോകത്തിനുള്ള അർഹതയെയാണു കാണിക്കുന്നതു്. ഗാന്ധിജിയുടെ തത്വശാസ്ത്രങ്ങൾ ഇന്നത്തെ സാമൂഹ്യപ്രശ്നങ്ങൾക്കു പരിഹാരമാവുകയില്ല എന്നു ധീരമായി പറയുന്നതിൽനിന്നു നമ്മെ വ്യതിചലിപ്പിക്കാൻ അന്ധമായ വീരാരാധന ഒരിക്കലും ഒരു കാരണമായി നിന്നുകൂടാ. ഭരണാധികാരം ഇന്ത്യൻ ബൂർഷ്വാസിയിലേക്കു പകത്തുന്ന കടമമാത്രം ചെയ്യാനുണ്ടായിരുന്ന ഗാന്ധിസം ഇന്നു മൃതിയടഞ്ഞെങ്കിൽ ഇന്ത്യയിലെ മുപ്പതിലധികം കോടി ജനങ്ങളുടെ ഒരുമിച്ചുള്ള കരച്ചിലും സ്തുതിയും ഒന്നുമതിന്നു പുനർജ്ജന്മം കൊടുക്കാൻ പോകുന്നില്ല എന്നു ഒരു ചിന്തകൻ പറഞ്ഞതു ഈ സന്ദർഭത്തിൽ സ്മരണീയമാണ്. അദ്ദേഹത്തിൻെറ ജീവിതകാലത്തുതന്നെ വേണ്ടത്ര മൂർച്ചയില്ലാതെയും വലിയ ഉപയോഗംകൂടാതെയും അഹിംസയുടെയുറയിൽ, അക്രമരാഹിത്യത്തിൻെറ ഇരുമ്പുപെട്ടിയിൽ ഭദ്രമായി പൂട്ടിവെച്ചിരുന്ന ആ വാൾ ഇന്നു തുരുമ്പുപിടിച്ചു വായ്ത്തലമടങ്ങി പുരാണഗവേഷകന്മാർക്കുമാത്രം താല്പര്യമുള്ള ഒരു ചരിത്രവസ്തുവായിത്തീന്നിട്ടുണ്ടെന്നുള്ളതാണ് വാസ്തവം!

ഏതൊരു മഹാൻ മരിച്ചാലും, ഒരുക്കൂട്ടമാളുകൾ സ്വാത്ഥപ്പലത്തിനായി അദ്ദേഹത്തിൻെറ പേരും അപദാനങ്ങളും ദുരുപയോഗപ്പെടുത്താറുണ്ടെന്നു ലെനിൻ പറഞ്ഞിട്ടുള്ളതു ഗാന്ധിജിയുടെകാര്യത്തിൽ എത്രമാത്രം പരമാത്ഥമാണ്.

—o—

# പള്ളത്തിൻെറ കാവ്യകല

കെ. സുധീന്ദ്രൻ

നൂററാണ്ടുകളുടെ നീക്കത്തോടുകൂടി വന്നുചേരുന്ന മാററങ്ങൾ എല്ലാ മണ്ഡലങ്ങളിലുമെന്നപോലെ സാഹിത്യത്തിലും കടന്നുകൂടുന്നു. വ്യക്തിജീവിതവും സാമൂഹ്യജീവിതവുമായി ഏററുമുട്ടുന്ന പരിവത്തനവേളകളിൽ കലയും ജീവിതവുമായുള്ള വേഴ്ച്ചയ്ക്കു ചിലപ്പോൾ ദാർഢ്യവും മററുചിലപ്പോൾ ശൈഥില്യവും കല്പിക്കുന്നതു് വിമർശകന്മാരുടെ ഒരു കൗതുകമായിത്തീന്നിട്ടുണ്ട്. അങ്ങനെ കാലത്തിനൊത്തു താളംതുള്ളുന്ന കല, വേദനാജനകങ്ങളായ പല പരമാത്ഥങ്ങൾക്കും മറപിടിച്ചുകൊണ്ടായിരിക്കും മുന്നോട്ടുപോവുക. സങ്കുചിതമായ ഭേദബുദ്ധിയാൽ വിപ്ലവോന്മുഖമായ വ്യതിയാനങ്ങളുടെ പേരിൽ പല കലാമൂല്യങ്ങളും അടിച്ചുതകർത്തുവാൻ നിരൂപകലോകത്തിനു ചിലപ്പോഴെക്കു തരമാവുന്നു. പക്ഷേ അനർഹമായി വാഴ്ത്തപ്പെടുന്ന കലാസൃഷ്ടികൾ കാലത്തിൻെറ പ്രകാശത്തിൽ മങ്ങിമറയുന്നതുപോലെ സ്വാഗതാർഹമായ കാവ്യജീവിതം കീത്തിപെരുകുന്നതു് ഇന്നല്ലെങ്കിൽ നാളെ കാണാറാകും.

കുമിളകളുടെയും ഈയ്യാംപാററകളുടെയും ജന്മമെടുത്ത കവിതകൾ മലയാളത്തിൽ കാണാറുണ്ട്. കരുക്കൾ വേണ്ടുവോളമില്ലാതെ, പരിമിതമായ കല്പനാപരിധിയിൽനിന്നു കവനലീലനടത്തിയ കവികളെയെല്ലാം വിസ്മൃതി വലയംചെയ്തു. ആസ്വാദകസംഘം മൺമറഞ്ഞതോടെ ചുററുപാടിൻെറ തണലിൽനിന്നു പെരുമനേടിയ കവികളെയും പുററുമൂടിക്കഴിഞ്ഞു. കാലത്തിനൊത്തു ചിന്തയുടെ ഉപരിമണ്ഡലത്തിലേക്കു ചിറകുവിടുത്തി പറക്കുവാനും വികാരതീക്ഷ്ണമായി ചുററും കാണുന്നതു് പകത്തുവാനും കരുത്തുപോരാത്ത കവികൾക്കു ഇന്നു ഇടമല്ല. മനുഷ്യൻെറ മൗലികമായ വികാരങ്ങളെ ഉണത്തുവാനും ധാരമുറിയാത്ത വിചാരഗതി വളത്തുവാനും സഹായകമായ കവിതകളേ നെടുനാൾ നിലനില്ക്കൂ. സാമൂഹികജീവിതത്തിൻെറ എല്ലാ ഏടുകളും മറിച്ചുനോക്കി തെററു തിരുത്തുവാനും പോരായ്മകൾക്കു പോംവഴിനേരുവാനും പുതുമയിലേക്കു വഴിതെളിക്കാനും കെൽപ്പുള്ള കവികളേ പൂണ്ണവളച്ച്ചയിലെത്തുകയുള്ളു. അങ്ങനെ വളന്നുയന്നുനില്ക്കുന്നു വള്ളത്തോളും ആശാനും. പാലാഴിപോലെ പരന്നൊഴുകുന്ന വള്ളത്തോൾകവിതകളിൽ മുങ്ങിക്കുളിച്ചു നിർവൃതിനേടാത്ത സഹൃദയരുണ്ടോ? ആഴമേറി, നിബിഡനീലിമപൂണ്ട്, ശാന്തസമുദ്രംപോലെ ഗംഭീരമായി കാണുന്ന ആശാൻകവിതകൾ മലയാളത്തിൻെറ മേന്മ മറുഭാഷകളിലും മറുനാടുകളിലും ഉയത്തിക്കാട്ടി. സുപ്രസിദ്ധസാഹിത്യനിരൂപകനും തികഞ്ഞ കലാസ്വാദകനുമായ ശ്രീ. ഗോവിന്ദൻകുട്ടിനായർ 'ചളുക്കിൻെറ പ്രസാദവും പനിനീർപ്പൂവിൻെറ സൗന്ദര്യവും' കാണുന്ന മഹാകവി പള്ളത്തിൻെറ കാവ്യസൗന്ദര്യത്തിലേക്കു ഒന്നു കടന്നുചെല്ലാം.

ഉടനീളംവേണ്ടുന്ന ചൈതന്യധാരയാൽ സാന്ദ്രാഭിരാമമായ അനവധി ഭാവഗീതങ്ങൾ കൈരളിക്കു തിരുമുൽക്കാഴ്ച വച്ചുകൊണ്ടാണ് ആ മഹാകവിയുടെ നിലപാട്. വികാരങ്ങളുടെ ഊഷ്മളതയും വിചാരങ്ങളുടെ ഉജ്ജ്വലതയും ഭാവനയുടെ രമണീയതയും ഒത്തിണങ്ങിപ്പോകുന്ന ഭാവാത്മകത്വം പള്ളത്തിൻെറ കവിതയെ അമൃതമധുരമാക്കിത്തീക്കുന്നു. പടന്നുപൊങ്ങിയ പ്രതിഭത്തഴപ്പ് ഈ ഭാവഗായകനെ പലപ്പോഴും വള്ളത്തോളിൻെറ മണ്ഡലംവരെ ഉയത്തിയിട്ടുണ്ട്. ആപാദമധുരമായ വള്ളത്തോൾകൃതികളിൽ ആദ്യന്തം ഓളമടിക്കുന്ന ഓജസ്സ് പള്ളത്തുകൃതികളിൽ പൂണ്ണമല്ലെങ്കിലും ചിലേടത്തു് കാണുന്ന സൗകുമാര്യവും, 'മാന്തളിർത്തൊത്തിൻെറ മാർദ്ദവവും' വള്ളത്തോളിനെ അതിശയിക്കുന്നില്ലേ എന്നുകൂടി തോന്നിപ്പോകുന്നു. അങ്ങനെയാണെങ്കിൽ തന്നെയും 'വാസനകൊണ്ടുമാത്രം മഹാകവിപദത്തെ അധിരോഹണംചെയ്ത ആളെന്നു' വള്ളത്തോൾ പറയുന്ന പള്ളത്തു് പൂണ്ണകാമമാക്കിയ കലാസിദ്ധി തികച്ചും ആദരണീയമല്ലേ?

ഉടവോ തടവോകൂടാതെ ശൃംഗാരരസം ആവിഷ്കരിക്കുന്നതിൽ പള്ളത്തിനുള്ള കഴിവ് തെളിഞ്ഞുനിൽക്കുകയാണ് 'കാലകല്ലോലം' എന്ന കവിതയിൽ. 'പുലിക്കൂട്ടിൽ' എന്ന കവിതയിൽ വീരരസം പകത്തിയ തൂലികയും വിജയം നേടിയിട്ടുണ്ട്. കരുണരസം വഴിഞ്ഞൊഴുകുന്ന 'അഹിംസ നട്ടനാട്ടിൽ' എന്ന കവിതയും കരളലിയിക്കാൻ പോരുന്നവയാണ്.

കലയ്ക്കു് ജീവനും ചൈതന്യവും പകന്നുകൊടുക്കുന്നതിൽ അന്തരീക്ഷത്തിന് ഒരു നല്ല പങ്കുണ്ട്. കാവ്യാനുഗുണമായ അന്തരീക്ഷസൃഷ്ടിയിലും പള്ളത്തു് മികച്ചുനിൽക്കുകയാണ്.

"പാതിരക്കുളിർതിങ്കൾ പാൽമഴപൊഴിക്കവേ
പായുന്നുയമുനതൻ വക്ഷസ്സിലൊരുതോണി"

എന്നു 'കാലകല്ലോല'ത്തിലും,

"അന്നത്തെ നൈശാകാശമിരുളിൻ ചുരുളിനാൽ
ഛന്നമായ് പ്രകൃതിതൻദുർല്ലളിതാംശംപോലെ"

എന്നു സേവിനീരത്തത്തിലും,

"രണ്ടുനൂററാണ്ടായ് കാലം; പൂവ്-
ശൈലത്തിൽനിന്നും
രമ്യതേജസ്സഗോളമുരുളാൻ തുടങ്ങുന്നു"

എന്നു 'നമ്മുടെ സഹോദരന്മാർ' എന്ന കവിതയിലും തുടങ്ങുന്ന വരികൾ മഹാകവികൾക്കല്ലാതെ കീഴ്പെടുമോ എന്നു സന്ദേഹിക്കേണ്ടിയിരിക്കുന്നു.

കാന്തിയും ലാളിത്യവും പുണരുന്ന പള്ളത്തിൻെറ ഭാവനയിൽ ഉടലെടുക്കുന്ന കവിതകളുടെ സൗന്ദര്യസ്ഫൂത്തി പലപ്പോഴും അനുവാചകരെ പുളകംകൊള്ളിക്കുന്നു. പ്രകൃതിയിൽ അലയിളകുന്ന സൗന്ദര്യവീചികൾ കവിയുടെ അന്തഃസത്തയിൽനിന്നു് വരുന്നതാണ്, 'ഈ ലോകാലോകനീയം' എന്ന കവിത. ഇണങ്ങിപ്പോകുന്ന വിചാരഗതി കവിതയ്ക്കു ഇമ്പം കലത്തുകയാണ്. ഒരു കലാശില്പമാണ് 'കാലകല്ലോലം' എന്ന കവിതാഖണ്ഡം. മലയാളമലർക്കാവിലെ ആ വാടാമലർ കൊഴിയുകയും നശിക്കുകയുമില്ല. മധുരചിന്തയുടെ പൂഞ്ചിറകേറി ഭാവനയുടെ ഉന്നതതടങ്ങളിൽ ഉലാവുന്ന ഒരു ഭാവഗായകനെയാണ് പ്രസാദംനിറഞ്ഞ ആ കവിതയിൽ ഞാൻ കാണുന്നതു്. തെളിതേൻപോലെ മധുരിമയൂറുന്ന 'തൂലികാചലനം' എന്ന ഭാവഗീതത്തിൽ ഒളിവീശുന്ന ഓജസ്സും ചൈതന്യനിർഭരതയും കണ്ടിട്ടാവാം,

"തെളിച്ചയുള്ളകവനപ്രസരിപ്പിനാൽതേൻ-
തുള്ളിക്കപത്രപകെട്ടത്തമഹാനാമവൻ."

എന്നു കവിരാമാനുണ്ണികത്താവ് പള്ളത്തിനെ വാഴ്ത്തിയതു്. അത്തരം കവിതകളെഴുതിയ പള്ളത്തു് വേണ്ടുവോളം പണ്ഡിതസമ്മതിയും ജനരഞ്ജനയും ആജ്ജിച്ചിട്ടില്ലെങ്കിൽ അതിനു ഉത്തരവാദിത്വം വഹിച്ച സാഹചര്യങ്ങൾ ചിന്താർഹമാണ്.

"ഓട്ടക്കണ്ണിട്ടുനോക്കി ചിലർ; എങ്കിലും നല്ല-
നോട്ടക്കാർക്കുവിലകണ്ടു! സാഹിതീമണികാരം!"

എന്നു ആശാനെപ്പററി പള്ളത്തു പാടിയ പാട്ടു ഇത്തരുണത്തിൽ ഓർമ്മവരുന്നു.

അഴകും വണ്ണപ്പകിട്ടും കലന്ന പള്ളത്തിൻെറ കല ജീവിതവിധേയമായിരുന്നു. മൺമറഞ്ഞ തലമുറകളുടെ മേന്മ പാടിപ്പുകഴ്ത്തി സമയം പാഴാക്കാതെ, നിത്യജീവിതപ്രശ്നങ്ങൾക്കു പരിഹാരം നേടുവാനുതകുന്ന വിചാരവിപ്ലവം, പൂമ്പാററകൾ തുടങ്ങിയ കവിതകൾ രചിച്ചു സൗന്ദര്യം സൗന്ദര്യത്തിനുവേണ്ടി മാത്രമല്ല സാമൂഹ്യപരിഷ്കരണത്തിനുംകൂടിയാണെന്നുള്ള തത്വത്തിനു അദ്ദേഹം അംഗീകരണം നൽകി. 'ജാതിവിധ്വംസനത്തിനുവേണ്ടി അദ്ദേഹത്തിൻെറ തൂലിക ഒരു കാലത്തു ചക്രായുധംപോലെ പ്രവത്തിച്ചതു പ്രതികൂലസാഹചര്യങ്ങളുടെ നടുവിൽ നിന്നുകൊണ്ടാണ്. അങ്ങനെ അയിത്തത്തോടും മററും അടരാടിയ പള്ളത്തിൻെറ പോർവാളിൻെറ തിളക്കംകണ്ടു പഴമക്കാർ നടുങ്ങിയിട്ടുണ്ട്.

ഒന്നാം ലോകമഹായുദ്ധത്തിനുശേഷം പള്ളത്തിൻെറ കൃതികളിൽ വിപ്ലവപരമായ ആശയങ്ങൾ ഇരച്ചുകയറി. സാമൂഹ്യജീവിതത്തിലെ പൊരുത്തക്കേടു മനസ്സിലാക്കിയ കവി കീഴ്ന്നിച്ചുകഴിഞ്ഞിരുന്ന വ്യവസ്ഥിതി മാററുവാൻ ആഹ്വാനംചെയ്കയായി. യുവാക്കളിൽ പരിവത്തനോത്സുകതയെന്നല്ല, അവരുടെ ചിന്താമണ്ഡലങ്ങളിൽ കോളിളക്കംപോലുമുണ്ടാക്കിയ കവിതകളാണ് 'ഗ്രാമീണകന്യയും' മററും. ഇന്നും അതിൻെറ പുതുമ മാറിയിട്ടില്ല. താണുകിടക്കുന്നവൻെറ കെടുയാതനകളും കണ്ണീരും കണ്ടു സഹിക്കവയ്യാത്ത ധനികൻെറ ഉദ്ദേശം കാട്ടുന്ന കവിയെ 'ഒരു ചിത്രം' എന്ന കവിതയിൽ കാണുന്നു. ഉറഞ്ഞുകിടക്കുന്ന ധമ്മചിന്തയെ ഉണത്തുവാനും ചോരതിളപ്പിക്കുവാനും ഉതകുന്ന പുരോഗമനഗാനങ്ങൾ ഏറെയുണ്ട് പള്ളത്തിൻെറ കൃതികളിൽ. പ്രചരണസാഹിത്യത്തിൽ ഇത്രയും സൗന്ദര്യധാരയും വികാരവായ്പും മററധികം മലയാളകവികളിൽ കണ്ടിട്ടില്ല. കാൽനൂററാണ്ടിനുമുമ്പു ഇന്നത്തെ പുരോഗമനഗാനങ്ങൾക്കു വഴികാട്ടിയ ആ 'പുരോഗാമി'യുടെ കാൽച്ചുവടുകൾ നമ്മുടെ കൃതജ്ഞതാപൂർവകമായ സ്മരണയിൽ നിലകൊള്ളും. വേലയെടുക്കുന്നവൻെറ വിയപ്പുതുള്ളികൾ മുത്തുമണികളായി കാണുവാൻ കഴിഞ്ഞ പള്ളത്തിൻെറ സ്വാത്മാംശം 'സോദരോപഹാരം' എന്ന കവിതയിൽ വെളിവാകുന്നു. ഏതുതരം കവിതകളിലും സൗന്ദര്യം പകത്തുന്ന പള്ളത്തിൻെറ കല അങ്ങനെ ആനന്ദാത്മകമായി ശോഭിക്കുന്നതോർക്കുമ്പോൾ അദ്ദേഹത്തിൻെറ കാവ്യജീവിതം ഒരു തികഞ്ഞ വിജയമാണെന്നു ഉറപ്പിച്ചുപറയാം. എടുത്തുകാട്ടുവാൻ ആളുണ്ടായാലും ഇല്ലെങ്കിലും 'മഹാകവിത്വം പുരോഗമനവാഞ്ഛയോടും, പുരോഗമനവാഞ്ഛ മഹാകവിത്വത്തോടും' മത്സരിച്ച പള്ളത്തിൻെറ സാഹിത്യജീവിതം കാലത്തിൻെറ തിരത്തള്ളലിൽ ആണ്ടുപോകുകയില്ല.

—o—

**100 രൂപാ ഇനാം**

**നരയെ ഒഴിക്കുക**

ഞങ്ങളുടെ ആയുർവേദവാസനതൈലം ഒരു ചായമല്ല. നരച്ചമുടിയെ എന്നന്നേക്കുമായി കറുപ്പിക്കുകയും വീണ്ടും നര ഉണ്ടാകാതിരിക്കുകയും ചെയ്യും. ബുദ്ധിമാന്ദ്യം, മന്ദത എന്നിവയെ അകററി തലവേദനയെ ഇല്ലാതാക്കുകയും ചെയ്യുന്നു. തന്മൂലം സുമുഖമായ കാഴ്ചയും ഉളവാകും. വിശ്വാസമില്ലാത്തപക്ഷം തുക മടക്കിക്കൊടുക്കുന്നതായിരിക്കും. സ്വല്പനരയ്ക്കു് രൂ 2-8-0 ഒന്നിച്ച് 3 കുപ്പി ആർഡറിന്ന് രൂ. 6 8-0 കൂടിയനരയ്ക്കു് രൂ. 3-8 0. ഒന്നിച്ച് 3 കുപ്പി ആർഡറിന്ന രൂ. 9-0-0 എല്ലാം നരച്ചതിന്ന രൂ. 5-0-0. ഒന്നിച്ചു 3 കുപ്പിയ്ക്കു് രൂ. 12-0-0.

BHARAT KALYAN AUSHADHALAYA (M. R.)
Post Bag No. 6725, CALCUTTA.

മനോഹരമായ തലമുടി വളരുവാൻ



പ്രസിഡണ്ടു് വെജിററബിൾ ഹെയർഓയിൽ ഉപയോഗിയ്ക്കുവിൻ

RATHOD TRADING CO.,
SOWCARPET - MADRAS.

# ഗ്രന്ഥവിഹാരം

## കലാലയശില്പികൾ

ഗ്രന്ഥകർത്താ, എസ്. പരമേശ്വരൻ.
പ്രസാധകർ അലയൻപ്രിൻറിംഗ്‌വർക്ക്സ്,
ചാല, തിരുവനന്തപുരം.
വില അ 12.

'ഉത്തമം വിദ്യാദാനം' എന്ന ഉൽകൃഷ്ട ബോധം ഭാരതത്തിൽ ചിരപ്രതിഷ്ഠിതമായിട്ടുള്ളതാണ്. പരിത്യാഗൈകവ്രതന്മാരായ മഹർഷികളിൽ പലരും കലപതികളുംകൂടിയായിരുന്നു. കണാദഭട്ടാരികളെ വിശേഷിപ്പിച്ചിരുന്ന കലപതിസ്ഥാനം അയുതാധികം ശിഷ്യസമൂഹത്തിൻെറ അധീശാധികാരപദവിയാണെന്നു പ്രഖ്യാതമായിട്ടുണ്ട്. നമ്മുടെ പുണ്യാശ്രമങ്ങളോരോന്നും വിദ്യാനിലയങ്ങൾ എന്നു വിശ്രുതി സമാർജ്ജിച്ചിരുന്നതാണെന്നുള്ളതു ആരും പ്രതിഷേധിക്കുമെന്നു തോന്നുന്നില്ല. ഈ ഗുരുകലവാസത്തിൻെറ പരിഷ്കരിച്ച പതിപ്പാണു തക്ഷശിലയിലും നളന്ദയിലും കലാനികേതനങ്ങളായി പിന്നീടു ഉയർന്നുകണ്ടിട്ടുള്ളതു. ഈ ഗുരുദേശകാലം ഘോരനായുള്ള ശനിയുടെ മ്ലേച്ഛതയിലും വാഴ്ചയിലുംകൂടി കടന്നുപോരേണ്ടിവന്ന ഭാരതത്തിനു ഇന്നും തീരെ വിസ്മരിക്കാൻ സാധിച്ചിട്ടില്ല. ഭാരതത്തിൻെറ ഈ ശനിപീഡയിലും ചില അപഹാരനാഥന്മാർ ഇഷ്ടഫലപ്രദന്മാരായി ശുഭകാരകത്വം വഹിച്ചിരുന്നു. ആ ശുഭഗ്രഹങ്ങളേതെല്ലാമെന്നു കാട്ടിത്തരികയാകുന്നു ഈ ഗ്രന്ഥം.

ഭാരതത്തിലെ വിദ്യാഭ്യാസപ്രവർത്തനം ബ്രിട്ടീഷുഗവമ്മെൻറും ക്രിസ്തീയമിഷനറിമാരും യഥാക്രമപ്രകാരം കയ്യടക്കി പൌരസ്ത്യസംസ്കാരത്തിനു വെണ്മഴുവായിത്തീരുമെന്ന പരമാർത്ഥം അധികം ആരും അന്നു അറിഞ്ഞിരുന്നില്ല. ഈ ഒട്ടവിദ്യയുടെ ശീഘ്രതരപ്രകാരം ആകൃതിയിലും പ്രകൃതിയിലും സാരതരമായ മാററങ്ങൾ വരുത്തി ഭാരതീയരെ അന്തരാളഘട്ടത്തിലേയ്ക്കു നയിക്കയുംചെയ്തു. സാംസ്കാരികമായ ഈ അധഃപതനത്തിൽനിന്നു ഭാരതത്തെ സമുദ്ധരിക്കുന്നതിനു വിദ്യാപീഠങ്ങൾക്കേ കഴിയുകയുള്ളുവെന്ന യാഥാർത്ഥ്യം ബോധ്യപ്പെട്ടതോടുകൂടി അതിലേയ്ക്കുവേണ്ടി ത്യാഗപൂർവ്വം ശ്രമിക്കുവാൻ ചില വിശിഷ്ടവ്യക്തികൾ ഉള്ളതു ഭാരതത്തിൻെറ സുകൃതപരിപാകം പ്രത്യക്ഷപ്പെടുത്തുകയായി. ആ മഹാന്മാരെയാണു കലാലയശില്പികൾ എന്ന അഭിധാനത്തിൽ ശ്രീ: എസ്. പരമേശ്വരൻ ഈ ഗ്രന്ഥത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതു്. ഭാരതത്തിൻെറ ഭാവിസംവിധാതാക്കളായ ഈശ്വരചന്ദ്രവിദ്യാസാഗർ, ആനിബെസൻറ്, പണ്ഡിതമദനമോഹനമാളവ്യജി രവീന്ദ്രനാഥടാഗൂർ എന്നീ ചതുർമുഖചൈതന്യം ഈ ഗ്രന്ഥത്തിൻെറ അന്തസ്സത്തയായി പരിലസിക്കുന്നു. വിശ്വഭാരതി, ബനാറീസ സർവ്വകലാശാല, തിയസാഫിക്കൽ വിദ്യാഭ്യാസട്രസ്റ്റ്, കൽക്കട്ടാ സംസ്കൃതപാഠശാല, എന്നീ സ്ഥാപനങ്ങൾ ഭാരതത്തിൻെറ വിജയസ്തംഭങ്ങളായി നാട്ടപ്പെട്ടതായിരുന്നുവെന്നുള്ള വസ്തുത അധികമാരും അന്നു ഗ്രഹിച്ചുകാണുകയില്ല. അങ്ങനെ വിദ്യാവ്യാപകമായ ഫലത്തെ ഉദ്ദേശിച്ചു ക്ലേശസഹിഷ്ണുക്കളായി പ്രവർത്തിച്ച ഈ മഹാന്മാരെപ്പററി വേണ്ടവിധം നാം ധരിച്ചുകഴിഞ്ഞിട്ടുമില്ല. ടാഗൂറിനെസംബന്ധിച്ചാണെങ്കിൽ നോബൽസമ്മാനം വാങ്ങിച്ച ലോകമഹാകവിയെന്നനിലയിൽ അദ്ദേഹം സുവിദിതനായിരിക്കും. പക്ഷേ വയോധികനായ ആ ഗുരുദേവൻ സകലവിധ സുഖസൗകര്യങ്ങളും ത്യജിച്ചു വിശ്വഭാരതിക്കുവേണ്ടിയുള്ള പണപ്പിരിവിനു നാടകക്കമ്പനിയുമായി നടന്നതും ഇന്ത്യയിൽ മാതൃകായോഗ്യമായവിധം ഗ്രാമോദ്ധാരണപ്രവർത്തനകേന്ദ്രം ആരംഭിച്ചതുമായ അദ്ദേഹത്തിൻെറ അനന്യസാധാരണമായ അപദാനവൈവിധ്യങ്ങൾ അത്രയേറെ ശബ്ദായമാനങ്ങളായിട്ടില്ല. ഇന്നത്തെ വിദ്യാർത്ഥികളുടെ ബോധാചരണത്തിനുതകുംവിധം ഈദൃശസംഗതികളെ സചിത്രപ്പെടുത്തിയിരിക്കുന്നതിലാണു് ഗ്രന്ഥകർത്താവിനെ ഏററവും അഭിനന്ദിക്കുവാനുള്ളതു്. അതുപോലെതന്നെ കാശിഹിന്ദുസർവ്വകലാശാലയുടെ സുസ്ഥാപകൻ അദ്വിതീയനായ പണ്ഡിതൻ, സ്വാതന്ത്ര്യസമരത്തിൽ ഉല്പതിഷ്ണുമതാനുഷ്ഠാനത്തിൽ സനാതനി എന്നീ നിലകളിൽ മാളവ്യജി നമ്മുടെ പരിചയമാർജ്ജിച്ചിട്ടുണ്ടു്. എന്നാൽ നാല്പതുവർഷത്തിനുമുൻപു് ഇന്ത്യയ്ക്കാവശ്യമുള്ള പഞ്ചസാര ജാവായിൽനിന്നാണു വരുത്തിക്കൊണ്ടിരുന്നതെന്നും ആ വലിയ നഷ്ടത്തെ പരിഹരിക്കുന്നതിനു ഇന്ത്യയിൽ കരിമ്പുകൃഷി സമുദ്ധിയാക്കി പഞ്ചസാരവ്യവസായം ഇവിടെ ആരംഭിക്കുന്നതിനുള്ള കാരണകർത്താവു് മാളവ്യജിയായിരുന്നുവെന്നും ഈ ഗ്രന്ഥം നമുക്കു വെളിപ്പെടുത്തിത്തരുന്നു. ആനിബെസൻറ് ഒരു ആദർശവിദ്യാർത്ഥിനിയായിരുന്നുവെന്നുള്ള പരമാർത്ഥവും അധികം പ്രചാരത്തിൽവന്നിട്ടുള്ളതല്ല. ഇങ്ങനെ കലാലയശില്പികളുടെ ബഹുമുഖമായ ജീവിതവ്യാപാരങ്ങളെ അവധാനപൂർവ്വം അനുഗ്രഥിച്ചു പല നവീന വിവരങ്ങളും വിശദീകരണങ്ങളും നൽകിയിരിക്കയാകുന്നു, ഈ ഗ്രന്ഥത്തിൽ. അവക്രവും സരളവുമായ പ്രതിപാദനം ഈ ഗ്രന്ഥത്തിൻെറ മറെറാരു വൈശിഷ്ട്യമാണു്. ഓരോ ജീവചരിത്രത്തിലെയും മുഖ്യസംഭവങ്ങളെ ആഖ്യാനംചെയ്തുകൊണ്ടു ചരിത്രകഥനത്തിൽ ഏർപ്പെട്ടിരിക്കുന്ന ഇതിലെ പുതിയരീതി ഏതുവിധവുംവിദ്യാർത്ഥികൾക്കു കൗതുകപ്രദവും ആകാതെവരികയില്ല. (സി. എം. പി.)

— * —

(4-ാംപേജിൽനിന്നു തുടർച്ച)

ങ്ങളുമായിരുന്നതിനാൽ, അതിൽ ഉൾപ്പെടാൻ അവർ എന്നെയും ക്ഷണിച്ചു...... പക്ഷേ അല്പകാലത്തിനകം ഈ യോഗ്യന്മാർ അവർ ഉച്ചാടനംചെയ്ത ജനകീയഭരണം എത്രയോ നന്നായിരുന്നുഎന്നുള്ള ഒരു പ്രതീതിയാണു് ജനിപ്പിച്ചതു! താമസിയാതെ ആ മുപ്പതുപേരും ഉച്ചാടനംചെയ്യപ്പെടുകയും അവരുടെ ഭരണം ധ്വസ്തമാകയുംചെയ്തു. കശ്മലമായ പകവീട്ടലുകൾ പലതും സംഭവിച്ചു എന്നുള്ളതിൽ അത്ഭുതമില്ലായിരിക്കാം. പുനഃസ്ഥാപിക്കപ്പെട്ട ഭരണം സോക്രട്ടീസിനെ ഒരു കുററവുമില്ലാതെ വധിച്ചു.

"ഭരണംനടത്തുന്നവർ, നിയമം, പൊതുജനജീവിതത്തിലെ സദാചാരത്തിൻെറ അവസ്ഥ എന്നിതെല്ലാംകൂടി ആലോചിച്ചപ്പോൾ മാന്യമായി ഭരിക്കുകഎന്നതു് ദുസ്സാധമാണെന്നുതന്നെ എനിക്കു തോന്നി. ചട്ടമെട്ടുകളും, നിയമദീക്ഷയും ഏഥൻസിൽ വിസ്മയകരമായ വേഗത്തിൽ അധഃപതിച്ചു. രാഷ്ട്രീയനില എത്രയോ കുഴഞ്ഞുമറിഞ്ഞിരിക്കുന്നു എന്നു കണ്ടപ്പോൾ ഞാൻ അമ്പരന്നുപോയി. ഒരു സമൂലപരിവർത്തനവും, ഭാഗ്യവുംകൊണ്ടല്ലാതെ കാര്യം നേരെയാകയില്ലെന്നു വന്നു. യഥാർത്ഥതത്വചിന്തകർതന്നെ ഭരണമേറെറടുക്കയോ അല്ലെങ്കിൽ, ഭരണംനടത്തുന്നവർ ഏതോ ദൈവവിധികൊണ്ടെന്നപോലെ തത്വചിന്തകരായിമാറുകയോചെയ്യാതെ മനുഷ്യനു് തിന്മയിൽനിന്നു രക്ഷപ്പെടാൻ വഴിയില്ലെന്നുള്ള അനുമാനത്തിൽ ഞാൻ എത്തിച്ചേർന്നു."

* * *

## തൊട്ടാലറിയാം

ഇന്നത്തെ പ്രേതലോകഗവേഷണങ്ങളുടെ ഫലമായി പലതും കണ്ടുപിടിക്കപ്പെട്ടിട്ടുണ്ടു്. പ്രേതാത്മാക്കളെ വരുത്തി, ജീവിച്ചിരിക്കുന്നവർക്കു് അറിവില്ലാത്ത വിവരങ്ങൾ ഗ്രഹിച്ചുവരുന്ന ഒരു കാലമാണിതു്. ചില സംഭവങ്ങളുടെ ദൃക്സാക്ഷികളും, സംഭവങ്ങളിൽ പങ്കുകൊണ്ടവരും മരിച്ചതിനുശേഷം ആ സംഭവങ്ങളെപ്പററിയുള്ള വിവരങ്ങൾ ജീവിച്ചിരിക്കുന്നവരെ ധരിപ്പിക്കുകയാൽ പല കൊലപാതകങ്ങൾപോലും കണ്ടുപിടിക്കപ്പെട്ടിട്ടുണ്ടു്. ഗവേഷണങ്ങൾക്കു് ശാസ്ത്രജ്ഞന്മാരെ ഉൽസുകരും സന്നദ്ധരുമാക്കിത്തീർത്തതുതന്നെയും, ചില പ്രേതാത്മാക്കളുടെ ഈവക വ്യാപാരങ്ങളാണു്. പ്രേതാത്മവിദ്യ ഇങ്ങനെ പുരോഗമിച്ചുകൊണ്ടിരിക്കെ ആദ്യം ഉദ്ദേശിക്കാത്ത പുതിയ ചില ശാസ്ത്രശാഖകൾകൂടി അതിൽനിന്നു ആഗന്തുകമായുണ്ടായി. അതിലൊന്നാണു "സൈക്കോമെട്രി" "മെട്രി" എന്നതു് അളവിനെ കുറിക്കുന്ന "മാത്ര"യാകയാൽ സൈക്കോമെട്രിയിൽ വല്ലതും അളന്നു തിട്ടപ്പെടുത്തുന്നുണ്ടെന്നു തോന്നാം. അങ്ങനെയല്ല. ആ പേരുതന്നെ അത്ര പന്തിയായില്ലെന്നാണു് ശാസ്ത്രജ്ഞന്മാർ വിചാരിക്കുന്നതു. സ്പർശംകൊണ്ടു ഒരുവൻെറ ഭൂതഭാവികൾ അറിയുകയാണു് സൈക്കോമെട്രിയാൽ സാധിക്കുന്നതു്. ഇതിനു ഒരാളെ തൊട്ടുനോക്കണമെന്നില്ല അയാൾ ഉപയോഗിച്ചിരുന്നതോ, കൈവശം വച്ചുകൊണ്ടിരുന്നതോ ആയ വടിയോ, കുടയോ, പേനയോ തൊട്ടുനോക്കിയാൽ മാത്രംമതി അയാളുടെ ഭൂതവർത്തമാനഭാവികൾ അറിയാൻ. മറെറാരു വിശേഷംകൂടി, ഒരു വസ്തു എ-യുടെ കയ്യിൽനിന്നു ബി. വാങ്ങി സി. യെ ഏല്പിക്കുന്നു എന്നിരിക്കട്ടെ. സൈക്കോമെട്രി വശമുള്ളയാൾ സി. യിൽനിന്നു ആ വസ്തു വാങ്ങി ആദ്യം പറയുന്നതു് സി. യുടെ ഭൂതഭാവികളായിരിക്കും. അടുത്തതായി ബി. യുടെയും, ഒടുവിൽ മാത്രം എ. യുടെ ജീവിതം അയാൾ അന്തരാളമിഴികളാൽ കാണുന്നു.

ഇതിൽനിന്നു എന്താണു മനസ്സിലാകുന്നതു്? ഓരാളിൽനിന്നു പുറപ്പെടുന്ന പ്രാണസ്പന്ദനങ്ങൾ അയാൾ കൈകാര്യംചെയ്യുന്ന വസ്തുക്കളിൽ പററിച്ചേർന്നിരിക്കുന്നു. കളഞ്ഞുകിട്ടിയ വസ്തുക്കൾ അന്യരുടെ വകകൾ മുതലായവ ഉപയോഗിക്കുന്നതിനുമുമ്പു് അവ ഏതെങ്കിലും ദേവൻെറമുൻപിൽ അർപ്പിച്ചു ശുദ്ധിവരുത്തിയിരിക്കണമെന്നു നമ്മുടെയിടയിൽ ഒരു വിശ്വാസമുണ്ടു്, അഥവാ ഉണ്ടായിരുന്നു. പ്രാണസ്പന്ദനങ്ങൾമുഖേന മനസ്സിൻെറ വിചാരവികാരങ്ങൾ ഏതു വസ്തുവിലും സംക്രമിക്കാം. ഒരുവൻെറവസ്തു മററൊരുവൻ എടുക്കുമ്പോൾ ഉടമസ്ഥനു് അതുമായുള്ള മമതാബന്ധത്തിൻെറ മാനസികസ്പന്ദനങ്ങൾ അതിനെ ബാധിച്ചിരിക്കുമെന്നു് ആരും ശങ്കിക്കില്ല. ആ സ്പന്ദനങ്ങളെ ക്ഷേത്രത്തിലെ മൂർത്തിയിൽ അടങ്ങിയിരിക്കുന്ന മന്ത്രത്തിൻെറ സ്പന്ദനങ്ങൾ ആവാഹിക്കയോ നശിപ്പിക്കയോ ചെയ്യുകയാൽ ഉപഭോക്താവിനെ അവ ബാധിക്കയില്ലെന്നുള്ളതാണു് പ്രസ്തുത വിശ്വാസത്തിൻെറ രഹസ്യം. മനസ്സാക്ഷിക്കു ചേരാത്തതൊന്നും വാങ്ങരുതെന്നുപറയുന്നതിനും കാരണം മാനസികസ്പന്ദനങ്ങൾ വാങ്ങുന്നവനു വിരുദ്ധമായി കൂടുതൽ ശക്തിയോടെ പ്രവർത്തിക്കുമെന്നുള്ളതാണു്.

—൦—

## നാലപ്പാട്ടിൻെറ കൃതികൾ

| | | | | |
|---|---|---|---|---|
| രതിസാമ്രാജ്യം | ക. | 5 | 0 | 0 |
| പൌരസ്ത്യദീപം | ,, | 2 | 0 | 0 |
| വേശുവമ്മയുടെ വിശരി | ,, | 2 | 0 | 0 |
| പുളകാങ്കുരം | ,, | 1 | 0 | 0 |
| ചക്രവാളം | ,, | 1 | 0 | 0 |
| കണ്ണുനീർത്തുള്ളി | ,, | 1 | 8 | 0 |
| ദൈവഗതി | ,, | 0 | 8 | 0 |
| പുകയിലമാഹാത്മ്യം | ,, | 0 | 8 | 0 |
| സുലോചന | ,, | 0 | 8 | 0 |
| നാലപ്പാട്ടു് നാരായണമേനോൻ ഷഷ്ടിപൂർത്ത്യുപഹാരഗ്രന്ഥം | ക. | 5 | 0 | 0 |

ആവശ്യപ്പെടേണ്ടും മേൽവിലാസം:—
വന്നേരി ബുക്കഡിപ്പോ,
P. O. പുന്നയൂർക്കുളം, മലബാർ.

# ഭാഗ്യക്കുറി

സി. ജെ. മണ്ണുമ്മൂട്ട്

മഹിയിൽ മനുഷ്യനെ വിഭ്രമംകൊള്ളിക്കുന്ന
മധുരസ്വപ്നങ്ങളിലൊന്നുതന്നല്ലീ ഭാഗ്യം.
ഭാഗ്യത്തിൻപിൻപേപാഞ്ഞുകിതച്ചുതളർന്നു നി-
ർഭാഗ്യരായ്ക്കഴിയുമാവരാണെത്രമുക്കാൽപേരും,
നിയതിപന്താടുന്നസൗഭാഗ്യം ചിരകാലം
നിയതമൊരിടത്തും തങ്ങിനിൽക്കുകയില്ല.
ജീവിതമരുഭൂവിൽ ഭാഗധേയത്തിൻതണ-
ലേവരും ദർശിച്ചെന്നുവരുവാനശക്യമാം.
ശാന്തസുന്ദരമാമെല്ലായ്മയിലെത്തുംമുൻപേ,
ശാന്തിയെവരിക്കുവാൻ ജീവിതംതുനിഞ്ഞേക്കാം.
സ്വപ്നങ്ങൾകതിരിട്ടു വിളങ്ങുമഗ്രാമത്തിൽ
സ്വപ്നജീവിയായ് വാഴുന്നുണ്ടൊരുപണിക്കാരൻ.
ജീവിതം പറെറപ്പററിപ്പാറവാൻപോരുന്നോരു
പാവമാമയാൾക്കുമുണ്ടേറെ പ്രതീക്ഷകൾ.
അടങ്ങാത്താവേശത്താൽ സൗഭാഗ്യംകണ്ടെത്തുവാൻ
തുടങ്ങീ ഭഗീരഥപ്രയത്നം തന്നേയവൻ.
പണമാണെല്ലാററിലും മാനവസൗഭാഗ്യത്തി-
ന്നീണമെന്നയാൾക്കുണ്ടായ് പോയൊരുവ്യാമോഹവും.
പണമാർജ്ജിക്കാനുള്ള പന്ഥാവു പലതിലും
പണിപ്പെട്ടയാൾ വിട്ടു തക്കത്തിൽ തൻദൃഷ്ടികൾ.
പത്രപംക്തിയിൽകണ്ട ഭാഗ്യത്തിൻപരീക്ഷണ
ചിത്രങ്ങളയാളുടെ ശ്രദ്ധയെയാകർഷിച്ചു.
പട്ടിണിനിന്നപ്പൊഴും ചേന്നൊരു ഭാഗ്യക്കുറി-
ച്ചിട്ടിയിൽ തനിക്കുള്ള ഭാഗ്യത്തെപ്പരീക്ഷിക്കാൻ
വമ്പിച്ചതുകയാണു സമ്മാനമതുപോരും
വമ്പനായ് തീക്കാനൊരു തെണ്ടിയെപ്പോലും ക്ഷണാൽ
ആശകളോളംതല്ലി തന്മനോനാളംതന്നി
ലായിരം കിനാവുകളുന്മാദം പൊഴിച്ചെത്തി.
അസ്സ്വപ്നസാമ്രാജ്യത്തിൽ ചക്രവർത്തിയായ് മേവി-
നിസ്സ്വനാമവൻ തൻെറയാശകളാത്തീടവേ.
കഷ്ടമാഭാഗ്യക്കുറിതൻഫലം പ്രഖ്യാപിച്ചു,
കഷ്ടകാലമപ്പൊഴും ഭാഗ്യദോഷിയായ ത്തീന്നു.
നൈരാശ്യത്തിക്കുണ്ഡത്തിൽ വെന്തുവെന്തയാൾനീറി
വൈവശ്യംപെട്ടപ്പോഴുമുയർന്നു പ്രതീക്ഷകൾ.
പിന്നെയും ഭാഗ്യക്കുറിച്ചിട്ടിയിലയാൾചേർന്നു
ഖിന്നതയൊഴിക്കുവാൻ ഭാഗ്യത്തെ പരീക്ഷിക്കാൻ
അപ്പൊഴൊക്കെയുമായാൾതികച്ചും നിർഭാഗ്യനാ-
യുല്പതിക്കുകമാത്രം; തൻഭാഗ്യവിപത്തതാൽ.
കാലമൊട്ടേറെപ്പോയി കഴിവുംനശിക്കാറായ്
ശ്രീലസൽഭാഗ്യംവന്നില്ലെന്നിട്ടുമയാൾക്കൊട്ടും
തൻപ്രയത്നത്തിൻ ന്യൂനതമാനവുമയാൾ
തൻഭാഗ്യപരീക്ഷണയത്നത്തിന്നപ്പിച്ചിട്ടും
തികച്ചുംഫലശൂന്യമായിട്ടേഭവിച്ചുള്ളൂ.
പുകച്ചപ്പാവത്തിൻെറഹൃദയം, പ്രതീക്ഷകൾ.
രോഗിയായയാൾമാറി തൻഭാഗ്യപരീക്ഷണ
യാഗകുണ്ഡത്തിൽകത്തിത്തീരാറായാജീവിതം
അന്ത്യമായൊരുഭാഗ്യച്ചിട്ടിയിൽക്കുടിച്ചേർന്നു
ചിന്തകൾവൃഷ്ടിക്കുവാൻ യത്നിച്ചുനോക്കീ പാവം
ചുമയും ഞരക്കവും ചൊന്തി വേദനിക്കവേ
ചലനംനിറുത്തുവാൻ വെമ്പിയാഹൃദയവും
അപ്പൊഴുണ്ടൊരാൾവന്നു 'കമ്പി'യെന്നോതിച്ചെററ-
യ്ക്കുൾപ്പുക്കുഭാഗ്യക്കുറിച്ചിട്ടിതൻഫലംചൊന്നു
വമ്പിച്ചതുകയുടെ കമ്പിയപ്പാവത്തിൻെറ
കമ്പിതാത്മാവിങ്കലൊരാനന്ദംചേത്തെങ്കിലും
നിന്നതില്ലാത്മാവൊട്ടും വിശ്വനശ്വരഭാഗ്യ-
ശപ്പൊന്നലക്കിലുക്കത്തിൽ പിന്നെയുമാറാടുവാൻ.

ഉടനെ പ്രസിദ്ധീകരിക്കുന്ന 'വനസംഗീതം' എന്ന കാവ്യസമാഹാരത്തിൽനിന്നു്.

# വിലാപം

( സി. എസ്. വാര്യർ )

ഒരുനേർത്തനിശ്വാസ,മൊരുതപ്തബാഷ്പം—തീ-
ന്നൊരുപ്രേമസ്വപ്നം തകർന്നുപോയി.....
കുളിർകാററുവീശുമ്പോ, ഉലകളായുല്ലാസം
തെരുതെരെയെമ്പാടുംപ്രസരിക്കുമ്പോൾ,
ഒരുകൊച്ചുകുസുമംമണ്ണടിയുകയാണെങ്കിൽ
ഉലകത്തിനതിലെന്തുചിന്തവേണം?

പനിമതിപാൽനറും പുതുനിലാക്കടൽതന്നിൽ
ജഗമെല്ലാമാറാട്ടിപ്പുളകച്ചാർത്തണിയിക്കെ
ഒരുനൂറുകോടികൾതാരങ്ങൾവാനത്തു
മിഴിചിമ്മിയതുനോക്കിപ്പുഞ്ചിരിക്കേ
ഒരുകൊച്ചുതാരകം നിലതെററിനിപതിച്ചു
കെട്ടതീയേപ്രാപിച്ചാലാക്കുചേതം?

ഒരുനൂറുതടിനികൾ കളകളംപാടിക്കൊ—:
ണ്ടൊരുനൂറുവഴികളിലാഴിനോക്കി
കുടുകടെച്ചിരിയോടും, തെരുതെരെയടിവെച്ചും,
ത്ധടുതിയിൽസോല്ലാസംനിർഗ്ഗമിക്കെ,
ഒരുകൊച്ചുപുഴതൻെറയുറവയേവററിയാൽ—
അതിലാരുദുഃഖിപ്പാൻ? ആരുമില്ല..........

# ഗാന്ധിസം

# അതിൻെറ ദൗർബ്ബല്യവും ശക്തിയും

"കഴിഞ്ഞ കാൽനൂറ്റാണ്ടുകാലത്തേക്ക് ഇന്ത്യയിൽ മഹാത്മാഗാന്ധി ഇല്ലായിരുന്നു എന്ന് ഒന്നു സങ്കല്പിക്കുക. എന്നിട്ടുവേണം, നാമിന്ന് ആസ്വദിക്കുന്ന രാഷ്ട്രീയസ്വാതന്ത്ര്യവും സാമൂഹ്യക്ഷേമവും നമുക്കു സിദ്ധിക്കുമായിരുന്നോ എന്നു വിധികല്പിക്കുവാൻ!"

തികച്ചും ഗാന്ധിഭക്തനായിരുന്ന ഒരു സ്നേഹിതൻ—അദ്ദേഹം കാൺഗ്രസ്സുകാരനല്ല—ഒരു സുഹൃത്സദസ്സിൽവച്ച് ഉന്നയിച്ച ഒരു പ്രശ്നമായിരുന്നു ഇതു്. ചരിത്രംപഠിക്കുന്ന ഒരു വിദ്യാർത്ഥിക്ക്, ഒരു വ്യക്തിയോ ഒരു സംഭവമോ ഉണ്ടായിരുന്നില്ലെങ്കിൽ എന്ന ഊഹാധിഷ്ഠിതമായ (Hypotheical) നിലപാടിൽനിന്നും ഒന്നും വീക്ഷിക്കാൻസാധിക്കുകയില്ലെന്ന് മറ്റൊരു സ്നേഹിതൻ മറുപടിയുംപറഞ്ഞു. അങ്ങനെയാണെങ്കിൽ, നെപ്പോളിയൻ വാട്ടർലൂവിൽ പരാജിതനാകാതിരുന്നെങ്കിൽ, 1857-ലെ "ശിപായിലഹള"യിൽ നാനാസാഹിബും ബഹദൂർഷായും ഝാൻസിറാണിയും താന്തിയാതോപ്പിയും ബ്രിട്ടീഷുകാരെ തുരത്തിയിരുന്നെങ്കിൽ, 1917-നുമുമ്പു ലെനിൻ ഹൃദയസ്തംഭനംവന്നു മരിച്ചുപോയിരുന്നെങ്കിൽ, പണ്ഡിററ് നെഹ്റുവിൻെറ കൊറിയൻനിർദ്ദേശം ട്രൂമാൻ സ്വീകരിച്ചിരുന്നെങ്കിൽ, എന്നു തുടങ്ങിയ എണ്ണമവസാനിക്കാത്ത "എങ്കില്"കളുടെ സ്വൈരവിഹാരരംഗമാകുമായിരുന്നു മനുഷ്യൻെറ ഭാവന. പോരെങ്കിൽ, ഭൂതകാലത്തിൻെറ അസംഭാവ്യതകളെത്തു് അയവിറക്കാനുള്ള ഈ പ്രവണത യാഥാർത്ഥ്യങ്ങളെ ധീരമായി നേരിടാനുള്ള കരുത്തില്ലാത്ത ഭീരുക്കളുടെ ലക്ഷണവുമാണ്. അതുകൊണ്ട്, ഗാന്ധിജിജീവിച്ചിരുന്നുവെന്നും കാൽനൂറ്റാണ്ടിലധികകാലം ഇന്ത്യയിലെ സ്വാതന്ത്ര്യസമരത്തിൽ ഏർപ്പെട്ടുപോന്ന ഒരു സജീവശക്തിയായിരുന്നുവെന്നുമുള്ള യാഥാർത്ഥ്യത്തെ ആർക്കും വിസ്മരിക്കാൻ നിവൃത്തിയില്ല.

## ഗാന്ധി മരിച്ചിട്ടും—!

ഈ ശക്തിയുടെ സജീവത്വം ഇന്നും നിലനില്ക്കുന്നുവെന്നതിനു തെളിവാണല്ലോ, "മഹാത്മാഗാന്ധിയെ അനുകരിക്കുക, അദ്ദേഹത്തിൻെറ ഉപദേശങ്ങൾ സ്വീകരിക്കുക", എന്ന നിരന്തരമായ മുറവിളിതന്നെ. പ്രസിഡൻറ് ട്രൂമാൻമുതൽ പ്രധാനമന്ത്രിയുടെ ഡ്രൈവർവരെ ഇന്ന് ഈ ആഹ്വാനം പ്രതിധ്വനിപ്പിക്കുന്നുണ്ട്. ഗാന്ധിസ്മാരകങ്ങൾക്ക് വമ്പിച്ച സംഭാവനചെയ്ത് ആദായനികുതിയിൽനിന്നും രക്ഷപ്രാപിക്കാനൊരുമ്പെടുന്ന സേത് ഡാൽമിയ മുതൽ തെരുവുതെണ്ടുന്ന ഭിക്ഷക്കാർവരെ ഗാന്ധിയെ അനുകരിക്കാൻ ശ്രമിക്കുന്നു. ഇന്തോ-പാകിസ്ഥാൻ യുദ്ധത്തിന് രഹസ്യമായി വളംവയ്ക്കുന്ന രാഷ്ട്രപതി ടണ്ഡനും ഹിന്ദുമുസ്ലിംമൈത്രിയുടെ സന്ദേശവാഹകന്മാരായ പണ്ഡിററ് നെഹ്റു തുടങ്ങിയവരും ഉത്തമഗാന്ധിശിഷ്യന്മാരാണ്. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ ഗാന്ധിജിയുടെ ആഹ്വാനമനുസരിച്ച് പടക്കളത്തിലിറങ്ങിയ സന്നദ്ധഭടന്മാരുടെ തലതല്ലിത്തകർത്ത പോലീസുകാർമുഴുവൻ ഇന്ന് അദ്ദേഹത്തിൻെറ മുന്തിയ ആരാധകന്മാരായി മാറിക്കഴിഞ്ഞു. വമ്പിച്ച വ്യവസായശാലകൾ, ഫാക്ടറികൾ തുടങ്ങിയവ മാത്രമല്ല, ചെറുതരം ബീഡിക്കടകളും ചായക്കടകളും ഇന്ന് "ഗാന്ധിവിലാസം", ഗാന്ധിസ്മാരകം" തുടങ്ങിയ പേരുകളിൽ അറിയപ്പെട്ടുതുടങ്ങിയിരിക്കുന്നു. സാമൂഹ്യവിപ്ലവപ്രസ്ഥാനങ്ങളുടെ നാസികപങ്ക്തിയിൽനിന്നും "ആരോഗ്യപരമായ" കാരണങ്ങളാൽ തടിതപ്പി ഓടിയ അവസരസേവകന്മാർ ഗാന്ധിയുടെ ചിത്രം സർക്കാരിലേക്ക് സപ്ലൈചെയ്യുന്നതിൻെറ കൺട്രാക്ട് പിടിച്ചു മടിശ്ശീലവീർപ്പിച്ചുകൊണ്ടിരിക്കുന്നുണ്ട്. ഭരണകർത്താക്കളായ കാൺഗ്രസ്സ്നേതാക്കന്മാർ മാത്രമല്ല, ഇന്നത്തെ സമൂഹവ്യവസ്ഥിതിയെ പുതുക്കിപ്പണിയാൻ വെമ്പൽകൊണ്ട് നടക്കുന്ന സോഷ്യലിസ്റ്റ്നേതാക്കന്മാർവരെ 'ഗാന്ധിജി' എന്ന നാമോച്ചാരണത്തിൽ ഗദ്ഗദകണ്ഠരായിത്തീരുന്നു. "ആ മഹാൻെറ സന്തതികളെന്ന് അവകാശപ്പെടാൻ ഇന്ന് ഇന്ത്യാക്കാർക്ക് അർഹതയില്ല", എന്നു് ഈയിടെ മദ്രാസിൽവച്ചു ജയപ്രകാശും അശോകമേത്തയും വിലപിച്ചതു് നാം കേട്ടില്ലേ?

അപ്പോൾ ഒരു കൂട്ടർ ഗാന്ധിജിയുടെ വ്യക്തിമാഹാത്മ്യത്തിൽ ആത്മാർത്ഥമായ വിശ്വാസത്തോടുകൂടി അദ്ദേഹത്തിൻെറ ദേഹവിയോഗത്തിൽ യഥാർത്ഥത്തിൽ സന്തപ്തരായിക്കഴിയുന്നുണ്ട്. മറ്റൊരു കൂട്ടർ, ഇന്ത്യൻജനതയുടെമേൽ ഗാന്ധിജിക്കുള്ള സ്വാധീനശക്തിയെ ചൂഷണംചെയ്ത് സ്വന്തംതാല്പര്യങ്ങളെ പരിരക്ഷിക്കാൻ ഉദ്യമിക്കുന്നു. ഇന്ത്യയിലെ നിക്ഷിപ്തതാല്പര്യക്കാർ, ഇന്ത്യൻഭരണയന്ത്രം തിരിക്കുന്ന ബൂർഷ്വാസി, ഗാന്ധിപൂജകൊണ്ടു തങ്ങളുടെ സ്വകാര്യതാല്പര്യങ്ങൾക്കുമുകളിൽ ആകർഷകമായ ഒരു നേർത്ത യവനികയാണിന്ന് നെയ്തിട്ടിരിക്കുന്നതു്. ആത്മാർത്ഥവും കൃത്രിമവുമായ ഈ രണ്ട് ആരാധനാപദ്ധതികൾക്ക് നടുവിൽ എവിടെയാണ് വിഭജനരേഖ വരയ്ക്കേണ്ടതെന്ന് നാം ആലോചിക്കേണ്ടതില്ല. 'സ്വതന്ത്ര'മായിത്തീർന്ന നമ്മുടെ രാഷ്ട്രത്തെ ഈ പൂജ എവിടെ എത്തിച്ചുവെന്നുമാത്രം ആലോചിച്ചാൽ മതി.

## ഗാന്ധിസം എന്നാലെന്തു്?

ഗാന്ധിജി മരിക്കുന്നതിനു വളരെമുമ്പുതന്നെ ഉപയോഗത്തിൽവന്ന ഒരു പദമാണ് ഗാന്ധിസം. ഓരോരോ തത്വസംഹിതയുടേയും പ്രവാചകന്മാരുടെ പേരിനോടു ഘടിപ്പിച്ചിട്ടുള്ള ചിന്താസരണികളെയും പ്രയോഗപദ്ധതിയേയും കുറിക്കാനുള്ള പദമാണല്ലോ "ഇസം" കൺഫ്യൂഷനിസം, മാർക്സിസം, ലെനിനിസം, എന്നെല്ലാം പറയാറുള്ളതുപോലെ "മഹാന്മാർ" മാത്രമല്ല ഇസങ്ങൾ സൃഷ്ടിച്ചിട്ടുള്ളതെന്നതിന് മെഖ്യാവല്ലിസം, ചർച്ചിലിസം, ഹിററ്ലറിസം മുതലായ പ്രസ്ഥാനങ്ങൾ ദൃഷ്ടാന്തങ്ങളാണ്. ഏതായാലും ഗാന്ധിസത്തോടുള്ള നമ്മുടെ സമീപനം താഴെപ്പറയുന്ന വിശാലമായ ചില വകുപ്പുകളിൽ ഉൾപ്പെടുത്താമെന്നു തോന്നുന്നു:—

(1) യന്ത്രത്തോടുള്ള എതിർപ്പ്.

(2) മുതലാളിത്തത്തോടുള്ള മനോഭാവം—ന്യാസവാദം (Principle of Trusteeship)

(3) അഹിംസാത്മകമായ ഒരു സമൂഹഘടനയിൽ അധിഷ്ഠിതമായ സാമ്പത്തികബന്ധങ്ങൾ.

ഗാന്ധിജിയുടെ തത്വമീമാംസകൾ ഒട്ടുമിക്കവാറും ഈ തലക്കെട്ടുകളിൽ ഒന്നിലല്ലെങ്കിൽ മറ്റൊന്നിൽ ഉൾപ്പെടുത്താൻ കഴിയും.

## ഗാന്ധിസവും യന്ത്രവും

ശാസ്ത്രീയമായ യാതൊരു ചിന്താസരണിക്കും സമീപനം സാധിക്കാത്ത മതാന്ധജടിലമായ ഒരു എതിർമനോഭാവമാണ് ഗാന്ധിജിക്ക് യന്ത്രത്തോടുണ്ടായിരുന്നതു്. താഴെപ്പറയുന്ന ഉദ്ധരണങ്ങൾ നോക്കുക:—

> ഗാന്ധിജിയുടെ ജീവിതകാലത്തുതന്നെ വേണ്ടത്ര മൂർച്ചയില്ലാതെ അഹിംസയുടെ ഉറയിൽ, അക്രമരാഹിത്യത്തിൻെറ ഇരുമ്പുപെട്ടിയിൽ ഭദ്രമായി പൂട്ടിവച്ചിരുന്ന ഗാന്ധിസമെന്ന ആ ഖഡ്ഗം ഇന്ന് തുരുമ്പുപിടിച്ച്, വായ്ത്തല മടങ്ങി പുരാണഗവേഷകന്മാർക്കുമാത്രം താല്പര്യമുള്ള ഒരു പുരാതനവസ്തുവായിത്തീർന്നിട്ടുണ്ട്—നാം എല്ലാവരുംകൂടി ഒരുമിച്ച് വിലപിക്കുകയോ പുകഴ്ത്തുകയോ ചെയ്തതുകൊണ്ട് അതു് ഇനി ഉപയോഗയോഗ്യമായിത്തീരാൻപോകുന്നില്ല എന്നതാണ് പരമാർത്ഥം.

ചെങ്ങാരപ്പള്ളി നാരായണൻപോററി എം. ഏ.

"കോടിക്കണക്കിന് ആളുകൾ ജോലിയില്ലാതെയിരിക്കുന്ന ഒരു രാജ്യത്തു് മനുഷ്യദേഹത്തിൽനിന്നല്ലാതെവരുന്ന ഏതെങ്കിലും ഒരു ശക്തി ഉപയോഗിക്കുന്നതു് തൊഴിലില്ലായ്മയെ വർദ്ധിപ്പിക്കലായിരിക്കും"—

ഹരിജനബന്ധു (29-10-1933)

"ഇന്ത്യയിലെ ഏഴുലക്ഷത്തോളം ഗ്രാമങ്ങളിൽ ചിന്നിച്ചിതറിക്കിടക്കുന്ന സജീവമായ യന്ത്രങ്ങൾക്കുപകരം നിർജ്ജീവമായ യന്ത്രങ്ങൾ നാം ഒരിക്കലും പ്രതിഷ്ഠിക്കരുതു്. മനുഷ്യൻെറ പണിയെ സഹായിക്കുകയോ ലഘൂകരിക്കുകയോ ചെയ്യുകയാണെങ്കിൽ യന്ത്രങ്ങൾ നല്ലതുതന്നെ. ഇന്ന് അതു ചുരുക്കം ചിലരുടെ കീശയിൽ സമ്പത്തു കുമിക്കാനുള്ള ഒരു ഉപകരണമാണ്. യന്ത്രം ഇന്ന് കോടിക്കണക്കിനുള്ള ആളുകളുടെ അപ്പം തട്ടിപ്പറിക്കുന്നു. ആ പാവങ്ങളെ ആരാണ് ശ്രദ്ധിക്കുന്നതു്?"— ഹരിജനബന്ധു (15-9-35)

വ്യാവസായികസംസ്കാരവും യാന്ത്രികസംസ്കാരവും ഇന്ത്യയിൽ പ്രവേശിക്കുന്നതിനെ തടയാൻ ഗാന്ധിജി സൃഷ്ടിച്ച ചക്ക് ഇന്നെവിടെ? സയൻസ് ആവിഷ്കരിക്കുന്ന പുതിയ പ്രകാശത്തെ തടുക്കാൻ ഈ മരച്ചക്രങ്ങൾക്ക് കഴിയുന്നില്ല എന്നുള്ളതു് ഗാന്ധിശിഷ്യന്മാരായ മന്ത്രിമാർതന്നെ കണ്ടുതുടങ്ങിയിരിക്കുന്നു. ഖാദിവ്യവസായത്തെ ഗവണ്മെൻറിൻെറ നിലയിൽ പ്രോത്സാഹിപ്പിക്കാനും ഉയർത്താനും പ്രതിവർഷം 12 ലക്ഷംരൂപ ചിലവാക്കിക്കൊണ്ടിരുന്ന ഉത്തരപ്രദേശത്ത (U. P.) പന്തിൻെറ സർക്കാർ ഔദ്യോഗികാവശ്യത്തിന് ഇനി ഖാദിവാങ്ങേണ്ടതില്ലെന്ന് തീരുമാനിച്ചതു് ഈ കഴിഞ്ഞ ജൂലൈമാസത്തിലാണ്. ഗാന്ധിജിയുടെ ഉത്തമ ശിഷ്യനല്ലാത്തതുകൊണ്ടാണോ പന്ത് ഈ "കടുംകൈ" പ്രവർത്തിച്ചതു്? വളർന്നുവരുന്ന സാമൂഹ്യയാഥാർത്ഥ്യങ്ങളെ നേരിടാൻ മതത്തിലും ധർമ്മത്തിലും അന്ധമായി അടിയുറച്ച വിശ്വാസം പ്രതിബന്ധമാകരുതെന്ന് ചിലരെങ്കിലും മനസ്സിലാക്കിത്തുടങ്ങിയിരിക്കുന്നെന്നേ ഇതിനർത്ഥമുള്ളൂ. യന്ത്രത്തിന് യാതൊരുതകരാറുമില്ലെന്നും, യന്ത്രത്തെ ഇന്ന് നിയന്ത്രിക്കുന്ന മുതലാളിത്തവ്യവസ്ഥിതിയാണ് കുഴപ്പക്കാരനെന്നും ഇന്നത്തെതന്നെ മനസ്സിലാക്കാൻ ഗാന്ധിസം കൂട്ടാക്കിയില്ല. അഥവാ, കൂട്ടാക്കിയെങ്കിൽതന്നെ, "സഹോദരികളെ, സഹോദരന്മാരെ, നിങ്ങളോരോരുത്തരും നന്നാവുക, സത്യംപറയുക, അക്രമരാഹിത്യവും അഹിംസയും അനുഷ്ഠിക്കുക," എന്ന് ജനങ്ങളെ ഉപദേശിച്ചു, ഉപദേശിക്കുന്ന, ഗാന്ധിജിയും ശിഷ്യന്മാരും, ഉല്പാദനോപകരണങ്ങളുടെ ഉടമാവകാശത്തിലധിഷ്ഠിതമായ സാമൂഹ്യബന്ധങ്ങളെ ശാസ്ത്രീയമായി പരിശോധിച്ചില്ല എന്നതു് ഒരു യാഥാർത്ഥ്യമായിത്തന്നെ അവശേഷിക്കുന്നു! ഒരു യാഥാസ്ഥിതികഹിന്ദുവിന് അധർമ്മത്തിൽ അടിയുറച്ച പാശ്ചാത്യഭൗതികപരിഷ്കാരത്തോട് തോന്നിയ നൈസർഗ്ഗികമായ അമർഷമെന്നുമാത്രമാണ് പ്രകടമായ ഈ യന്ത്രവിരോധപ്രസ്ഥാനത്തിൽ ഉടനീളം ഓളം തല്ലുന്നതു്.

## ഗാന്ധിജിയും ഇന്ത്യൻമുതലാളിമാരും

സമൂഹവികസനത്തിൻെറ ചരിത്രത്തെ ശാസ്ത്രീയമായി മനസ്സിലാക്കാൻ ഗാന്ധിസം യാതൊരു യത്നവും നടത്തിയിട്ടില്ലെന്നാണ് അദ്ദേഹത്തിൻെറ ട്രസ്റ്റീഷിപ്പ് സിദ്ധാന്തം—"ന്യാസവാദ"മെന്ന് ഇതിന് ഒരു പരിഭാഷകേട്ടിട്ടുണ്ട്—തെളിയിക്കുന്നതു്. അടിമത്തയുഗം മുതൽ ലോകം രണ്ടു വർഗ്ഗങ്ങളായി ചേരി തിരിഞ്ഞിരിക്കുകയാണെന്നും, അന്നുമുതൽ ഇന്നുവരെ വർഗ്ഗസമരം അനുസ്യൂതമായി നടന്നുവരുന്നുണ്ടെന്നും, ഒരുവർഗ്ഗത്തിൻെറമേൽ മറ്റൊരുവർഗ്ഗം ആധിപത്യംചെലുത്താൻശ്രമിക്കുമ്പോഴാണ് രാഷ്ട്രം (അതായതു്, ഭരണകൂടം) ഉടലെടുക്കുന്നതെന്നും ഉള്ള ശാസ്ത്രീയമായ സിദ്ധാന്തങ്ങൾ ഗാന്ധിസത്തിൻെറ കരിങ്കൽക്കോട്ടകൾക്കുള്ളിൽ പ്രകാശം പരത്തിയിരുന്നതേയില്ല. കുറേ കുബേരന്മാരും അതിലധികം ദരിദ്രരും ഈ ലോകത്തിലുണ്ട് എന്ന് ഗാന്ധിസം സമ്മതിക്കുന്നു. ഈ ദരിദ്രന്മാരുടെ പട്ടിണിതുടങ്ങിയ അവശതകൾ അവസാനിക്കാൻ കുബേരന്മാർക്ക് 'മാനസാന്തരം' ഉണ്ടാവുകയാണു വേണ്ടതു്. ദരിദ്രന്മാരുടെ സമ്പത്തു് ധനികന്മാർ സൂക്ഷിക്കുന്നതു് അവരുടെ ജാമ്യക്കാർ, (ട്രസ്റ്റികൾ) എന്ന നിലയിലാണെന്ന് പറഞ്ഞു് ബോദ്ധ്യപ്പെടുത്തി, ധനികന്മാരെ 'മാനസാന്തര'പ്പെടുത്തേണ്ടിയിരിക്കുന്നു. ക്ലാസ്സുകളിൽ സൽസ്വഭാവത്തിനുള്ള സമ്മാനം (Good conduct prize) വാങ്ങിയ യോഗ്യന്മാരായ കുറേ ആളുകൾ വർണ്ണാശ്രമധർമ്മങ്ങളനുസരിച്ചു് ജീവിച്ചു് ഗീതയും രാമായണവും പാരായണംചെയ്ത് വളർന്നുവന്ന് ഭരണാധികാരികളായിത്തീരുമ്പോൾ കുബേരകുചേലഭേദം അപ്രത്യക്ഷമായി, ഇന്നത്തെ സാമൂഹ്യപ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടുകൊള്ളും. പട്ടിണി, രോഗം തുടങ്ങിയ സാധാരണ പ്രശ്നങ്ങളിൽനിന്നും പാവപ്പെട്ടവർക്ക് രക്ഷകിട്ടാൻ ദീനാനുകമ്പയായ ജഗദീശ്വരൻ ധനികന്മാരെ ധാരാളം നെല്ലും പണവും ഏല്പിച്ചു. അതു് കൂടെക്കൂടെ ചോദിച്ച് പാവങ്ങൾ അവരുടെ യജമാനന്മാരെ ശല്യപ്പെടുത്തരുതു്. ഒരവകാശമെന്നനിലയിൽ പട്ടിണിക്കാർ അതു് പിടിച്ചുപറയ്ക്കുന്ന കാര്യം അവിടെ നില്ക്കട്ടെ. കൂലികൊടുക്കാത്ത, ആദായനികുതി അടയ്ക്കാത്ത, പാവപ്പെട്ടവനെ ചൂഷണം ചെയ്യുന്ന, മുതലാളിയോട്, "പ്രിയസ്നേഹിതാ, അങ്ങനെയൊന്നും ചെയ്യരുതു്, അതു് പാപമാണ്, ഈശ്വരന് നിരക്കാത്ത ഈ മാതിരിപ്രവൃത്തികൾ ചെയ്താൽ, നിങ്ങൾ മരിക്കുമ്പോൾ കുംഭീപാകനരകത്തിൽ പോകേണ്ടിവരും," എന്നാണ് ഗാന്ധിസം ഉപദേശിക്കുന്നതു്. യംഗ്ഇന്ത്യ (Young India)യിൽനിന്നുമുള്ള താഴെപ്പറയുന്ന പ്രശ്നോത്തരങ്ങൾ നോക്കുക:—

ചോദ്യം—അങ്ങു് എങ്ങനെയാണ് ട്രസ്റ്റീഷിപ്പ് പ്രയോഗത്തിൽവരുത്തുന്നതു്? പ്രേരണകൊണ്ടാണോ?

ഉത്തരം—വാക്കുകൾകൊണ്ടുള്ള പ്രേരണമാത്രമായിരിക്കുകയില്ല. ഞാൻ മാർഗ്ഗങ്ങളിൽ (means) കൂടുതൽ ശ്രദ്ധിക്കും. എൻെറ മാർഗ്ഗം നിസ്സഹകരണമാണ്. കുറേ ആളുകളും അവരുടെ സ്വതന്ത്രമോ നിർബ്ബന്ധിതമോ ആയ സഹകരണവും ഇല്ലാതെ ആർക്കും ധനം സമ്പാദിക്കാൻ സാധിക്കുകയില്ല......ഏറാവും കുറഞ്ഞ അക്രമംപ്രയോഗിച്ചു് സ്റ്റേററ്തന്നെ ധനികൻെറ ട്രസ്റ്റ്സാധനങ്ങൾ എടുക്കുന്നതിലും വലിയ തെറ്റില്ല. പക്ഷേ, സ്റ്റേററിനോട് അഭിപ്രായവ്യത്യാസമുള്ളവരുടെ നേർക്ക് സ്റ്റേററ് കൂടുതൽ അക്രമം കാണിക്കയില്ല എന്നാണ് എൻെറ ഭയം......ഈ ധനികന്മാർ ട്രസ്റ്റികളെപ്പോലെ പെരുമാറിയാൽ എനിക്കു സന്തോഷമുണ്ട്......എൻെറ അഭിപ്രായത്തിൽ, സ്വകാര്യസ്വത്തുടമകളുടെ അക്രമപ്രയോഗമാണ് സ്റ്റേററിൻേറതിനേക്കാൾ അപകടം കുറഞ്ഞതു്" (Studies in Gandhism by N. K. Bose)

## അഹിംസയും അക്രമരാഹിത്യവും

ഈ പദങ്ങൾ പ്രതിനിധാനം ചെയ്യുന്ന ആശയങ്ങൾക്കും ബോധങ്ങൾക്കും, മറെല്ലാററിനുമെന്നപോലെ, ആപേക്ഷികമൂല്യങ്ങളേ ഉള്ളൂ എന്ന കാര്യം ഗാന്ധിസം കാണുന്നില്ല. ഗവണ്മെൻറിൽനിന്നും വില നിയന്ത്രിച്ചിട്ടുള്ള അത്യാവശ്യസാധനങ്ങളുടെ വിലപോലും ക്ലിപ്തമല്ലാതെ, ആവശ്യത്തെ അപേക്ഷിച്ച്, ഇന്ന് കൂടിയും കുറഞ്ഞും കിടക്കുകയാണ്. പിന്നെയാണ്, നീളവും വീതിയും കനവും കൂടാതെ മനുഷ്യഭാവനയിൽമാത്രം വർത്തിക്കുന്ന ആശയങ്ങളും സങ്കല്പങ്ങളും! ഇന്നത്തെ സമൂഹഘടനയിലാണോ, അതോ, അതു നശിപ്പിച്ച് അതിൻെറ ചുടലച്ചാമ്പലിൽ മറ്റൊന്നു കെട്ടിപ്പടുത്തുയർത്താൻ സ്വീകരിക്കേണ്ട മാർഗ്ഗങ്ങളിലാണോ കൂടുതൽ അക്രമമെന്ന പ്രശ്നത്തിൽ നാം എത്തുമ്പോഴാണ് ഹിംസയേയും അഹിംസയേയും പററി നമ്മിൽ ഗാന്ധിസം ഉളവാക്കിയിട്ടുള്ള ബോധങ്ങളുടെ ചുവട് ഇളകിത്തുടങ്ങുന്നതു്. പട്ടിണികിടന്നും മർദ്ദനമനുഭവിച്ചും ആയിരമായിരം ആളുകൾ ആയുസ്സവസാനിക്കാതെ മരിച്ചുകൊണ്ടിരിക്കുന്ന ഒരു സമുദായത്തിലാണ് നാം ഇന്ന് ജീവിക്കുന്നതു്. ബംഗാളിലും ഗുജറാത്തിലും ലക്ഷക്കണക്കിനാളുകൾ മരിച്ചതിൻെറ ഓർമ്മ നമ്മുടെ മനസ്സിൽനിന്നും ഇന്നും മാഞ്ഞിട്ടില്ല. ഉത്സവാവസരങ്ങളിൽ അമ്പലങ്ങളിലും പള്ളികളിലും, എന്നും നഗരവീഥികളിലും നാട്ടിൻപുറങ്ങളിലും, അംഗഭംഗംവന്നവരും തീരാവ്യാധികൾ ബാധിച്ചവരുമായ അനേകം ആളുകൾ പിച്ചയാചിക്കുന്നതു് നാം കാണാറുണ്ട്. വ്യാവസായികനഗരങ്ങളിൽ തൊഴിലിൽനിന്നും പുറത്തെറിയപ്പെട്ട എത്രയോജനങ്ങളാണ് കാലക്ഷേപംചെയ്യാൻ മാർഗ്ഗമില്ലാതെ മോഷണം, വ്യഭിചാരംതുടങ്ങിയ സാമൂഹ്യവിരുദ്ധവ്യാപാരങ്ങളിൽ അഹോരാത്രം ഏർപ്പെട്ടിരിക്കുന്നതു്!

തുച്ഛമായ ഒരു ന്യൂനപക്ഷത്തിനല്ലാതെ ജീവിതസന്ധാരണോപായമില്ലാത്ത ഒരു വലിയ വിഭാഗം ജനത, ഏററവും അക്രമാസക്തമായ സമുദായനീതിയുടെ നിശിതദണ്ഡനങ്ങൾക്കു വിധേയരായി ഇന്നു കഴിഞ്ഞുകൂടുന്നു. മററു സകലമാർഗ്ഗങ്ങളും മുട്ടിയ ജനവിഭാഗം ഈ നില മാററാൻ ഒരല്പം അക്രമം ഉപയോഗിക്കാൻ പ്രേരിതരാവുകയാണെങ്കിൽ, ഗാന്ധിസം ഉടൻ അവിടെ ഓടിഎത്തി, 'സത്യം വദ, ധർമ്മം ചര,' എന്ന തണുത്ത ഉപദേശം വാരിവിതറുന്നതായി കാണാം. മുപ്പത്തിയഞ്ചുലക്ഷത്തിൽ പരം ആളുകൾ അവരുടെ യാതൊരു കുററവും കൊണ്ടല്ലാതെ 1943-ലെ ബംഗാൾക്ഷാമത്തിൻെറ ഫലമായി മരിച്ചുവീണപ്പോൾ, ഭക്ഷ്യസാധനം കണക്കില്ലാതെ കുന്നുകൂട്ടി കുമിച്ചുവച്ചിരുന്ന മുപ്പതോ മുന്നൂറോ ജന്മിമാരെ ബന്ധനത്തിലാക്കുകയോ തൂക്കിക്കൊല്ലുകയോതന്നെ ചെയ്തിരുന്നെങ്കിൽപോലും, അതു അക്രമമാകുമായിരുന്നോ, ഹിംസയാകുമായിരുന്നോ? അക്രമത്തെ എതിർക്കുന്ന, അക്രമത്തെ നശിപ്പിക്കുന്ന, ഒരു മാർഗ്ഗവും അക്രമമാവുകയില്ല, ഹിംസയാവുകയില്ല, ന്യായരഹിതമാവുകയില്ല.

കാലാകാലത്തിൽ മഴപെയ്യാത്തതും, ഈതിബാധകളുണ്ടാകുന്നതും, യുദ്ധം, ഭൂകമ്പം, കൃഷിനാശം മുതലായവ സംഭവിക്കുന്നതും മനുഷ്യപാപത്തിൻെറ ഫലമെന്നാണ് ഗാന്ധിസത്തിൻെറ തത്വശാസ്ത്രം. മതത്തിൻെറ കരിമ്പടക്കെട്ടിൽ കുരുങ്ങിക്കിടക്കുന്ന പഴഞ്ചൻ വേദസൂത്രങ്ങളും ഉപനിഷദ്വാക്യങ്ങളുമാണ് നൂറ്റാണ്ടുകളായി വർഗ്ഗസമരത്തിൻെറ രൂക്ഷസംഘട്ടനങ്ങളിൽകൂടി വളർച്ചപ്രാപിച്ചിട്ടുള്ള മാനവസമുദായത്തിൻെറ മതസാരങ്ങൾക്കു ഗാന്ധിസം സംഭാവനചെയ്യുന്നതു്! രാജധർമ്മത്തെപ്പററിയുള്ള ഭീഷ്മരുടെ ഉപദേശങ്ങളും ഗീതയിലെ കർമ്മയോഗവും ഈശാവാസ്യോപനിഷത്തും രാമരാജ്യത്തെപ്പററിയുള്ള ചില സാങ്കല്പികമാധുര്യങ്ങളും അരച്ചുകലക്കിക്കുടിച്ചു ശാസ്ത്രീയവും യുക്തിയുക്തവും ആയ ചിന്തയിൽനിന്നകന്ന്, വിശ്വാസത്തെമാത്രം ആധാരമാക്കി, ദ്രവിച്ചുതുടങ്ങിയ മതവികാരങ്ങളുടെ ക്ഷുദ്രമായ തിക്കുമുട്ടലുകളിൽ അടിഞ്ഞുതാണ ഈ ചിന്താസരണി, ഇന്നത്തെ കനത്ത യാഥാർത്ഥ്യങ്ങളുടെ മീതെ കറുത്ത ഒരു തിരശ്ശീല നെയ്തു മറയ്ക്കുന്ന കാര്യത്തിൽ കുറേയെല്ലാം വിജയം പ്രാപിച്ചിട്ടുണ്ട്. ആർഷഭാരതത്തിൻെറ പാരമ്പര്യത്തേയും സനാതനമതത്തിൻെറ പാവനത്വത്തേയും മററും പററി

(ശേഷം 14-ാം പേജിൽ)

Printed and published by N. Chandrasekharan Nair at the Sree Rama Vilas Press, Quilon